ജീവദീപ്തി

jeevadeepthi@gmail.com

May 2024 Book 05 Volume 14



കലാലയങ്ങൾ തുറക്കുമ്പോൾ...

St. Paul's College

NOBLY LIVED
Estd. 1965

NAAC ACCREDITED WITH 'A' GRADE

ISO 9001:2015
Certified by TÜVRheinland



About the College

St. Paul's College, affiliated to Mahatma Gandhi University and Regulated by UGC is a prestigious Arts and Science College which functions under the Archdiocese of Verapoly.



PROGRAMMES OFFERED

UG Programmes

- **Arts**
  - BA Economics
  - BA English (Model I) Self Financing
  - BA English (Model II)
- **Commerce**
  - BCom Computer Application
  - BCom Computer Application - Self Financing
  - BCom Cooperation
  - BCom Finance & Taxation
- **Management** - Self Financing
  - BBA
- **Science**
  - BSc Chemistry (Model II)
  - BSc Computer Science - Self Financing
  - BSc Mathematics
  - BSc Physics
- **Vocational** - Self Financing
  - BVoc Banking & Financial Services
  - BVoc Broadcasting & Journalism
  - BVoc Logistics Management
  - BVoc Tourism & Hospitality Management

Admission
Apply online
www.stpauls.ac.in

PG Programmes

- **Arts**
  - MA Economics
  - MA English - Self Financing
- **Commerce**
  - MCom Finance & Taxation
- **Science**
  - MSc Chemistry (Pure) Self Financing
  - MSc Mathematics
  - MSc Physics

A Help Desk will function throughout the admission process.

For admission enquiries :
+91 86063 33355

HMT Colony P. O., Kalamassery,
Ernakulam - 683503, Kerala, India
+91 484 2555572
office@stpauls.ac.in



ഫാ. ജെൻസൻ ലിവേര

മെയ് 1 : തൊഴിലാളിദിനം

മെയ് 1 : തൊഴിലാളിദിനം തൊഴിലാളികളുടെ കഠിനാധ്വാനവും നേട്ടങ്ങളും ആഘോഷിക്കുവാനും അംഗീകരിക്കുവാനും വീണ്ടും ഒരു തൊഴിലാളിദിനം എത്തിയിരിക്കുന്നു. വ്യവസായ വൽകരണത്തിന്റെ ഉയർച്ചയോടെയാണ് തൊഴിലാളിദിനത്തിന്റെ കഥ ആരംഭിക്കുന്നത്. തൊഴിലാളി വർഗ്ഗത്തെ ചൂഷണം ചെയ്യുന്ന വ്യവസായികൾ വളരെ ദുഷ്കരമായ സാഹചര്യങ്ങളിൽ 10-15 മണിക്കൂർ വരെ ജോലി ചെയ്യേണ്ടിവരുന്നു. ഈ അടിച്ചമർത്തലിനെതിരെ ഒറ്റക്കെട്ടായി നിൽക്കാനും ശബ്ദമുയർത്താനും തൊഴിലാളികൾ ധൈര്യം എടുത്തു. അങ്ങനെ ട്രേഡ് യൂണിയൻ രൂപീകരിക്കുകയും, തൊഴിലാളികൾ പണിമുടക്കുകയും റാലികളും പ്രതിഷേധ പ്രകടനങ്ങളും നടത്തുകയും ചെയ്തു. ഒടുവിൽ സർക്കാർ അവരുടെ അഭ്യർത്ഥന കേട്ട് ജോലി സമയം 8 മണിക്കൂറായി കുറച്ചു. ഇതിലൂടെ ഒരുപാട് നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു.

തൊഴിലാളികൾ സംഘടിതവും യോജിച്ചതുമായ രീതിയിൽ പ്രവർത്തിക്കുമ്പോൾ വളരെ ശക്തരാകുന്നു. തൊഴിലാളി ദിനം തൊഴിലാളികളെ ഒന്നിപ്പിക്കുവാനും ഐക്യത്തോടെ പ്രവർത്തിക്കുവാനും ഓർമ്മിപ്പിക്കുന്നു. തൊഴിലാളികൾ പലപ്പോഴും അവഗണിക്കപ്പെടുന്നതായി അനുഭവപ്പെട്ടേക്കാം. പ്രധാനമായും അവർ ഊർജ്ജസ്വലമായതോ അല്ലെങ്കിൽ വൈകാരികമായും ശാരീരികമായും ഭാരപ്പെടുത്തുന്ന ജോലികൾ ചെയ്യുമ്പോൾ. തൊഴിലാളികൾ വർഷം മുഴുവനും ചെയ്ത പ്രവർത്തനങ്ങളെ ബഹുമാനിക്കുന്ന ദിവസമാണ് തൊഴിലാളി ദിനം.

തൊഴിലാളി ദിനത്തിൽ അവരുടെ ആവശ്യങ്ങളിലും അവകാശങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ ദിനം പ്രചോദനമാകും. അവർ തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് പഠിക്കുകയും പ്രചാരണം നടത്തുകയും പ്രസ്ഥാനങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. അങ്ങനെ അവർക്കും കുടുംബത്തിനും ഒരു മെച്ചപ്പെട്ട ജീവിതം സുരക്ഷിതമാക്കാൻ കഴിയും.

ഭൂരിഭാഗം രാജ്യങ്ങളിലും മെയ് 1-ന് തൊഴിലാളിദിനം ആചരിക്കുന്നു. ഇതിനർത്ഥം ഈ ദിവസം ഇന്ത്യയിലെ തൊഴിലാളികളെ ഒരുമിപ്പിക്കുക മാത്രമല്ല ലോകമെമ്പാടുമുള്ള തൊഴിലാളികളെ ഒരുമിപ്പിക്കുകയും അവർക്ക് ഒരു പൊതുഅവബോധം നൽകുകയും ചെയ്യുക എന്നതാണ്. ലോകമെമ്പാടുമുള്ള തൊഴിലാളികൾക്ക് മെയ്ദിനം ഒരു ഉത്സവമാണ്. അവർക്ക് ആദരവും ആശംസയും നേരുന്നു.



ജീവദീപ്തി
JEEVADEEPTHI

May 2024 Vol 14 Book 05

രക്ഷാധികാരി
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

മാനേജിങ്ങ് എഡിറ്റർ
ഫാ. യേശുദാസ് പഴമ്പിള്ളി

പത്രാധിപർ
ഫാ. ജെൻസൺ ലിവേര

സഹപത്രാധിപർമാർ
ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

സർക്കുലേഷൻ മാനേജർ
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ
സി. ജെ ആന്റണി

രൂപകല്പന
റ്റാബി ജോർജ്ജ്

ടൈപ്പ് സെറ്റ്
ASL computers

ഓഫീസ് ഇൻചാർജ്ജ്
മാനുവൽ പൊടുത്തോർ

പത്രാധിപസമിതി
അഡ്വ. ഷെറി ജെ തോമസ്
ജൂലിയറ്റ് ഡാനിയേൽ
ജോർജ്ജ് പൊറ്റക്കുഴി
ജോബി തോമസ്സ്
മാനിഷാദ് മട്ടയ്ക്കൽ
സിബി ജോയ്
ബിജോയ് ജോസഫ്

ഓഫീസ്

90720 26577
jeevadeepthi@gmail.com

04






01

മെയ് 1 : തൊഴിലാളിദിനം

തൊഴിലാളികളുടെ കഠിനാധ്വാനവും നേട്ടങ്ങളും ആഘോഷിക്കുവാനും അംഗീകരിക്കുവാനും വീണ്ടും ഒരു തൊഴിലാളിദിനം എത്തിയിരിക്കുന്നു.



‘കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ’

“കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ. അവരെ തടയരുത്. എന്തെന്നാൽ സ്വർഗ്ഗരാജ്യം



06

സ്ഥൈര്യലേപനം എന്ന കൂദാശ വി. ഗ്രന്ഥത്തിൽ

കത്തോലിക്കാ സഭയുടെ പ്രധാനപ്പെട്ട പ്രവേശക കൂദാശകളിലൊന്നാണ്





4 വർഷ UG പ്രോഗ്രാം

2024-25 അക്കാദമിക് വർഷംമുതൽ കേരളത്തിലുള്ള എല്ലാ യൂണിവേഴ്സിറ്റികളിലും കോളേജുകളിലും ഇനി മുതൽ 4 വർഷ ഡിഗ്രി

08

ദേവാലയം ഈ സത്കലാലയം.....11
ആൽബർട്ട്സ് ഓട്ടോണമസ് കോളേജ് 12
കേറി വാ മക്കളെ 14
AISAT 17
സെന്റ് പോൾസ് കോളേജ് 19
സ്വർഗാരോഹണം.....21
എല്ലാ അമ്മമാർക്കും.....24
ദൈവത്തിനുവേണ്ടി.....27
ചെറുപ്പക്കാരിലെ ഹൃദയാഘാതം.....28
ഉയരം കൂടുമ്പോൾ.....30
വിശ്വാസ വഴിയിലൂടെ.....33
ന്യൂസ്.....35
ബൈബിൾ വിചിന്തനം.....39

'കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ'



ഡോ. സിജൻ മണുവേലിപ്പറമ്പിൽ

"കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ. അവരെ തടയരുത്. എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരെപ്പോലെയുള്ളവരുടേതാണ്" (മത്താ 19:14). യേശുവിന്റെ ഈ പ്രബോധനത്തെ യേശുവിന്റെ കാലം മുതൽ ഇന്നുവരെ തിരുസഭ വളരെയേറെ ഗൗരവത്തോടെയാണ് ശിരസ്സാ വഹിക്കുന്നത്. ആയതിനാൽതന്നെ കുഞ്ഞുങ്ങൾക്കായുള്ള ആത്മീയ ജീവിതം പരിപോഷിപ്പിക്കുന്നതിൽ സഭ ദത്തശ്രദ്ധയാണ്. സഭയുടെ മതബോധന ഗ്രന്ഥം ഇപ്രകാരമാണ് ഓർമ്മപ്പെടുത്തുക (2199) നാലാമത്തെ കല്പന കുഞ്ഞുങ്ങളെ സംബോധന ചെയ്യുന്നതുപോലെ സഭയുടെ ആത്മീയ യാത്രയിൽ സഭ കുഞ്ഞുങ്ങളെ സംബോധന ചെയ്യേണ്ടതുമാണ്. സഭ തന്റെ ആരാധനക്രമത്തിലും അനുദിന ജീവിതത്തിലും കുഞ്ഞുങ്ങളുടെ സ്ഥാനം നഷ്ടപ്പെടാതെ സൂക്ഷിക്കുകയും മുന്നോട്ടുള്ള യാത്രയിൽ കുഞ്ഞുങ്ങൾക്കായി കൂടുതൽ സ്ഥലങ്ങൾ കണ്ടെത്താൻ പരിശ്രമിക്കുകയും ചെയ്യുന്നവളാണ്.

പാപ്പായെ സ്വാധീനിച്ച പെൺകുട്ടി

കുഞ്ഞുങ്ങൾക്കായുള്ള സഭയുടെ അജപാലന ജീവിതത്തിൽ ഒത്തിരിയേറെ വിസ്മയം ഉണ്ടാക്കിയ ഒന്നായിരുന്നു പീയൂസ് പത്താമൻ പാപ്പ 1910 ഓഗസ്റ്റ് 8-ാം തീയതി പുറപ്പെടുവിച്ച 'Quam Singular" എന്ന അപ്പസ്തോലിക പ്രബോധനം. 1215-ൽ നാലാം ലാറ്ററൻ കൗൺസിലും (കാനൻ 21) 1563 ജൂലൈ മാസം 16-ാം തീയതി ട്രെന്റ് കൗൺസിലും (സെക്ഷൻ 21) ദിവ്യകാരുണ്യ സ്വീകരണത്തിന് ഉപാധിയായി മുന്നോട്ടുവച്ച വിവേചനപ്രായം കൃത്യമായി നിർവ്വചിച്ചു എന്നതായിരുന്നു വി. പത്താം പീയൂസിന്റെ കല്പനയുടെ മഹത്വം. അപ്രകാരം ആദ്യകുർബ്ബാന സ്വീകരണത്തിന്റെ പ്രായം 7 മുതൽ 10 വരെയായി തിരുസഭ നിശ്ചയിച്ചു. കുഞ്ഞുങ്ങൾക്ക് വളർച്ചയുടെ പ്രാരംഭത്തിൽ തന്നെ ദിവ്യകാരുണ്യ ഈശോയുടെ അനുഭവം നല്കണമെന്ന് കല്പന പുറപ്പെടുവിക്കാൻ പത്താം പീയൂസ് പാപ്പയെ പ്രചോദിപ്പിച്ചത് ഒരു കുഞ്ഞുമാലാഖയായിരുന്നു. പരിശുദ്ധനായ ദൈവത്തിന്റെ കുഞ്ഞു നെല്ലി (Little Nellie of Holy God) എന്നറിയപ്പെടുന്ന അയർലണ്ടിൽ നിന്നുള്ള ഏലൻ ഓർഗാൻ (Ellen Organ) 1930 ഓഗസ്റ്റ് 24 ന് ജനിച്ച് നാലാമത്തെ വയസ്സിൽ 1908 ഫെബ്രുവരി 2-ന് മരിച്ച നെല്ലിയുടെ ദിവ്യകാരുണ്യത്തോടുള്ള ഭക്തിയും തീക്ഷ്ണതയും അവൾക്ക് ദിവ്യകാരുണ്യം നല്കാൻ അന്നത്തെ ബിഷപ്പിനെ നിർബന്ധിതനാക്കി. നെല്ലിയുടെ മരണശേഷം ദിവ്യകാരുണ്യം സ്വീകരിക്കാനുള്ള അവളുടെ ഭാഗ്യവും ഈശോയോട് അവൾക്കുണ്ടായിരുന്ന സ്നേഹബന്ധവും പാപ്പായുടെ ചെവിയിലെത്തി. അങ്ങനെ ഈശോയുമായിട്ടുള്ള ബന്ധത്തിൽനിന്ന് കുഞ്ഞുങ്ങൾ അകലാതെ, ഈശോയെ മുറുകെ പിടിക്കാൻ പാകത്തിൽ ആത്മീയ ഒരുക്കവും ദിവ്യകാരുണ്യവും ചെറുപ്രായത്തിൽതന്നെ നല്കപ്പെടണം എന്ന കല്പനയിലേക്ക് "ദിവ്യകാരുണ്യത്തിന്റെ പാപ്പ" എത്തിച്ചേർന്നു.

ദിവ്യകാരുണ്യ ഫലങ്ങൾ-മൂന്ന്

കുഞ്ഞുങ്ങൾക്കായുള്ള ആത്മീയ പാലനത്തിന്റെ ഉന്നതമായ അവസ്ഥയാണ് ഈശോയുമായിട്ടുള്ള അവരുടെ ആദ്യത്തെ കണ്ടുമുട്ടൽ. ആയതിനാൽ തന്നെ തിരുസഭ വളരെയേറെ ഗൗരവത്തോടെ പഠിപ്പിക്കുന്നു; ദിവ്യകാരുണ്യം യേശുവിനോട് ഒന്നാക്കുന്നു (മതബോധനഗ്രന്ഥം-ccc-1391). പാപത്തിൽനിന്ന് അകറ്റുന്നു (ccc-1393); യേശുവിന്റെ ശരീരമാകുന്ന സഭയോട് ഒന്നാക്കുന്നു (ररर 1396) ആയതിനാൽ കുഞ്ഞുങ്ങളെ ആദ്യകുർബാന സ്വീകരണത്തിനായി ഒരുക്കുന്നവർ സഭ കാണിച്ചുതരുന്ന ഈ മൂന്ന് ലക്ഷ്യത്തിലേക്കായി കുഞ്ഞുങ്ങളെ ഒരുക്കേണ്ടതാണ്.

ജ്വലിക്കുന്ന ഹൃദയം, തുറക്കപ്പെട്ട കണ്ണുകൾ

ദിവ്യകാരുണ്യ സ്വീകരണത്തിന്റെ പ്രഥമ ഫലം യേശുവിനോടൊത്തുള്ള വാസമാണ്. യേശുവിനോടൊത്ത് വസിക്കാൻ നമ്മെ സഹായിക്കുന്ന ഏറ്റവും എളുപ്പകാര്യങ്ങളാണ് വിശുദ്ധ കുർബാനയും വിശുദ്ധ ബൈബിളും എന്ന് കുഞ്ഞുങ്ങൾ തിരിച്ചറിയട്ടെ. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർ യേശുവിനോട് അപേക്ഷിച്ചു. 'നാഥാ ഞങ്ങളോടൊത്ത് വസിച്ചാലും' വചനത്താൽ ജ്വലിക്കപ്പെട്ട



ഹൃദയവും അപ്പംമുറിക്കൽ വഴിയായി തുറക്കപ്പെട്ട കണ്ണുകളും പുതിയ ഈശോ അനുഭവത്തിലേക്ക് ശിഷ്യരെ നയിച്ചതുപോലെ വി. കുർബാനയും വിശുദ്ധ ബൈബിളും ആദ്യകുർബാന സ്വീകരണ ഒരുക്ക ക്ലാസ്സുകളിൽ ഹരമായി അവർക്ക് അനുഭവപ്പെട്ടു.അവർ മറ്റൊരു വഴിയേ തിരിച്ചു പോയി

ജ്ഞാനികളെപ്പറ്റി (മത്തായി 2,12) എഴുതപ്പെട്ട ഈ വചനം ആദ്യകുർബാന സ്വീകരണം നടത്തിയ കുഞ്ഞുങ്ങളിൽ അന്വർത്ഥമാക്കണം എന്നതാണ് തിരുസഭാമാതാവിന്റെ മറ്റൊരു അഭിലാഷം. വി. അംബ്രോസ് ഇപ്രകാരമാണ് പഠിപ്പിക്കുക: "കർത്താവിന്റെ ശരീരവും രക്തവും ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യുന്ന നമ്മൾ "കർത്താവിന്റെ മരണം പ്രഖ്യാപിക്കുന്നു; നമ്മുടെ പാപമോചനവും പ്രഖ്യാപിക്കുന്നു" ആയതിനാൽ പാപം മോചിക്കപ്പെടുന്നവന്റെ ശുദ്ധീകരിക്കപ്പെടുന്നവന്റെ വഴികൾ തീർത്തും വ്യത്യസ്തമാണ്. ആദ്യകുർബാന സ്വീകരണം നടത്തുന്ന മക്കൾ ദിവ്യകാരുണ്യ ഫലമായി നടക്കേണ്ട നന്മയുടെ വഴികൾ പരിശീലിപ്പിക്കപ്പെടേണ്ടതാണ്.

യേശു സംസാരവിഷയമാവട്ടെ

കുടുംബത്തിൽ മാതാപിതാക്കന്മാരുടെ ദൗത്യത്തെക്കുറിച്ച് സഭ ഒത്തിരിയേറെ ബോധവതിയാണ് (ccc-- 2221-2223). സഭയുടെ പ്രബോധനത്തോടൊപ്പം ആദ്യ കുർബ്ബാന സ്വീകരണം നടത്തുന്ന കുഞ്ഞുങ്ങളെ മാതാപിതാക്കന്മാർക്ക് ഏക ദൗത്യമേയുള്ളൂ. ഒരുക്കത്തിന്റെ കാലഘട്ടത്തിലും ദിവ്യകാരുണ്യ സ്വീകരണ ശേഷവും യേശു ഒരു സംസാരവിഷയമാവട്ട; തിരുവോസ്തിയിൽ യേശുവിന്റെ സാന്നിദ്ധ്യം, പാപങ്ങളുടെ ഏറ്റുപറച്ചിൽ, യേശുവിന്റെ പാപമോചനം, വിശ്വാസത്തോടെയുള്ള ദിവ്യകാരുണ്യ സ്വീകരണം ഇവയൊക്കെ ഭവനത്തിൽ സംസാരവിഷയമാവണം. മാലാഖമാരുടെ അവസ്ഥയിലേക്ക്, പാപമോചനം പ്രാപിച്ച്, രക്ഷകനായ ഈശോയെ സ്വീകരിച്ച് മാലാഖമാരുടെ ജീവിതാവസ്ഥയിലേക്ക് ഉയർത്തപ്പെടുന്ന കുഞ്ഞുങ്ങളെ മാതാപിതാക്കൾ സ്വീകരിക്കേണ്ടത് വിറയ്ക്കുന്ന കരങ്ങളോടുകൂടെ തന്നെയാണ്.

കുഞ്ഞുങ്ങൾക്ക് ദിവ്യകാരുണ്യം കൊടുക്കുവാൻ കല്പന പുറപ്പെടുവിക്കുമ്പോൾ വിശുദ്ധ പത്താം പീയൂസ് പത്താമൻ കണ്ട സ്വപ്നങ്ങളുണ്ട്:

*** കുഞ്ഞുങ്ങളിലുള്ള ജ്ഞാനസ്നാന പ്രസാദവരത്തെ ജ്വലിപ്പിക്കുക.**

*** ചെറുപ്രായത്തിൽതന്നെ രക്ഷകനായ യേശുവുമായി അവരുടെ ജീവിതത്തെ കൂട്ടിച്ചേർക്കുക.**

*** സഭയുടെ കൂട്ടായ്മയിൽ കുഞ്ഞുങ്ങളെയും പങ്കുചേർക്കുക.**

ദിവ്യകാരുണ്യത്തിന്റെ പാപ്പായുടെ ഈ സ്വപ്നസാക്ഷാത്കാരം നമ്മുടെ കുഞ്ഞുങ്ങളിലൂടെ നിറവേറപ്പെടട്ടെ.

സ്ഥൈര്യലേപനം എന്ന കൂദാശ വി. ഗ്രന്ഥത്തിൽ



ഡോ. ജോബ് വാഴക്കൂട്ടത്തിൽ

കത്തോലിക്കാ സഭയുടെ പ്രധാനപ്പെട്ട പ്രവേശക കൂദാശകളിലൊന്നാണ് (Sacrament of Initiation) സ്ഥൈര്യലേപനം. സ്ഥൈര്യലേപന കൂദാശാ കർമ്മത്തിൽ പങ്കെടുത്തിട്ടുള്ളവരാണ് നാമെല്ലാവരും. സ്ഥൈര്യലേപനം എന്ന കൂദാശ മറ്റു ക്രൈസ്തവ വിഭാഗങ്ങളിൽ സ്വീകരിക്കാത്തതോ അംഗീകരിക്കാത്തതോ ആയ ഒരു കൂദാശയാണ്. അതുകൊണ്ടുതന്നെ എന്തുകൊണ്ട് കത്തോലിക്കാ സഭ സ്ഥൈര്യലേപനത്തെ യേശു സ്ഥാപിച്ച ഒരു കൂദാശയായി സ്വീകരിക്കുന്നുവെന്നും അത് സ്വീകരിക്കുന്നത് വി. ഗ്രന്ഥത്തിന് വിരുദ്ധമല്ല എന്നും മനസ്സിലാക്കുന്നത് നമ്മുടെ വിശ്വാസം മനസ്സിലാക്കുന്നതിനും വിശ്വാസത്തിൽ വളരുന്നതിനും ആവശ്യമാണ്.

സ്ഥൈര്യലേപന കൂദാശ സ്വീകരിക്കുന്നതിലൂടെയാണ് നാം സ്വീകരിക്കുന്ന ജ്ഞാനസ്നാനം എന്ന കൂദാശയുടെ പൂർണ്ണതയിലേക്ക് ക്രൈസ്തവരായ നമ്മൾ എത്തിച്ചേരുന്നത്. മറ്റു വാക്കുകളിൽ, ജ്ഞാനസ്നാനത്തിന്റെ പൂർണ്ണതയാണ് സ്ഥൈര്യലേപനം. എന്നാൽ ഇതൊരിക്കലും രണ്ടാമത്തെ ജ്ഞാനസ്നാനം എന്ന് മനസ്സിലാക്കരുത്. ജ്ഞാനസ്നാനത്തിൽ നമുക്ക് പരിശുദ്ധാത്മാവിന്റെ ആദ്യ അഭിഷേചനം ലഭിക്കുന്നു. സ്ഥൈര്യലേപനമാവട്ടെ പരിശുദ്ധാത്മാവിന്റെ രണ്ടാം അഭിഷേചനം നമുക്ക് നല്കുന്ന കൂദാശയാകുന്നു. അപ്പോസ്തലന്മാരുടെ പിൻഗാമികളായ മെത്രാന്മാരാണ് നമുക്ക് സ്ഥൈര്യലേപനം നല്കുന്നതെന്ന് നമുക്കറിയാം. അവരുടെ ആ കൂദാശാ പരികർമ്മത്തിലൂടെ നമ്മെ പരിശുദ്ധാത്മാവിന്റെ ശക്തിയാലും വരങ്ങളാലും ദാനങ്ങളാലും നമ്മിൽ ഒരു മുദ്ര പതിപ്പിക്കുകയാണ് ചെയ്യുന്നത്. ഇപ്രകാരം നമ്മൾ സ്വീകരിച്ച ജ്ഞാനസ്നാനം എന്ന കൂദാശയുടെ പൂർത്തീകരണത്തിലേക്ക് നയിച്ച് നമ്മെ ക്രിസ്തുവിനായി ഒരുക്കുന്നു; എന്തിനു വേണ്ടി? ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നവരാകാൻ വേണ്ടി, സുവിശേഷത്തിന് സാക്ഷികളായിത്തീരുവാൻ വേണ്ടി. എന്തിനാണ് ക്രിസ്തു നമുക്ക് സ്ഥൈര്യലേപനം എന്ന കൂദാശ നല്കിയതെന്ന് നമ്മൾ മനസ്സിലാക്കണം. ഇതൊരിക്കലും ഒരു രണ്ടാമത്തെ ജ്ഞാനസ്നാനം അല്ല. മറിച്ച് നമ്മുടെ ജ്ഞാനസ്നാനത്തെ സ്ഥൈര്യപ്പെടുത്തുകയാണ്. അതായത്, ജ്ഞാനസ്നാനം എന്ന കൂദാശയിലൂടെ ദൈവം നമുക്ക് നൽകിയ വിശ്വാസം എന്ന ദൈവികപുണ്യത്തെ നമ്മിൽ സ്ഥിരപ്പെടുത്തുകയാണ്, ദൃഢമാക്കുകയാണ് സ്ഥൈര്യലേപനം എന്ന കൂദാശയിലൂടെ ചെയ്യുന്നത്. ജ്ഞാനസ്നാനത്തിൽ വിശ്വാസം എന്ന ദാനം ലഭിച്ചെങ്കിൽ സ്ഥൈര്യലേപനത്തിലൂടെ ആ വിശ്വാസത്തിന്റെ പ്രഘോഷകരാകാൻ, സാക്ഷികളാകുവാൻ നമ്മെ ശക്തിപ്പെടുത്തുകയാണ്, പരിശുദ്ധാത്മാവിനെ നമുക്ക് നല്കിക്കൊണ്ട് ജ്ഞാനസ്നാനത്തിൽ നമ്മൾ ദൈവമക്കൾ ആയിത്തീർന്നുവെങ്കിൽ, നമ്മൾ അങ്ങനെതന്നെ ആയിരിക്കുകയും ചെയ്യേണ്ടത്, മറിച്ച് നാം ഒരു സാക്ഷികൂടെ ആയിത്തീരും! സാക്ഷി... ഗ്രീക്ക് വാക്ക് സാക്ഷി! രക്തസാക്ഷി! എല്ലാ പീഡനങ്ങളുടേയും പ്രതികൂല സാഹചര്യങ്ങളുടേയും മദ്ധ്യത്തിലും ക്രിസ്തുവിന്റെ സാക്ഷിയായി നമ്മെ മാറ്റുകയാണ് സ്ഥൈര്യലേപനമെന്ന കൂദാശ.

ഇതാണ് നമ്മൾ അപ്പസ്തോലന്മാരുടെ ജീവിതത്തിൽ കാണുന്നത്. ഈശോയുടെ മരണത്തിനും ഉത്ഥാനത്തിനും സ്വർഗ്ഗാരോഹണത്തിനും ശേഷം ശിഷ്യന്മാർ നേരിട്ട പീഡനങ്ങളുടേയും പരിഹാസത്തിന്റേയും നിന്ദനങ്ങളുടേയും മധ്യേ അവർ ഭയചകിതരാണ്. ഒളിച്ചിരുന്നതിന് ശേഷം പെന്തക്കോസ്ത ദിനത്തിൽ പരിശുദ്ധാത്മാവിനെ സ്വീകരിച്ചു കഴിഞ്ഞപ്പോൾ അവർ ധൈര്യമുള്ളവരായി ക്രിസ്തുവിനെ പ്രഘോഷിക്കുന്ന സാക്ഷികളായി. എന്നാൽ അവർ നേരിടേണ്ടി വന്ന സാഹചര്യങ്ങൾ അതുപോലെ തന്നെയായിരുന്നു. പീഡനവും നിന്ദനവും മരണവും! അവിടെ അവർ ധൈര്യപൂർവ്വം, സന്തോഷപൂർവ്വം യേശുവിന്റെ സാക്ഷികളായി, യേശുവിന്റെ രക്ത സാക്ഷികളായി മാറി. അതാണ് സ്ഥൈര്യലേപനം എന്ന കൂദാശയിലൂടെ സംഭവിക്കുന്നത്. ഇന്നത്തെ നമ്മുടെ ലോകവും സാഹചര്യങ്ങളും ഒട്ടും വ്യത്യസ്തമല്ല. അതുകൊണ്ടുതന്നെ സ്ഥൈര്യലേപനം എന്ന കൂദാശയിലൂടെ നമുക്ക് ലഭിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയും സ്ഥൈര്യവും ഇന്നും, എന്നും നമുക്കാവശ്യമാണ്.

സ്ഥൈര്യലേപനം എന്ന കൂദാശയുടെ പരികർമ്മം നമ്മൾ കണ്ടിട്ടുണ്ടല്ലോ. മൂന്ന് പ്രധാനപ്പെട്ട

കാര്യങ്ങളാണ് മുഖ്യകാർമ്മിക നായ മെത്രാൻ ഈ കൂദാശ പരികർമ്മമധ്യേ അനുഷ്ഠിക്കുന്നത്. അഭിഷേചന പ്രാർത്ഥന, കൈവയ്പ് ശുശ്രൂഷ, തൈലാഭിഷേകം. യഥാർത്ഥത്തിൽ ഇപ്രകാരം ഒരു കർമ്മം നമ്മൾ വിശുദ്ധ ഗ്രന്ഥത്തിൽ കാണുന്നുണ്ടോ? കത്തോലിക്കരല്ലാത്ത പെന്തക്കോസ്തുകാർ പറയുന്നതുപോലെ ഇത് കത്തോലിക്കാസഭ കണ്ടെത്തിയ ഒരു കർമ്മം, ആചാരം മാത്രമാണോ? നമുക്ക് വിശുദ്ധ ഗ്രന്ഥത്തിലൂടെ ഒന്നു പരിശോധിക്കാം. വിശുദ്ധ ഗ്രന്ഥത്തിൽ പല സ്ഥലങ്ങളിലും പഴയനിയമത്തിലും പുതിയ നിയമത്തിലും പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം നമ്മൾ കാണുന്നുണ്ട്. ഈശോ പരിശുദ്ധാത്മാവിനെ അയച്ച് എന്നതിനെക്കുറിച്ച് സുവിശേഷങ്ങളിൽ ഒരുപാട് സ്ഥലങ്ങളിൽ പറയുന്നുണ്ട്. എന്നാൽ സ്ഥൈര്യലേപന കൂദാശ പരികർമ്മത്തിന്റെ മൂന്ന് കാര്യങ്ങൾ നമ്മൾ വി. ഗ്രന്ഥത്തിൽ എവിടെയാണ് കണ്ടുമുട്ടുന്നത്? പുതിയ നിയമത്തിലെ രണ്ട് പ്രധാനപ്പെട്ട ഭാഗങ്ങൾ നമുക്കൊന്ന് പരിശോധിക്കാം. ഹെബ്രായർക്കെഴുതിയ ലേഖനത്തിലെ ആറാം അധ്യായത്തിൽ നമ്മൾ ഇപ്രകാരം കാണുന്നു:

അതിനാൽ, ക്രിസ്തുവിന്റെ വചനത്തിന്റെ പ്രഥമപാഠങ്ങൾ പിന്നിട്ട് നമുക്ക് പക്വതയിലേക്ക് വളരാം. നിർജ്ജീവ പ്രവൃത്തികളിൽ നിന്നുള്ള തിരിച്ചുവരവ്, ദൈവത്തിലുള്ള വിശ്വാസം, ജ്ഞാനസ്നാനത്തെ സംബന്ധിക്കുന്ന പ്രബോധനം, കൈവയ്പ്, മരിച്ചവരുടെ ഉയിർപ്പ്, നിത്യവിധി (ഹെബ്രാ. 6,1-2).

ഇവിടെ കൈവയ്പ് എന്ന ശുശ്രൂഷാകർമ്മത്തിന്റെ പരാമർശം നമ്മൾ കാണുന്നു. ആദിമസഭയിൽ അത് ജ്ഞാനസ്നാനവുമായിട്ട് ബന്ധിപ്പിച്ചിരിക്കുന്നു. ജ്ഞാനസ്നാനം എന്ന കൂദാശയും സ്ഥൈര്യലേപനം എന്ന കൂദാശയും എപ്പോഴും ഒരുമിച്ച് ബന്ധപ്പെട്ടിരിക്കുന്നു എന്നതിന് ആദിമസഭയിൽ നിന്നുതന്നെ നമുക്ക് അറിവ് ലഭിക്കുന്നു. എന്നാൽ, സ്ഥൈര്യലേപന



കർമ്മത്തെ മനസ്സിലാക്കാൻ ഈ വചനഭാഗം വളരെ അപര്യാപ്തമാണെന്ന് നമുക്ക് തോന്നിയേക്കാം. കത്തോലിക്കാ സഭയിൽ ജ്ഞാനസ്നാനവും സ്ഥൈര്യലേപനവും പക്ഷേ എന്തുകൊണ്ടാണ് രണ്ട് വ്യത്യസ്ത കൂദാശകളായി പരികർമ്മം ചെയ്യപ്പെടുന്നത്? എങ്ങനെയാണിത് വി. ഗ്രന്ഥാടിസ്ഥാനത്തിൽ വിശദീകരിക്കാനാവുക? അപ്പസ്തോല പ്രവർത്തനങ്ങൾ എട്ടാം അദ്ധ്യായം നമുക്കൊന്ന് പരിശോധിക്കാം. സാവുൾ സഭയെ പീഡിപ്പിക്കുന്ന പശ്ചാത്തലമാണിവിടെ. അങ്ങനെ സുവിശേഷം സമരിയായിൽ എത്തിച്ചേർന്നു. പീലിപ്പോസിന്റെ സുവിശേഷ പ്രവർത്തനങ്ങളാണിവിടെ കാണുക. ആരായിരുന്നു പീലിപ്പോസ്? അപ്പസ്തോലപ്രവർത്തനം 6-ൽ നമ്മൾ കാണുന്നു; വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞ ഏഴ്പേരെ ഡീക്കന്മാരായി തിരഞ്ഞെടുക്കുന്നു. ആ ഏഴ് ഡീക്കന്മാരിൽ ഒരാളായി

രുന്നു ഫിലിപ്പോസ്. ഈ ഫിലിപ്പോസാണ് സമരിയായിൽ സുവിശേഷം പ്രസംഗിക്കുന്നത്.

ഫിലിപ്പോസ് സമരിയായിലെ ഒരു നഗരത്തിൽ ചെന്ന് അവിടെയുള്ളവരോട് ക്രിസ്തുവിനെപ്പറ്റി പ്രഘോഷിച്ചു. പീലിപ്പോസിന്റെ വാക്കുകൾ കേൾക്കുകയും അവൻ പ്രവർത്തിച്ച അടയാളങ്ങൾ കാണുകയും ചെയ്ത ജനക്കൂട്ടം അവൻ പറഞ്ഞ കാര്യങ്ങൾ ഏകമനസ്സോടെ ശ്രദ്ധിച്ചു.

എന്നാൽ ദൈവരാജ്യത്തെക്കുറിച്ചും യേശുക്രിസ്തുവിന്റെ നാമത്തെക്കുറിച്ചും പീലിപ്പോസ് പ്രസംഗിച്ചപ്പോൾ സ്ത്രീപുരുഷ ഭേദമെന്യേ എല്ലാവരും വിശ്വസിച്ച് ജ്ഞാനസ്നാനം സ്വീകരിച്ചു (അപ്പ. 8, 5-6;12).

ഡീക്കൻ പീലിപ്പോസ് സമരിയായിൽ സുവിശേഷം പ്രസംഗിക്കുകയും അത്ഭുതങ്ങൾ പ്രവർത്തിക്കുകയും അനേകം സ്ത്രീകളേയും പുരുഷന്മാരേയും ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്തു. അന്നത്തെപ്പോലെ ഇന്നും എന്നും, ഒരു ഡീക്കൻ ജ്ഞാനസ്നാനം എന്ന കൂദാശയുടെ പരികർമ്മിയാണ് എന്നതിന്റെ തെളിവുകൂടെയാണ് ഈ വചനഭാഗം. ജ്ഞാനസ്നാനപ്പെടുത്തുക എന്നത് ഒരു ഡീക്കന്റെ കടമകൂടെയാണ് എന്ന് നമ്മൾ മനസ്സിലാക്കണം. തുടർന്ന് എന്ത് സംഭവിക്കുന്നു എന്നുകൂടി നമുക്ക് നോക്കാം.

സമരിയാക്കാർ ദൈവവചനം സ്വീകരിച്ചുവെന്ന് കേട്ടപ്പോൾ ജറുസലേമിലുള്ള അപ്പസ്തോലന്മാർ പത്രോസിനേയും യോഹന്നാനേയും അവരുടെ അടുത്തേക്ക് അയച്ചു. അവർ ചെന്ന് അവിടെയുള്ളവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കേണ്ടതിന് അവർക്കുവേണ്ടി പ്രാർത്ഥിച്ചു. കാരണം, അതുവരെ പരിശുദ്ധാത്മാവ് അവരിലാരുടെയും മേൽ വന്നിരുന്നില്ല. അവർ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ജ്ഞാനസ്നാനം സ്വീകരിക്കുക മാത്രമേ ചെയ്തിരുന്നുള്ളൂ. പിന്നീട്, അവരുടെമേൽ അവർ

...സന്തോഷപൂർവ്വം യേശുവിന്റെ സാക്ഷികളായി, യേശുവിന്റെ രക്തസാക്ഷികളായി മാറി. അതാണ് സ്ഥൈര്യലേപനം എന്ന കൂദാശയിലൂടെ സംഭവിക്കുന്നത്. ഇന്നത്തെ നമ്മുടെ ലോകവും സാഹചര്യങ്ങളും ഒട്ടും വ്യത്യസ്തമല്ല. അതുകൊണ്ടുതന്നെ സ്ഥൈര്യലേപനം എന്ന കൂദാശയിലൂടെ നമുക്ക് ലഭിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയും സ്ഥൈര്യവും ഇന്നും, എന്നും നമുക്കാവശ്യമാണ്.

കൈകൾവച്ച്, അവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ചെയ്തു. (അപ്പ. 8, 19-17).

ഈ വചനഭാഗം നമ്മൾ ശ്രദ്ധിച്ചാൽ എന്താണ് കത്തോലിക്കാ സഭ കാത്തുപരിപാലിക്കുന്ന സ്ഥൈര്യലേപനം എന്ന കൂദാശ എന്ന് നമുക്ക് മനസ്സിലാകും. സമരിയാക്കാർക്ക് ദൈവവചനം നല്കിയിട്ട് ഒരു ഡീക്കൻ മാത്രമായിരുന്ന പീലിപ്പോസ് അവരെ ജ്ഞാനസ്നാനപ്പെടുത്തി. എന്നാൽ അവർ പരിശുദ്ധാത്മാവിനെ ഇനിയും സ്വീകരിച്ചിട്ടില്ലായിരുന്നു. കാരണം അവർ കൈവയ്പ് ശുശ്രൂഷ സ്വീകരിച്ചിട്ടുണ്ടായിരുന്നില്ല. ഒരു ഡീക്കൻ മാത്രമായ പിലിപ്പോസിന് അതിനുള്ള അധികാരം ഇല്ലായിരുന്നു. അതിനുള്ള അധികാരം ഉണ്ടായിരുന്നത് അപ്പസ്തോലന്മാർക്ക് മാത്രമായിരുന്നു. അതുകൊണ്ടാണ് സമരിയാക്കാർ വചനം സ്വീകരിച്ച് ജ്ഞാനസ്നാനം സ്വീകരിച്ചു എന്ന് കേട്ടപ്പോൾ ജറുസലേമിലുള്ള അപ്പസ്തോലന്മാർ, പത്രോസിനേയും യോഹന്നാനേയും സമരിയാക്കാർക്ക് സ്ഥൈര്യലേപനം നൽകുവാനായി, അവരുടെ പ്രത്യേക പ്രാർത്ഥനകളിലൂടെയും കൈവയ്പിലൂടെയും പരിശുദ്ധാത്മാവിനെ നല്കുവാനായി സമരിയായിലേക്ക് വന്നത്. എന്തൊക്കെയാണ് അവർ അവിടെ ചെയ്യുന്നത്? അവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതിനുവേണ്ടി അവർക്കുവേണ്ടി പ്രാർത്ഥിച്ചു (അഭിഷേചന പ്രാർത്ഥന). അവരുടെ മേൽ കൈകൾവച്ചു. (കൈവയ്പ് ശുശ്രൂഷ) അവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ചെയ്തു.

സമരിയാക്കാർ ജ്ഞാനസ്നാനത്തിലൂടെ പരിശുദ്ധാത്മാവിനെ സ്വീകരിച്ചു. എന്നാൽ വചനം പറയുന്നു; പരിശുദ്ധാത്മാവ് അവരിലാരുടെയും മേൽ വന്നിരുന്നില്ല. എപ്പോഴാണ് പരിശുദ്ധാത്മാവ് അപ്പസ്തോലന്മാരുടെ മേൽ വന്നത്?

പെന്തക്കോസ്ത ദിവസം! അതായത്, ജ്ഞാനസ്നാനത്തിൽ അവരെല്ലാവരും പരിശുദ്ധാത്മാവിന്റെ ദാനം സ്വീകരിച്ചിരുന്നുവെങ്കിലും പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ ഒരു വരവ്, ഒരു ആവാസം അവരെല്ലാവരും കാത്തിരുന്നു, പ്രതീക്ഷിച്ചിരുന്നു. അത് സംഭവിക്കുന്നത് സ്ഥൈര്യലേപനം എന്ന കൂദാശയിലൂടെയാണ്. അപ്പോസ്തലന്മാരുടെ (മെത്രാന്മാരുടെ) അഭിഷേചന പ്രാർത്ഥനയിലൂടെയും, കൈവയ്പ് ശുശ്രൂഷയിലൂടെയും. എന്തുകൊണ്ട് ഫിലിപ്പോസ് ഇക്കാര്യങ്ങൾ ചെയ്തില്ല? ഉത്തരം ലളിതം. ഫിലിപ്പ് ഒരു ഡീക്കൻ മാത്രമായിരുന്നു. ഡീക്കന്മാർക്ക് അന്നും ഇന്നും സഭയിൽ സ്ഥൈര്യലേപന കൂദാശ പരികർമ്മം ചെയ്യുവാൻ സാധിക്കില്ല. ഒരു മെത്രാനോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ഒരു പുരോഹിതനോ മാത്രമേ ഈ കൂദാശ പരികർമ്മം ചെയ്യുവാൻ സാധിക്കുകയുള്ളൂ.

ജ്ഞാനസ്നാനവും സ്ഥൈര്യലേപനവും രണ്ട് വ്യത്യസ്ത കൂദാശകളാണെന്ന് ദൈവവചനം നമുക്ക് വ്യക്തമാക്കിത്തരുന്നുണ്ട്.

കേരളത്തിൽ ഇനി മുതൽ
നാല് വർഷ ബിരുദം





ഡോ. സാബു എം.സി.
സെന്റ് ആൽബർട്ട്സ്
കോളേജ്, ഓട്ടോണമസ്

2024-25 അക്കാദമിക് വർഷംമുതൽ കേരളത്തിലുള്ള എല്ലാ യൂണിവേഴ്സിറ്റികളിലും കോളേജുകളിലും ഇനി മുതൽ 4 വർഷ ഡിഗ്രി പ്രോഗ്രാമുകൾ ആണ് ആരംഭിക്കുന്നത്. ഈ പ്രോഗ്രാം ഇപ്പോഴുള്ള 3 വർഷ ഡിഗ്രി പ്രോഗ്രാമിന്റെ ഒരു എക്സ്റ്റൻഷൻ ആയിട്ടല്ല കാണേണ്ടത്. പകരം വിദ്യാർത്ഥികൾക്ക് വളരെയധികം അവസരങ്ങൾ നൽകുന്ന രീതിയിലാണ് നാലുവർഷ പ്രോഗ്രാമുകൾ ക്രമീകരിച്ചിരിക്കുന്നത്. പരമ്പരാഗത രീതിയിലുള്ള ഡിഗ്രിക്ക് പകരമായിട്ട് ഇഷ്ടമുള്ള കോഴ്സ് പഠിക്കുവാനുള്ള ഒരവസരം കൂടിയാണ് നാലുവർഷ ഡിഗ്രി പ്രോഗ്രാമുകൾ നല്കുന്നത്. പഠിക്കുവാനുള്ള കഴിവനുസരിച്ച് വേഗത്തിൽ ഡിഗ്രി പൂർത്തിയാക്കുവാനും എന്നാൽ ആവശ്യമുണ്ടെങ്കിൽ സമയമെടുത്തും നാലു വർഷ ഡിഗ്രി പൂർത്തിയാക്കാവുന്നതാണ്. 3 വർഷത്തെ പഠനം പൂർത്തിയാക്കുമ്പോൾ ഇപ്പോഴുള്ള രീതിയിൽ ഡിഗ്രി നേടുവാൻ സാധിക്കും. വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം വളരെയധികം ഓപ്ഷൻസ് ആണ് 4 വർഷ ഡിഗ്രി പ്രോഗ്രാമിൽ ലഭിക്കുന്നത്. ഈ ഓപ്ഷൻസ് വേണ്ട രീതിയിൽ തിരഞ്ഞെടുത്താൽ വിദ്യാർത്ഥികൾക്ക് ജോലിക്കാവശ്യമുള്ള കഴിവുകളോടൊപ്പം ഡിഗ്രി പൂർത്തിയാക്കുവാനും സാധിക്കും.

4 വർഷ UG പ്രോഗ്രാമിന്റെ ചില പ്രസക്ത ഭാഗങ്ങൾ താഴെപറയും വിധമാണ്.

1. പ്രധാനമായും മൂന്നു രീതിയിലാണ് 4 വർഷ UG പ്രോഗ്രാം പൂർത്തിയാക്കാവുന്നത്

a) 3 വർഷ UG ഡിഗ്രി

b)4 വർഷ UG ഡിഗ്രി (Honours)

c)4 വർഷ UG ഡിഗ്രി
(Honours with research)

2. നാലുവർഷ ദൈർഘ്യ മുള്ള പ്രോഗ്രാമാണെങ്കിലും 3 വർഷത്തിനുശേഷം വിദ്യാർത്ഥി കൾക്ക് നിലവിലുള്ള 3 വർഷ ഡിഗ്രിക്ക് സമാനമായ ഡിഗ്രി ലഭി ക്കുന്നതാണ്.

3. 177 ക്രെഡിറ്റ് (15 മണിക്കൂ റുള്ള പഠനമാണ് ഏകദേശം 1 ക്രെ ഡിറ്റിന് തുല്യമാകുന്നത്) നേടി ക്കൊണ്ട് പ്രോഗ്രാം പൂർത്തിയാക്കു ന്നവർക്ക് 4 വർഷ യുജി ഡിഗ്രി (Honours) ലഭിക്കുന്നതാണ്.

4. ഡിഗ്രിക്ക് ആദ്യത്തെ 3 വർഷം 75% മാർക്കോടുകൂടി പൂർത്തിയാക്കുന്ന കുട്ടികൾക്കേ 4 വർഷ ഡിഗ്രി കോഴ്സിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

5. റിസേർച്ചിനോട് താല്പര്യ മുള്ള കുട്ടികൾക്ക് 4-ാം വർഷ ത്തിൽ 12 ക്രെഡിറ്റോടുകൂടിയ റിസേർച്ച് പ്രൊജക്റ്റ് അടക്കം 177 ക്രെഡിറ്റ് നേടിയാൽ 4 വർഷമുള്ള യുജി ഓണേഴ്സ് വിത്ത് റിസേർച്ച് ഡിഗ്രി നേടാവുന്നതാണ്.

6. പ്രധാനമായും 3 ഭാഗങ്ങ ളാണ് 4 വർഷ യുജി പ്രോഗ്രാമിനു ള്ളത്.
a. Foundation Components
b. Discipline Specific Pathway Components (Major/Minor)
c. Discipline Specific Capstone Components.

7. ഇതിൽ ജനറൽ ഫൗണ്ടേ ഷൻ കോഴ്സിൽ പ്രധാനമായും 4 ഗ്രൂപ്പുകളാണുള്ളത്.
a. Ability Enhancement Course (AEC)
b. Skill Enhancement Course (SEC)
c. Value Addition Course (VAC)
d. Multi Displinary Course (MDC)

8. ഇതിൽ AEC പ്രധാന മായും ഭാഷകളിൽ ആവശ്യമായ അറിവ് ലഭിക്കുന്നതിനുവേണ്ടി തയ്യാറാക്കിയിരിക്കുന്ന കോഴ്സുക ളാണ്.

9. MDC കോഴ്സസ് സയൻസ്, സോഷ്യൽ സയൻസ്, ഹ്യുമാനിറ്റീ സ്, ലിബറൽ ആർട്സ് എന്നിവയി ലുള്ള അടിസ്ഥാന കാര്യങ്ങൾ മന സ്സിലാക്കുന്നതിനുവേണ്ടി തയ്യാറാ ക്കിയിരിക്കുന്ന കോഴ്സുകളാണ്. വിദ്യാർത്ഥികൾക്ക് അവർ പന്ത്രണ്ടാം ക്ലാസ്സിൽ പഠിച്ചിരി ക്കുന്ന കോഴ്സുകൾ ഒഴിച്ച് ഏതു കോഴ്സും MDC ആയിട്ട് തിരഞ്ഞെ ടുക്കാവുന്നതാണ്.

10. SEC വിദ്യാർത്ഥികൾക്ക് ജോലിക്കാവശ്യമായ നൈപുണ്യ കലകൾക്കുവേണ്ടിയുള്ള പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന കോഴ്സുകൾ ആണ്.

11. VAC വിദ്യാർത്ഥികൾക്ക് സ്വന്തം വ്യക്തിത്വ വികസനത്തിനു വേണ്ടി തയ്യാറാക്കിയിരിക്കുന്ന കോഴ്സുകൾ ആണ്.

12. മേജറായിട്ട് പഠിക്കുവാൻ താൽപര്യപ്പെടുന്ന ഏതൊരു കോഴ്സിനേയും സപ്പോർട്ട് ചെയ്യുന്ന കോഴ്സുകൾ മൈനർ കോഴ്സുകളായി തിരഞ്ഞെടുക്കാ വുന്നതാണ്.

13. രണ്ടാം സെമസ്റ്ററിലെ പഠ നത്തിനുശേഷം മേജർ ആയിട്ട് പഠിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള വിഷയംപോലും മാറ്റാവുന്നതാണ്.

14. എല്ലാ സെമസ്റ്ററിന്റേയും അവസാനം വിദ്യാർത്ഥികളുടെ പെർഫോമൻസ് അനുസരിച്ച് കോഴ്സ് കം ക്രെഡിറ്റ് സർട്ടിഫി ക്കറ്റ് ഇഷ്യൂ ചെയ്യാവുന്നതാണ്.

15. ഇതിന്റെ വിവരങ്ങൾ കോളേജുകൾവഴി അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് (ABC) യിൽ ലഭ്യമാക്കുന്നതാണ്. പിന്നീടുള്ള പഠനത്തിനും കോളേജ് മാറ്റ ത്തിനും ABC സഹായകരമാകുന്ന താണ്.

16. മേൽപ്പറഞ്ഞതിലൊന്നും പെടാത്ത വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള കോഴ്സുകളുണ്ടെ ങ്കിൽ അവർക്ക് ഈ കോഴ്സിന്റെ ക്ലാസ്സുകളിൽ സംബന്ധിക്കാവുന്ന താണ്. എക്സ്ട്രാ പരീക്ഷകൾ ഇല്ലാത്ത ഇങ്ങനെയുള്ള കോഴ്സു കൾ ഓഡിറ്റ് കോഴ്സ് എന്നാണ് അറിയപ്പെടുന്നത്. ഈ കോഴ്സുക ളിൽ 75% എങ്കിലും ഹാജർ ഉണ്ടെ ങ്കിൽ ഫൈനൽ ക്രെഡിറ്റ് കാർഡിൽ ഇത് രേഖപ്പെടുത്തുന്ന തും കൂടിയാണ്.

17. നാലുവർഷ യുജി പ്രോഗ്രാമിന്റെ പ്രധാന ആകർഷ ണമെന്നു പറയുന്നത് ഇന്റേൺഷിപ്പ് ആണ്. രണ്ടാം വർഷ പഠനത്തിനുശേഷം നിർബ ന്ധമായും 2 ക്രെഡിറ്റ് നല്കുന്ന ഇന്റേൺഷിപ്പ് കുട്ടികൾ പൂർത്തി യാക്കേണ്ടതാണ്.

18. NSS, NCC, Sports, Arts, University College എന്നിവയുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ പ്രവർത്ത നങ്ങൾക്കും ക്രെഡിറ്റ് കുട്ടികൾക്ക് നൽകുന്നതാണ്.

19. യൂണിവേഴ്സിറ്റി/കോളേ ജുകൾ നിഷ്കർഷിക്കുന്ന ഓൺലൈൻ കോഴ്സുകളിലൂ ടെയും വിദ്യാർത്ഥികൾക്ക് ക്രെഡിറ്റ് നേടാവുന്നതാണ്.

20. 4 വർഷ യുജി പ്രോഗ്രാം ആവശ്യമുണ്ടെങ്കിൽ 7 വർഷത്തി നുള്ളിൽ പൂർത്തിയാക്കിയാൽ മതി.

21. കൂടുതൽ ക്രെഡിറ്റ് നേടു വാനും N സെമസ്റ്റർകൊണ്ട് പൂർത്തിയാക്കേണ്ട പ്രോഗ്രാം N-1 സെമസ്റ്റർകൊണ്ട് പൂർത്തിയാക്കു വാനും, 4 വർഷ യുജി പ്രോഗ്രാ മിൽ സാധ്യതകൾ ഉണ്ട്.

22. ഒരു സെമസ്റ്ററിൽ എടു ക്കേണ്ട മിനിമം ക്രെഡിറ്റുകളിലും ഇളവ് ലഭ്യമാണ്.

വേണ്ടവിധത്തിൽ ഉപയോ ഗിച്ചാൽ വിദ്യാർത്ഥികൾക്ക് വളരെ യധികം ഉപകാരപ്പെടുന്നതാണ് 4 വർഷ യുജി പ്രോഗ്രാമുകൾ. തുട ക്കമായതുകൊണ്ട് കാര്യങ്ങൾ മന സ്സിലാക്കുവാൻ പ്രയാസമുണ്ടെകു മെങ്കിലും 2-3 വർഷങ്ങൾക്കുള്ളിൽ എല്ലാ കുട്ടികൾക്കും 4 വർഷ യുജി പ്രോഗ്രാമിന്റെ നിബന്ധനകൾ വ്യക്തമായി മനസ്സിലാക്കുവാനും അതനുസരിച്ച് പ്രോഗ്രാമുകൾ തിര ഞ്ഞെടുക്കുവാനും സാധിക്കും.

ദേവാലയം ഈ സത്കലാലയം



ഡോ. അസസ്റ്റിൻ കെ.ജെ
സെന്റ് ആൽബർട്ട്സ്
കോളേജ്, ഓട്ടോണമസ്

സെന്റ് ആർബർട്സ് കോളേജ് (ഓ
ട്ടോണമസ്) വരാപ്പുഴ അതിരൂപത
യുടെ അഭിമാനസ്തംഭമായി എറ
ണാകുളം നഗരത്തിന്റെ ഹൃദയഭാ
ഗത്ത് സ്ഥിതിചെയ്യുന്നു. വരാപ്പുഴ
അതിരൂപതയുടെ പ്രഥമ ഏതദ്ദേ

ശീയ മെത്രാപ്പോലീത്തയായ മോസ്റ്റ് റവ. ഡോ. ജോസഫ് അട്ടിപ്പേറ്റിയുടെ സ്വപ്നസാഫല്യമായി 1946-ൽ നൂറ്റി അമ്പതു വിദ്യാർത്ഥികളുമായി സെന്റ് ആൽബർട്സ് ഹൈസ്ക്കൂൾ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. സെന്റ്. ആൽബർട്സ് കോളേജ് 1952-ൽ ഇന്നു കാണുന്ന മനോഹരമായ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചു. സേവനത്തിന്റെ എഴുപത്തിയെട്ടു സുവർണ വർഷങ്ങൾ പിന്നിടുന്ന സെന്റ് ആൽബർട്സ് കോളേജ് ഇന്ന് 46 ഓളം വ്യത്യസ്ത വിഷയങ്ങളിലായി 3500-ൽ പരം വിദ്യാർത്ഥികൾ പഠിക്കുന്ന ഒരു ബൃഹത് വിദ്യാഭ്യാസ സ്ഥാപനമായി വളർന്നിരിക്കുന്നു. ആദ്യം മദ്രാസ് യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിരുന്ന സെന്റ്. ആൽബർട്സ് കോളേജ് 1958-ൽ കേരള യൂണിവേഴ്സിറ്റി സ്ഥാപിതമായപ്പോൾ അതിനു കീഴിലേക്കും 1983-ൽ മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി നിലവിൽ വന്നപ്പോൾ അതിനു കീഴിലേക്കും അഫിലിയേറ്റ് ചെയ്യപ്പെട്ടു. 2016-ൽ UGC യുടെ ഓട്ടോണമസ് പദവി ലഭിച്ച സെന്റ് ആൽബർട്സ് കോളേജ് 2023-ൽ മൂന്നാം തവണയും NAAC A Grade അക്രഡിറ്റേഷൻ കരസ്ഥമാക്കി മുന്നേറുന്നു.

യേശുക്രിസ്തുവിന്റെ ചൈതന്യമുൾക്കൊണ്ട് 'സത്യത്തിനും സേവനത്തിനും വേണ്ടി' എന്ന മുദ്രാവാക്യം നെഞ്ചേറ്റി നിലകൊള്ളുന്ന സെന്റ്. ആൽബർട്സ് കോളേജ് യുവജനതയുടെ വിദ്യാഭ്യാസ പുരോഗതിക്കു മാത്രമല്ല സാമൂഹികവും സാംസ്കാരികവുമായ സമഗ്ര വളർച്ചയ്ക്കും പ്രാധാന്യം നൽകുന്നു. അപ്രകാരം ലോകനന്മയ്ക്കായി ഉത്തമ പൗരന്മാരെ വാർത്തെടുക്കുക എന്ന കർത്തവ്യമാണ് സെന്റ്. ആൽബർട്സ് കോളേജ് (ഓട്ടോണമസ്) നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്.

വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ കലാ കായിക സാമൂഹിക സാംസ്കാരിക നിലവാരത്തെ മുന്നിൽ നിർത്തി അവരുടെ കഴിവിന്റെ അടിസ്ഥാനത്തിൽ മാത്രം റാങ്ക് ലിസ്റ്റ് തയ്യാറാക്കി മാനേജ്മെന്റ് തലത്തിൽപ്പോലും യാതൊരു ശുപാർശയും ഡൊണേഷനും പരിഗണിക്കാതെ എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും പ്രവേശനം നല്കുന്ന സെന്റ്. ആൽബർട്സ് കോളേജ് കാമ്പസ് രാഷ്ട്രീയ വിമുക്തമാണെന്നതും അതിനെ വ്യത്യസ്തമാക്കുന്നു. കൂടാതെ മികച്ച വിദ്യാർത്ഥികൾക്ക് അട്ടിപ്പേറ്റി പിതാവിന്റെ പേരിലുള്ള സ്കോളർഷിപ്പടക്കം വ്യത്യസ്ത സ്കോളർഷിപ്പുകളിലായി പ്രതിവർഷം ഒരു കോടിയിൽ പരം രൂപ സെന്റ്. ആൽബർട്സ് കോളേജ് (ഓട്ടോണമസ്) സമൂഹനന്മയ്ക്കായി ചെലവഴിക്കുന്നു.

B.Voc Degree *യുമായ്*
ആൽബർട്സ് കോളേജ്, ഓട്ടോണമസ്

യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (UGC) 2014-ൽ ആണ് Bachelor of Vocation (B.Voc) ഡിഗ്രി ആരംഭിക്കുന്നത്. പഠനത്തോടൊപ്പം തന്നെ ജോലിക്കാവശ്യമായ നൈപുണ്യ കലകൾക്കു കൂടി പ്രാധാന്യം നൽകുന്ന ഡിഗ്രികളാണ് B.Voc Degree. അതുവഴി കാലത്തിനനുസൃതമായ ഒരു സമൂഹത്തെ വാർത്തെടുക്കുവാൻ വേണ്ടിക്കൂടിയാണ് B.Voc Degree കൾ തുടങ്ങിയത്. ഇതിന്റെ പ്രധാന സവിശേഷതകൾ താഴെ പറയുന്നവയാണ്.

1. ഇൻഡസ്ട്രിയുമായിട്ടുള്ള പരിചയം വിദ്യാർത്ഥികൾക്ക് നല്ല രീതിയിൽ ലഭിക്കുന്ന വിധത്തിലാണ് പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

2. ഈ ഡിഗ്രിക്ക് ഇടയ്ക്കു വച്ച് പഠനം നിർത്തുവാനും, ഇടയ്ക്കു ചേരുവാനും സാധിക്കും.

3.ഈ ഡിഗ്രിയുടെ 60% പഠനഭാഗവും സ്കിൽ Based ആണ്.

4. B.Voc Degree പൂർത്തിയാക്കുന്നവർക്ക് ഉന്നതവിദ്യാഭ്യാസത്തിനും (M.Voc MBA etc...) യോഗ്യതയുണ്ട്.

5. നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് (NSQF) അനുസരിച്ചാണ് ഈ ഡിഗ്രിയുടെ പാഠ്യഭാഗങ്ങൾ ഒരുക്കിയിരിക്കുന്നത്. ആൽബർട്ട്സ് കോളേജിലെ B.Voc Degree പ്രോഗ്രാമുകൾ പരിചയപ്പെടാം.

1. Medical and Psychiatirc Social Work

B.Voc Medical and Pshychiatric എന്ന പ്രോഗ്രാം സോഷ്യൽ വർക്ക് വിഭാഗത്തിൽ പെടുന്നതാണ്. തിയറിയും പ്രാക്ടിക്കലും ഒന്നിച്ചു ചേർത്തുകൊണ്ടുള്ള ഒരു പ്രത്യേക കരിക്കുലം ആണ് ഈ പ്രോഗ്രാമിന്റേത്. ഇതിൽ കേസ് വർക്ക്, ഗ്രൂപ്പ് വർക്ക്, മെഡിക്കൽ സോ

ഷ്യൽ വർക്ക്, സൈക്യാട്രിക് സോഷ്യൽ വർക്ക്, സോഷ്യോളജി, സൈക്കോളജി, കൗൺസലിംഗ് ടെക്നിക്സ് എന്നിവയും ഫിസിക്കൽ ഹെൽത്ത് കെയർ ആന്റ് മെന്റൽ ഹെൽത്ത് കെയറിനെയും കുറിച്ചുള്ള പഠനവിഭാഗങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

2. Sports Nutrition and Physiothereapy

6 സെമസ്റ്റർ ഉള്ള ഒരു മൾട്ടി ഡിസിപ്ലിനറി പ്രോഗ്രാമാണ് ഇത്. സ്പോർട്സ് ന്യൂട്രീഷനും ഫിസിയോ തെറാപ്പിയുമാണ് ഈ പ്രോഗ്രാമിന്റെ സ്പെഷ്യലൈസേഷൻ. വിദ്യാർത്ഥികൾക്ക് അവരുടെ കരിയർ- സ്പോർട്സ് ന്യൂട്രീഷൻ, ക്ലിനിക്കൽ ഡയറ്റീഷ്യൻ, കമ്മ്യൂണിറ്റി ഡയറ്റീഷ്യൻ, ഫിറ്റ്നസ് എക്സ്പർട്ട് അറ്റ്, ഫിറ്റ്നസ് ഡയറ്റീഷ്യൻ, ഡയറ്റ് അസിസ്റ്റൻസ്, അസിസ്റ്റൻസ് അറ്റ് പാലിയേറ്റീവ് കെയർ സെന്റേഴ്സ്, ഫസ്റ്റ് എയ്ഡ് സപ്പോർട്ട് ആന്റ് യോഗ ഇൻസ്ട്രക്ഷൻസ് എന്നീ മേഖലകളും പിൻതുടരുവാനാകും. ആശുപത്രികൾ, പുനരധിവാസ കേന്ദ്രങ്ങൾ, സൈക്യാട്രിക് വാർഡുകൾ, എൻ.ജി.ഒ.കൾ, സർക്കാർ ഏജൻസികൾ, സ്കൂളുകൾ, സ്വകാര്യ പ്രാക്ടീസ് ക്രമീകരണങ്ങൾ എന്നിവയിൽ തൊഴിൽ അവസരങ്ങളുണ്ട്.

3. Software Development

കംപ്യൂട്ടർ സയൻസിൽ ഉള്ള പ്രായോഗികമായ അറിവ് വർദ്ധിപ്പിക്കുക എന്നതാണ് ഈ പ്രോഗ്രാമിന്റെ പ്രധാന ലക്ഷ്യം. നിരവധി ഇന്റേൺഷിപ്പുകളും ഇൻഡസ്ട്രി എക്സ്പീരിയൻസും തരുന്ന ഈ പ്രോഗ്രാം Codeing -ലും Software Architecture ലും കുട്ടികളെ വിദഗ്ധരാക്കുന്നു. ഈ പ്രോഗ്രാമിൽ ധാരാളം On Job Training (OJT) ലഭ്യമാണ്.

4. Logistics Management

ഇന്ത്യയിലൊട്ടാകെ വളർന്നുവരുന്ന ഒരു പ്രധാനപ്പെട്ട വ്യവസായ മേഖലയാണ് ലോജിസ്റ്റിക്സ് മാനേജ്മെന്റ്. B.Voc & M.Voc Logistics Management പ്രോഗ്രാമുകൾ. ഈ മേഖലയിൽ ആവശ്യമായ Skill and Knowledge -ആണ് ഈ പ്രോഗ്രാം വഴി കുട്ടികൾക്ക് ലഭിക്കുന്നത്. Material Handling, Warehousing, Packaging, Transportation, Shipping Security, Inventory Management, Supply Chain Management, Procurement and Customs Service എന്നീ മേഖലകളെക്കുറിച്ച് നല്ല രീതിയിലുള്ള പ്രായോഗിക അറിവ് നല്കുന്ന ഒരു പ്രോഗ്രാമാണ് ലോജിസ്റ്റിക്സ് മാനേജ്മെന്റ്.

5. Commercial Aquaculture

കേരളത്തിന്റെ സാഹചര്യത്തിൽ പ്രത്യേകിച്ച് കൊച്ചിയുടെ സാഹചര്യത്തിൽ സ്വന്തമായി ഒരു ബിസിനസ്സ് തുടങ്ങുവാൻ പറ്റിയ ഒരു മേഖലയാണ് Aquaculture. ഇതിനെക്കുറിച്ചുള്ള ഒരു പ്രത്യേക പ്രോഗ്രാമാണ് Commercial Aquaculture. Aquatic Ecology and Fishery Biology, Freshwater Aquaculture, Brackish Water Aquaculture, Mariculture, Culture of Ornamental Fishes, Technological aspects of Fish Capture, Hatchery Technology, Aquaculture Nutrition, Social and Water Quality Management, Microbiology and Fish Pathology, Processing Technology and Value Addition, Aquaculture Engineering and Technology, Aquaculture Entrepreneurship and Development Planning എന്നിങ്ങനെയുള്ള വിഭാഗങ്ങളിൽ പ്രായോഗികമായ അറിവ് ഈ പ്രോഗ്രാമിലൂടെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു.

6. Retail Management

നല്ല വേഗതയിൽ വളർന്നുകൊണ്ടിരിക്കുന്ന മേഖലയാണ് റീട്ടെയിൽ ഇൻഡസ്ട്രി. ഈ പ്രോഗ്രാമിന്റെ പ്രധാനമായ പഠന രീതികൾ Experiential Learning, Intership and on-the Job Training -എന്നിവയാണ്. അതുകൊണ്ടുതന്നെ ഈ മേഖലയിൽ ജോലി ലഭിക്കുവാൻ താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് ഉത്തമമായ ഒരു പ്രോഗ്രാമാണ് Retail Management.

7. Journalism and Mass Communication

Media Studies, Languages and Ethical Journalism എന്നീ മേഖലകളിൽ വ്യക്തമായ അറിവ് നൽകുന്ന പ്രോഗ്രാമാണ് Journalism and Mass Communication. പുതിയതായ ടെക്നോളജി ഉപയോഗിച്ചുകൊണ്ടാണ് Media Studies, Research Training എന്നീ മേഖലകളിലെ പഠനം ക്രമീകരിച്ചിരിക്കുന്നത്. വിദ്യാർത്ഥികൾ സ്വന്തമായി തന്നെ ന്യൂസ് ലെറ്റർ Prepare ചെയ്യുവാനും, ന്യൂസ് റീഡിംഗും എഡിറ്റിഗും ചെയ്യുന്നത് ഈ കോഴ്സിനെ വളരെയധികം ആകർഷകമാക്കുന്നു. എല്ലാ സെമസ്റ്ററിലും ഇന്റേൺഷിപ്പുള്ള ഈ കോഴ്സിന് പ്രമുഖ ന്യൂസ് ഇൻഡസ്ട്രിയുമായിട്ട് MOU's available ആണ്.

8. Travel and Tourism

വളരെയധികം അവസരങ്ങളുള്ള ഒരു മേഖലയാണ് Travel and Tourism. ഈ സെക്ടറിനു വേണ്ട പ്രായോഗികമായിട്ടുള്ള എല്ലാ അറിവുകളും ഈ പ്രോഗ്രാമിലൂടെ നേടാവുന്നതാണ്. International Perspectives, Cultural Awareness and Language Skills എല്ലാം ഈ പ്രോഗ്രാമിന്റെ പ്രധാന പാഠഭാഗങ്ങളാണ്. ഈ കോളേജിന് ടൂറിസം മേഖലയുമായിട്ടുള്ള നല്ല ബന്ധം ജോലിസാധ്യതകൾ വളരെയധികം കൂട്ടുന്നുണ്ട്.

9. Renewable Energy

Renewable Energy Program ൽ B-Voc ഡിഗ്രിയും M-Voc ഡിഗ്രിയും ലഭ്യമാണ്. സമൂഹത്തിന് ഇപ്പോൾ ആവശ്യമുള്ള പ്രധാന്യപ്പെട്ട ഒരു മേഖലയാണ് Alternative Energy Science. അതുകൊണ്ടുതന്നെ വളരെയധികം Job Opportunities ഉള്ള ഒരു മേഖലയാണ് Renewable Energy. വ്യത്യസ്തമായ എനർജി സോഴ്സിനെക്കുറിച്ചും അത് ഉപയോഗിക്കുന്ന രീതികളെക്കുറിച്ചും വളരെ വിശദമായിതന്നെ വിദ്യാർത്ഥികൾക്ക് ഈ പ്രോഗ്രാമിലൂടെ അറിവ് നേടുവാൻ സാധിക്കുന്നു.

10. B.Voc Professional Accounting & Taxation Program

ഈ പ്രോഗ്രാം പഠനത്തിലൂടെ വിദ്യാർത്ഥികൾക്ക് വ്യാപാരിക അക്കൗണ്ടിംഗ്, ടാക്സേഷൻ പ്രക്രിയകൾ, ടാലി (കപ്യൂട്ടർ അക്കൗണ്ടിംഗ്) എന്നിവയിൽ വിദ്യാഭ്യാസവും, അറിവും നൽകുന്നു. ഇതോടെ, അവർക്ക് സ്വന്തമായ കമ്പനി അല്ലെങ്കിൽ മറ്റ് കമ്പനികളിൽ (Ojt- ഇന്റേൺഷിപ്പ്) തൊഴിലധിഷ്ഠിതമായ പരിശീലനം നടത്തുന്നതിനും, അവരുടെ അക്കൗണ്ടിംഗ് കഴിവുകളെ വർദ്ധിപ്പിക്കുവാനും സഹായിക്കുന്നു.

ഇതിലൂടെ വിദ്യാർത്ഥികൾക്ക് അക്കൗണ്ടിംഗ്, ടാക്സേഷൻ നിർവ്വഹണം, ഫിനാൻഷ്യൽ മാനേജ്മെന്റ്, ബിസിനസ് രീതികളുടെ പരിചയം എന്നിവയിൽ ആസക്തി കാണുകയും പ്രാവീണ്യം നേടുകയും ചെയ്യുന്നു. അധ്യാപകരുടെ വിജ്ഞാനത്തിൽ ഈ മേഖലകളിൽ വളർച്ച നേടുവാനും സാധിക്കുന്നു.



കേറി വാ മക്കളേ

എറണാകുളം ആൽബെർട്ടിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലേക്ക് (AIM)



Dr. Geo Jos Fernandez
ആൽബർട്ടിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്

സാറിന്റെ പുതിയ പടത്തിൽ കോടതി സീൻ ഒക്കെ ഉണ്ടെന്ന് കേട്ടല്ലോ. അത് ഷൂട്ട് ചെയ്യണമെങ്കിൽ നമുക്ക് കോടതിയുടെ സെറ്റ് ഇണ്ടേ?

നമ്മൾ എന്തിനാടോ വെറുതെ കഷ്ടപ്പെട്ട് സെറ്റ് ഇടുന്നത്. മലയാള സിനിമയിലെ ആസ്ഥാന കോടതി ദേ ഇവിടെ എറണാകുളത്തുണ്ട്, ക്യാമറയുമായിട്ട് നേരേ അങ്ങോട്ട് പോയാൽ പേരേ?

അതേതാണ് സാറേ അങ്ങനെയൊരു സ്ഥലം? ആ സ്ഥലം ദേ ഇവിടെയാണ്, എറണാകുളത്തിന്റെ സ്വന്തം സെന്റ് ആൽബർട്ട്സ് കോളേജിലെ MBA വിഭാഗമായ ആൽബർട്ടിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്.

ഒറിജിനൽ കോടതിയെ വെല്ലുന്ന സ്റ്റൈലിൽ ഈ ബിൽഡിംഗ് ഇങ്ങനെ തലയുയർത്തി നിൽക്കുമ്പോൾ പിന്നെന്തിനാണ് വേറെ സ്ഥലം അന്വേഷിച്ചു പോകുന്നത്. ഒറിജിനാലിറ്റിയുടെ കാര്യത്തിൽ മുഴുവൻ മാർക്കുള്ള ബിൽഡിംഗ് കാണുമ്പോൾ ഏത് സിനിമക്കാരനും ചോദിച്ചു പോകും കോടതി സീൻ ഇവിടെ ഷൂട്ട് ചെയ്തോട്ടെ എന്ന്.

75 ലക്ഷം രൂപയുടെ മെറിറ്റ് സ്കോളർഷിപ്പുകൾ

പിന്നെ, 75 ലക്ഷം രൂപയുടെ സ്കോളർഷിപ്പോ? വെറുതെ പറയല്ലെടോ....

ഇല്ല മച്ചാനെ, നമ്മുടെ വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ജോസഫ് കളത്തിപ്പറമ്പിൽ പിതാവ് 75 ലക്ഷം രൂപവരെയുള്ള സ്കോളർഷിപ്പ് പ്രഖ്യാപിച്ചായിരുന്നു. വരുന്ന അധ്യയന വർഷം മുതൽ ചേരുന്ന വിദ്യാർത്ഥികൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപക രക്ഷാധികാരി സ്വർഗീയ പൂജ്യനായ ആർച്ച്ബിഷപ്പ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവിന്റെ പേരിലാണ് സ്കോളർഷിപ്പ്.



ചെയ്തു ചെയ്തു പഠിക്കുക

യഥാർത്ഥ രോഗികളുള്ള ആശുപത്രികളിൽ യഥാർത്ഥ ഡോക്ടർമാരാൽ മെഡിക്കൽ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുകയാണെങ്കിൽ, ബിസിനസ്സ് പഠിക്കുന്നത് എന്തിന് വ്യത്യസ്തമാകണം. ഈ സ്ഥാപനത്തിൽ ക്ലാസ്സ് മുറികൾക്ക് അകത്തും പുറത്തുമായി പഠനം നടക്കുന്നു. ഇവിടെ വ്യവസായ സ്ഥാപനങ്ങളിലെ മേലുദ്യോഗസ്ഥരും വിദഗ്ധരും ക്ലാസ്സുകൾ എടുക്കുകയും, വിദ്യാർത്ഥികൾ 400 മണിക്കൂർ നീണ്ടുനിൽക്കുന്ന പ്രത്യേക തൊഴിൽ പരിശീലനവും പ്രൊജക്റ്റു ചെയ്യുകയും കൂടാതെ വിദ്യാർത്ഥികൾ അവരുടെ ഒന്നാം സെമസ്റ്ററിൽ ഒരു ഉൽപ്പന്നം വികസിപ്പിച്ചെടുക്കുകയും ചെയ്യണം. പാഠപുസ്തകങ്ങൾ ആധുനിക മാർക്കറ്റിംഗ് പഠിപ്പിക്കുന്നില്ലെന്ന് അറിയാവുന്നതുകൊണ്ട് ഇവിടത്തെ വിദ്യാർത്ഥികൾ സ്വന്തം സോഷ്യൽ മീഡിയ ചാനലുകൾ വഴിയോ അല്ലെങ്കിൽ പ്രാദേശിക ബിസിനസുകൾക്കായി ഫലപ്രദമായ ഡിജിറ്റൽ മാർക്കറ്റിംഗ് തന്ത്രങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ട് അത് പഠിക്കുന്നു. സിമുലേഷനുകളിലൂടെ ഫൈനാൻസും, റോൾപ്ലേകളിലൂടെയും കേസ് സ്റ്റഡീസിലൂടെയും വിദ്യാർത്ഥികൾ ബാക്കി വിഷയങ്ങളും പഠിക്കുന്നു.

സ്വപ്നങ്ങൾക്ക് ചിറകു വിരിക്കാൻ

ഡിഗ്രിയും, പി ജി യും കംപ്ലീറ്റ് ചെയ്തു ചുമ്മാ കറങ്ങി നടക്കാനല്ലാതെ വേറെ വലിയ സ്വപ്നങ്ങൾ വല്ലതും മനസ്സിൽ സൂക്ഷിക്കുന്നുണ്ടോ? അത് സ്വയം സംരംഭകത്വം എന്നാണോ എങ്കിൽ നിങ്ങൾ കറക്റ്റ് സ്ഥലത്താണ് എത്തിയിരിക്കുന്നത്. ഇനി ഒരു അന്തവും കുന്തവും ഇല്ലേ, എങ്കിൽ പിന്നെ കോളേജിന്റെ പ്ലേസ്മെന്റ് സെൽ നിങ്ങളെ സപ്പോർട്ട് ചെയ്യും. തൊണ്ണൂറു ശതമാനത്തിൽ കൂടുതൽ വിദ്യാർത്ഥികൾക്ക് ഓരോ വർഷവും പഠിച്ചിറങ്ങുമ്പോൾ തന്നെ ക്യാമ്പസ് പ്ലേസ്മെന്റ് ലഭിക്കുന്നു എന്നത് ഈ കലാലയത്തിന്റെ പ്രത്യേകതയാണ്.

അവാർഡുകളുടെ
കളിക്കൂട്ടുകാരൻ

ഇതെന്താ ബഡ്ഡി അവാർഡുകളുടെ കളിക്കൂട്ടുകാരൻ? അതേ ബെഡ്ഡി പറഞ്ഞുതരാം. കഴിഞ്ഞ മൂന്നു വർഷത്തിൽ ആൽബെർട്ടിൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് നേടിയ അവാർഡുകൾക്ക് കയ്യും കണക്കുമില്ല. അവാർഡിന്റെ ലിസ്റ്റ് പറഞ്ഞുതരാം. കേട്ടോളൂ.

NAAC ഗ്രേഡ് നേടിയ ഈ സ്ഥാപനം കഴിഞ്ഞ മൂന്നു വർഷങ്ങളായി ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച നൂറ്റൻപത് ബിസിനസ് വിദ്യാഭ്യാസ കലാലയങ്ങളിൽ ഒന്നാണ്. കേന്ദ്രസർക്കാരിന്റെ AICTE ഈ സ്ഥാപനത്തെ ഇന്ത്യയിലെതന്നെ ഏറ്റവും മികച്ച നിലയിൽ Industrial Collaboration നടത്തുന്ന സ്ഥാപനങ്ങളിൽ ഒന്നായി തിരഞ്ഞെടുത്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെതന്നെ വിദ്യാഭ്യാസ മന്ത്രാലയം ഈ സ്ഥാപനത്തെ അവരുടെ ARIIA റാങ്കിംഗിലും, MIC IIC റാങ്കിംഗിലും ഏറ്റവും മികച്ച നിലയിൽ വിദ്യാർത്ഥികളിൽ സ്വയം സംരംഭകത്വം വളർത്തുന്നതിനായി പ്രവർത്തിക്കുന്ന സ്ഥാപനമായി തിരഞ്ഞെടുത്തിട്ടുണ്ട്. കേരള സർക്കാരിന്റെ ഊർജ്ജ കേരള പദ്ധതിയിൽ കേരളത്തിലെ ആദ്യത്തെ ഫിലമെന്റ് രഹിത ബിസിനസ് സ്കൂളായി തിരഞ്ഞെടുക്കപ്പെട്ടു ഈ സ്ഥാപനം. കേരളത്തിലെ ഏറ്റവും മികച്ച ബിസിനസ് സ്കൂളായി ബിഗിൻപ് റിസർച്ച് ഇന്റലിജൻസ് തിരഞ്ഞെടുത്തിട്ടുണ്ട്. ഇന്ത്യയിലെ വ്യാവസായിക സ്ഥാപനങ്ങളുടെ കൺസോർഷ്യമായ FICCI ഈ കലാലയത്തെ ഏറ്റവും മികച്ച ബിസിനസ് സ്കൂളായി തിരഞ്ഞെടുക്കുകയും, കേരളത്തിന്റെ വ്യാവസായിക മന്ത്രി ശ്രീ. പി. രാജീവിൽനിന്നും അവാർഡ് ഏറ്റുവാങ്ങുകയും ചെയ്തു. ഏറ്റവും മികച്ച ഇൻഡസ്ട്രി അലൈൻഡ് ബിസിനസ് സ്കൂളിനുള്ള അവാർഡ് ഗോവയുടെ ഗവർണർ ശ്രീ (അഡ്വ.) പി.എസ്. ശ്രീധരൻ പിള്ളയിൽനിന്നു ലഭിച്ചിട്ടുള്ള ഈ സ്ഥാപനം, കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിൽ ഓഫ് കേരളയും, ആർ.ടി.ഒ. കൗൺസിൽ കേരളയും സംയുക്തമായി ഏർപ്പെടുത്തിയ കൺസ്യൂമർ പ്രൊട്ടക്ഷൻ അവാർഡ് കേരളത്തിന്റെ മുൻ ഗതാഗത മന്ത്രി ശ്രീ. അഡ്വ. ആന്റണി രാജുവിൽനിന്നും നേടിയിട്ടുണ്ട്. അതുകൂടാതെ ഇവിടത്തെ അധ്യാപകർ ദേശീയ അന്തർദേശീയ അവാർഡുകൾ കഴിഞ്ഞ മൂന്നു വർഷത്തിൽ നേടിയത് മൂന്നെണ്ണമാണ്. ഇവിടത്തെ വിദ്യാർത്ഥികളും ഒട്ടും മോശമല്ല, എല്ലാ വർഷവും സംസ്ഥാന, ദേശീയ മാനേജ്മെന്റ് ഫെസ്റ്റുകളിൽ നിരവധി





Kuriakose V. Thundiyil
ആൽബെർട്ടിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി

വിദ്യാഭ്യാസം, സാമൂഹ്യസേവനം, ആരോഗ്യ പരിരക്ഷ എന്നീ മേഖലകളിൽ വർഷങ്ങളുടെ സേവന പരിചയമുള്ള വരാപ്പുഴ അതിരൂപതയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജാണ് ആൽബെർട്ടിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി (AISAT). 2011 ആഗസ്റ്റ് 30-ന് ആർച്ച് ബിഷപ്പ് റവ. ഡോ. ഫ്രാൻസിസ് കല്ലറക്കൽ പിതാവ് AISATന്റെ ആശീർവാദം നടത്തി. വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ പിതാവിന്റെ നേതൃത്വത്തിൽ ഇന്ന് ഈ സ്ഥാപനം കേരളത്തിലെ എഞ്ചിനീയറിംഗ് പഠനപാതയിൽ ഉയർത്തിക്കെട്ടിയ ദീപസ്തംഭമാണ്. വേദപാരംഗതനും,



AISAT

പണ്ഡിതനും, ശാസ്ത്രജ്ഞരുടെയും തത്ത്വചിന്തകന്മാരുടെയും സ്വർഗീയ മധ്യസ്ഥനുമായ മഹാനായ വി. ആൽബർട്ടിന്റെ നാമധേയത്തിലുള്ള ഈ എഞ്ചിനീയറിംഗ് കോളേജ്, വ്യവസായ നഗരമായ കൊച്ചിയിൽ, കളമശ്ശേരിയിൽ, കൊച്ചിൻ യൂണിവേഴ്സിറ്റിക്ക് സമീപത്തായി സ്ഥിതിചെയ്യുന്നു. AISAT ന്റെ മാനേജർ റവ. ഫാ. ആന്റണി വി. അറക്കലിന്റെയും അസിസ്റ്റന്റ് മാനേജർ റവ. ഫാ. മനോജ് മരോട്ടിക്കലിന്റെയും നേതൃപാഠവത്തിലും ദീർഘവീക്ഷണത്തിലും ഈ സ്ഥാപനം ഉന്നതിയിലേക്കുള്ള കുതിപ്പ് തുടരുകയാണ്.

കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ (ഗഠഡ) അഫിലിയേറ്റ് ചെയ്തിട്ടുള്ള, AICTE അപ്രൂവ് ചെയ്തിട്ടുള്ളതുമായ സിവിൽ എഞ്ചിനീയറിംഗ് (CE), കംപ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് (CSE), ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് (ECE), ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് (EEEE), മെക്കാനിക്കൽ എഞ്ചിനീയറിംഗ് (ME) എന്നീ കോഴ്സുകളാണ് നടത്തപ്പെടുന്നത്. കാലത്തിന്റെ മാറ്റങ്ങൾ മനസ്സിലാക്കി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേർണിംഗ് (AI&ML) എന്ന ഒരു പുതിയ കോഴ്സും അടുത്ത അധ്യയന വർഷം മുതൽ ആരംഭിക്കുന്നു. AISAT ന്റെ കോഴ്സുകൾ National Board of Accreditation (NBA) ന്റെ അംഗികാരമുള്ളതാണ്.

AISAT B.Tech സീറ്റുകളിൽ ഓരോ ബ്രാഞ്ചിലും 50% ഗവൺമെന്റ് എൻട്രൻസ് പരീക്ഷയിലൂടെയുള്ള മെറിറ്റ് സീറ്റുകളും, 35% മാനേജ്മെന്റും, 15% NRI സീറ്റുകളുമാണ്. AISAT ൽ മാനേജ് മെന്റ് സീറ്റിൽ അഡ്മിഷൻ തേടുന്നതിന്റെ ആദ്യപടി കുട്ടി രക്ഷിതാവുമൊത്തു കോളേജിൽവച്ച് അഡ്മിഷൻ ഇൻചാർജുമായി നടത്തുന്ന അക്കാദമിക് കൗൺസിലിങ്ങ് ആണ്. ഈ കൗൺസിലിങ്ങ് സെക്ഷനിൽ കോഴ്സുകൾ പരിച

യപ്പെടുത്തി കുട്ടിയുടെ അഭിരുചിയുടെയും ആഗ്രഹത്തിന്റെയും അടിസ്ഥാനത്തിൽ കോഴ്സ് തെരഞ്ഞെടുക്കാൻ സഹായിക്കുന്നു. കോഴ്സ് തിരഞ്ഞെടുത്തു കഴിഞ്ഞാൽ അഡ്മിഷനായി ഓൺലൈനിൽ അപേക്ഷിച്ചു ബുക്കിങ്ങ് ഫീസ് അടക്കാം.

AISAT ലെ അദ്ധ്യയന സമയം രാവിലെ 8 മുതൽ ഉച്ചയ്ക്ക് 1.30 വരെയാണ്. സൗകര്യപ്രദമായ ഈ സമയക്രമം ക്ലാസ്സുകൾക്കു ശേഷം പഠനത്തിനും പരിശീലനത്തിനുമായി കുട്ടികൾക്ക് ഉപയോഗിക്കാവുന്നതാണ്. AISAT ൽ പ്രവർത്തിക്കുന്ന Innovation & Entrepreneurship Development Cell (IEDC) കുട്ടികളുടെ സംരംഭകത്വവും, സർഗ്ഗാത്മകതയും വളർത്തുന്നതിൽ വലിയ പങ്കു വഹിച്ചുവരുന്നു. ഫുട്ബോൾ ടർഫുകളും, ബാഡ്മിന്റൺ കോർട്ടുകളും, സ്വിമ്മിങ് പൂളും, ജിമ്മും, ക്രിക്കറ്റ് നെറ്റ്സുമുള്ള വിശാലമായ സ്പോർട്സ് കോംപ്ലക്സ് AISAT ന്റെ പ്രത്യേകതകളിൽ ഒന്നാണ്. 2023-24 KTU ഓൾ കേരള ഇന്റർ കോളേജിയറ്റ് കരാട്ടെ ചാമ്പ്യൻഷിപ്പിൽ ചാമ്പ്യന്മാർ AISAT ന്റെ കുട്ടികൾ ആയിരുന്നു. സ്പോർട്സിൽ എന്നപോലെ അധ്യയനത്തിലും AISAT പുറകിലല്ല. 2022-23-ൽ സിവിൽ എഞ്ചിനീയറിംഗിൽ 8-ാം റാങ്ക് AISAT ലെ ഇവാഞ്ചല ഹെന്റിക്കായിരുന്നു.

ശക്തമായ പ്ലേസ്മെന്റ് സെൽ AISAT ന് സ്വന്തമാണ്. യോഗ്യരായവരിൽ 87% പേർക്കും പ്ലേസ് മെന്റ് ലഭ്യമാക്കാൻ AISAT ന് സാധിക്കുന്നു. കൃത്യതയുള്ള പ്ലേസ്മെന്റിനായി ആദ്യവർഷം മുതൽ തന്നെ ഓരോ ബ്രാഞ്ചിലെയും കുട്ടികളെ വ്യക്തമായ പരിശീലനത്തിൽ ഉൾപ്പെടുത്തുന്നു. ഒന്നാം വർഷം ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേഷൻ, അടുത്തവർഷം ലോജിക്കൽ റീസണിംഗ്, മൂന്നാം വർഷം സോഫ്റ്റ് സ്കിൽസ് എന്നിങ്ങനെ വ്യത്യസ്തങ്ങളായ പരിശീലനത്തിലൂടെ ഓരോ വിദ്യാർത്ഥിയെയും നാലാം വർഷം പ്ലേസ്മെന്റ് ഇന്റർവ്യൂവിനായി പ്രത്യേകം ഒരുക്കുന്നു. AISAT ന്റെ പ്ലേസ് മെന്റ് പരിശീലനം, പഠനാവസാനം കൃത്യമായ ജോലി ലഭ്യത ഉറപ്പാക്കാൻ ഓരോ കുട്ടിയേയും സഹായിക്കുന്നു.

AISAT മുറുകെപിടിക്കുന്ന മുദ്രാവാക്യം തന്നെ "We Make Engineers, not just Engineering Graduate's എന്നതാണ്. ഈ സ്ഥാപനത്തിൽനിന്നും പുറത്തിറങ്ങുന്ന ഓരോ എഞ്ചിനീയറും നാടിന്റെ നന്മയുടെ നിർമ്മിതിയിൽ മുതൽക്കൂട്ടാകുമെന്നതിൽ സംശയമില്ല.



SCHOLARSHIPS & FEE WAIVERS

ENTRANCE TOP RANKERS

1 - 10,000 - NO TUITION FEE

10,001 - 15,000 - ₹10,000 TUITION FEE

15,001 - 20,000 - ₹20,000 TUITION FEE

PLUS TWO PCM MARKS

ABOVE 95% - NO TUITION FEE

90 - 95 % - 40,000 SCHOLARSHIP

85 - 90 % - 30,000 SCHOLARSHIP

80 - 85 % - 20,000 SCHOLARSHIP

70 - 80 % - 10,000 SCHOLARSHIP

OUR HIGHLIGHTS

- NBA ACCREDITED COURSES
- PLACEMENT: 87%
- AISAT INCUBATION CENTRE
- AISAT RESEARCH CENTRE
- AISAT SPORTS COMPLEX
- EARN WHILE YOU LEARN
- COLLEGE BUS FACILITY
- TIMING: 8:00AM - 1:30PM

CONTACT DETAILS

+91 9048540361
0484 2540361

WWW.AISAT.AC.IN

LOCATION

WEBSITE



സെന്റ് പോൾസ് കോളേജ്

1965-ൽ പിറവികൊണ്ട സെന്റ് പോൾസ് കോളേജ് അറുപതു വർഷം പൂർത്തിയാക്കി വ്യവസായ നഗരമായ കളമശ്ശേരിയുടെ തിലകച്ചാർത്തായി, ഡയമണ്ട് ജൂബിലി നിറവിൽ തിളക്കം പൂണ്ടു നിലകൊള്ളുന്നു.

'Life Nobly Lived' എന്ന ആദർശത്തിലൂന്നി പഠനാഭിവൃദ്ധി, വ്യക്തിത്വവികാസം, തത്ത്വാധിഷ്ഠിത സ്വഭാവ രൂപീകരണം, മതേതര ജനാധിപത്യ വീക്ഷണം, പൈതൃക സംസ്കാര സ്വാംശീകരണം, പാഠ്യേതര മേഖലകളിലെ

പ്രാവീണ്യം, വിവരസാങ്കേതികവിദ്യ, സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിലെ പിന്നോക്കാവസ്ഥയിൽ നിന്നു മോചനം എന്നിവ ലക്ഷ്യമിട്ടു മുന്നേറുന്ന കോളേജ് മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ എച്ച്.എം.ടി റോഡിൽ പതിനഞ്ച് ഏക്കർ വരുന്ന സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്.

ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള അധ്യാപകരും മികവാർന്ന ഓഫീസ് സംവിധാനങ്ങളും കോളജിന്റെ സവിശേഷതയാണ്. എയ്ഡഡ്, സ്വാശ്രയ വിഭാഗങ്ങളിലായി നൂറിലധികം അധ്യാപകർ ഇവിടെ സേവനമനുഷ്ഠിക്കുന്നു. വിദ്യാർഥികളുടെ സാമൂഹ്യ സാംസ്കാരിക അക്കാദമിക് മികവിനായി അധ്യാപക അനധ്യാപക വിഭാഗങ്ങൾ ആത്മാർത്ഥമായി പരിശ്രമിക്കുന്നു. പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് മികച്ച തൊഴിലവസരങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി വിവിധ കമ്പനികളുമായി സഹകരിച്ച് കോളേജ് വർഷംതോറും പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുന്നുണ്ട്. മികച്ച പഠന അന്തരീക്ഷത്തിൽ പാഠ്യപാഠ്യേതര വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് തങ്ങളുടെ കഴിവുകൾ മാറ്റുരയ്ക്കാൻ സാധിക്കുന്ന വിധമാണ് കോളേജ് വിഭാവനം ചെയ്തിട്ടുള്ളത്.

ഫസ്റ്റ് ഗ്രേഡ് ഡിജിറ്റൽ ലൈബ്രറി, കാന്റീൻ, വനിതാ ഹോസ്റ്റൽ, ക്രിക്കറ്റ് സ്റ്റേഡിയം, ഫുട്ബോൾ, ബാഡ്മിന്റൺ, വോളിബോൾ, ബാസ്കറ്റ്ബാൾ കോർട്ടുകൾ, ടേബിൾ ടെന്നീസ്, യോഗ, ടൈകൊണ്ടോ, ബോക്സിങ് തുടങ്ങിയവയും മികച്ച സൗകര്യങ്ങളുള്ള ഓഡിറ്റോറിയം, ഫിറ്റ്നസ് സെന്റർ, 400 മീറ്ററും എട്ടു ലെയിനുമുള്ള ട്രാക്ക്, ദേശീയ, സംസ്ഥാന, യൂണിവേഴ്സിറ്റി തല മത്സരങ്ങൾ നടത്തുന്ന വിസ്തൃതമായ ഗ്രൗണ്ട് എന്നിവയുൾപ്പെടെ ഒട്ടേറെ അപൂർവ്വതകൾ കലാലയത്തിനുണ്ട്.

ബി.എ.ഇംഗ്ലീഷ്, ഇക്കണോമിക്സ്, ബി.കോം, ബി.എസ്സി ഫിസിക്സ്, മാത്തമാറ്റിക്സ്, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ബി.ബി.എ, എം.എ ഇക്കണോമിക്സ്, എം.എസ്.സി. ഫിസിക്സ്, മാത്തമാറ്റിക്സ്, കെമിസ്ട്രി, എം.കോം എന്നിവയ്ക്കു പുറമേ ബിവൊക് കോഴ്സുകളായ ബാങ്കിംഗ് & ഫിനാൻഷ്യൽ സർവീസസ്, ടൂറിസം & ഹോസ്പിറ്റാലിറ്റി, ബ്രോഡ്കാസ്റ്റിംഗ് & ജേർണലിസം, ലോജിസ്റ്റിക്സ് മാനേജ്മെന്റ് എന്നിവയും, എം.ജി. യൂണിവേഴ്സിറ്റിയുടെ അംഗീകാരമുള്ള ഫിസിക്സ്, കൊമേഴ്സ്, മാത്തമാറ്റിക്സ് തുടങ്ങിയ റിസർച്ച് സെന്ററുകളും സെന്റ് പോൾസിൽ പ്രവർത്തിക്കുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ബിവോക് കോഴ്സുകളിലൂടെ പ്രാധാന്യം നൽകുന്നു.

വിദ്യാർഥികളുടെ സാമൂഹ്യ സാംസ്കാരിക അക്കാദമിക് മികവിനായി അധ്യാപക അനദ്ധ്യാപക വിഭാഗങ്ങൾ ആത്മാർത്ഥമായി പരിശ്രമിക്കുന്നു. പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് മികച്ച തൊഴിലവസരങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി വിവിധ കമ്പനികളുമായി സഹകരിച്ച് കോളേജ് വർഷം തോറും പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുന്നുണ്ട്.

ഇംഗ്ലീഷ് ലാംഗ്വേജ് ലബോറട്ടറി, കംപ്യൂട്ടർ സെന്റർ, അകൂസ്റ്റിക് തിയേറ്റർ, റെക്കോർഡിങ് സ്റ്റുഡിയോ, സെമിനാർ ഹാൾ, ഓഡിറ്റോറിയം, റിപ്രോഗ്രാഫിക് സെന്റർ, കോഫീ പോയിന്റ് എന്നിവയും കേരള സർക്കാരിന്റെ വനമിത്ര പുരസ്കാരത്തിന് അർഹമാക്കിയ മിയോവാക്കിയും കലാലയ സൗകര്യങ്ങൾക്കു മാറ്റുകൂട്ടുന്നു.

അക്കാദമിക തലത്തിൽ റാങ്കുകളോടെ ഉന്നതവിജയം കൈവരിക്കാൻ സെന്റ് പോൾസിനു കഴിഞ്ഞു. വിവിധ വിഷയങ്ങളിൽ ഉന്നതവിജയം നേടുന്നവർക്കായി പതിനെട്ടു സ്കോളർഷിപ്പുകളും കോളേജ് ഏർപ്പെടുത്തിയിട്ടുണ്ട്. അക്കാദമിക് നിലവാരവും പഠന പഠനാനുബന്ധ മേഖലകളിലെ സൗകര്യങ്ങളും പരിഗണിച്ച് നാഷനൽ അസ്സസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC) സെന്റ്റ് പോൾസ് കോളേജിന് A ഗ്രേഡ് പദവി നല്കുകയുണ്ടായി.

കോളേജിന്റെ ഇതഃപര്യന്തമുള്ള സമഗ്രവികസനത്തിന് കളമൊരുക്കിയ പ്രതിഭകൾ ഏറെയാണ്. വരാപ്പുഴ അതിരൂപത ആർച്ചുബിഷപ്പുമാരായ ഡോ. ഏയ്ഞ്ചൽമേരി, ഡോ. ജോസഫ് അട്ടിപ്പേറ്റി, ഡോ. ജോസഫ് കേളന്തറ, സഹായ മെത്രാൻ ഡോ. ആന്റണി തണ്ണിക്കോട്ട്, ആർച്ച് ബിഷപ്പ് ഡോ. കൊർ ണേലിയൂസ് ഇലഞ്ഞിക്കൽ, ആർച്ച് ബിഷ്പ്പ് ഡോ. ഡാനി യേൽ അച്ചാരുപറമ്പിൽ, ആർച്ച് ബിഷപ്പ് ഫ്രാൻസിസ് കല്ലറക്കൽ ഇപ്പോഴത്തെ രക്ഷാധികാരി ആർച്ച് ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ എന്നിവരുടെ നിസ്തുല സേവനങ്ങൾ വിവരണാതീതമാണ്.

മികച്ച പഠനാന്തരീക്ഷത്തിൽ മികവാർന്ന സൗകര്യങ്ങളിലൂടെ നല്ല വിദ്യാഭ്യാസം നേടി നല്ല മനുഷ്യരായി മുന്നേറുവാനും വിജയം കരസ്ഥമാക്കുവാനും സെന്റ് പോൾസ് നിങ്ങളെ സ്വാഗതം ചെയ്യുന്നു.

സ്വർഗാരോഹണം



ഡോ. ക്ലമന്റ്
വള്ളുവശ്ശേരി

മനുഷ്യകുലത്തെ സ്നേഹിച്ചതുകൊണ്ട് ദൈവം മഹിമ വെടിഞ്ഞ് മനുഷ്യനായി അവതരിച്ചു. പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ച് കുരിശിൽ തറയ്ക്കപ്പെട്ട്, മരിച്ച് അടക്കപ്പെട്ടു; പാതാളങ്ങളിൽ ഇറങ്ങി, മരിച്ചവരുടെ ഇടയിൽനിന്ന് മൂന്നാം നാൾ ഉയിർത്തു, സ്വർഗ്ഗത്തിലേക്ക് എഴുന്നള്ളി, സർവ്വശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലതുഭാഗത്തിരിക്കുന്നു.-

ക്രൈസ്തവ വിശ്വാസത്തിന്റെ കാതലായ ബോധ്യമാണിത്.

യേശു ഉയിർത്തെഴുന്നേറ്റത് മറ്റൊരു സ്ഥലത്തേക്ക് തന്റെ ജീവിതം പറിച്ചു നടാനായിരുന്നില്ല. അവിടുന്നു പറയുന്നു, "യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടു കൂടിയുണ്ടായിരിക്കും" (മത്താ 28:20).

വീണ്ടും മത്തായിയുടെ സുവിശേഷം 18-ാം അദ്ധ്യായം 20-ാം വാക്യത്തിൽ നാം വായിക്കുന്നു, 'രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മധ്യേ ഞാനുണ്ട്." 25-ാം അധ്യായം 35-ാം വാക്യത്തിൽ യേശു പറയുന്നു, "എനിക്കു വിശന്നു, നിങ്ങളെനിക്കു ഭക്ഷിക്കാൻ തന്നു."

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണ രേഖകളിൽ ഒന്നായ Gaudium et Spes 22-ാം ഖണ്ഡികയിൽ നാം വായിക്കുന്നു, "ദൈവപുത്രനായ അവിടുന്ന് തന്റെ മനുഷ്യാവതാരത്താൽ സകല മനുഷ്യരോടും തന്നെത്തന്നെ ഒരുവിധത്തിൽ സംയോജിപ്പിച്ചിരിക്കുന്നു."

അതിനാൽ പ്രിയപ്പെട്ടവരേ, ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം ഭൂമിയിലെ അവിടുത്തെ അസാന്നിദ്ധ്യത്തെയല്ല സൂചിപ്പിക്കുന്നത്. മറിച്ച് അവിടുത്തെ സാന്നിദ്ധ്യത്തിന്റെ മറ്റൊരു അർത്ഥതലത്തെയാണ്.

സ്വർഗാരോഹണം ഒരു പൂർത്തീകരണത്തിന്റെ ധ്വനി പ്രദാനം ചെയ്യുന്നു. യേശു ഇഹലോക ജീവിതം ആരംഭിക്കുന്നത് മനുഷ്യാവതാരത്തോടെയാണ്. സ്വർഗ്ഗത്തിലേക്കുള്ള മടക്കയാത്ര ദൃശ്യാത്മകമായ അവതാരണമാണ്. ദൈവപുത്രൻ സ്വയം ശൂന്യനാക്കി, മനുഷ്യനായി പിറന്നു. ഫിലിപ്പിയർക്കുള്ള ലേഖനം 2-ാം അദ്ധ്യായം മുതൽ 11 വരെയുള്ള ക്രിസ്തുഗീതത്തിൽ നാം വായിക്കുന്നു, "ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിച്ചില്ല. ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി."

മനുഷ്യാവതാരം പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമായിരുന്നു. പരിശുദ്ധാത്മാവ് ശിഷ്യരെ ശക്തിപ്പെടുത്തുമെന്ന് സ്വർഗ്ഗാരോഹണ വേളയിൽ അവിടുന്ന് വാഗ്ദാനം ചെയ്യുന്നു (ലൂക്കാ 24:49). അങ്ങനെ സ്വർഗ്ഗാരോഹണം പരിശുദ്ധ ത്രിത്വത്തിന്റെയും ക്രിസ്തുവിന് സവിശേഷമായി സമ്മേളിക്കുന്ന ദൈവികതയുടെയും മാനുഷികതയുടെയും തിരുനാളാണ്. പിതാവായ ദൈവത്തിന്റെയും ദൈവമനുഷ്യനായ യേശുക്രിസ്തുവിന്റെയും പരിശുദ്ധാത്മാവിന്റെയും കൂട്ടായ്മയുടെ തിരുനാൾ. അപരിമേയനായ ദൈവത്തെക്കുറിച്ച് പറയാൻ നമുക്ക് മാനുഷികമായ വാക്കുകളും ബിംബങ്ങളും മാത്രമേയുള്ളൂ എന്ന യാഥാർത്ഥ്യം നാം മറക്കരുത്.

സ്വർഗാരോഹണ തിരുനാൾ, നമ്മുടെ യഥാർത്ഥ ഭവനമായ സ്വർഗ്ഗത്തിലേക്ക് ദൃഷ്ടി ഉയർത്താൻ നമ്മെ ക്ഷണിക്കുന്നു. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം നമ്മുടെയും സ്വർഗ്ഗപ്രാപ്തിയുടെ നാന്ദിയാണ്. സ്വർഗ്ഗമാണ് നമ്മുടെ ലക്ഷ്യം. ഇഹലോക ജീവിതം മാർഗ്ഗം മാത്രമാണ്-അത് ഹ്രസ്വവും കടന്നുപോകുന്നതുമാണ്. ഈ ഓർമ്മപ്പെടുത്തൽ കൂടിയാണ് ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം.

ലൂക്കായുടെ സുവിശേഷവും അപ്പസ്തോലന്മാരുടെ നടപടി പുസ്തകവും യേശുവിന്റെ ഉത്ഥാനം കഴിഞ്ഞ് 40-ാം ദിവസമാണ് സ്വർഗ്ഗാരോഹണം എന്നു സൂചിപ്പിക്കുന്നുണ്ട്. ഈ ചുരുങ്ങിയ കാലയളവിൽ ഉത്ഥിതൻ തന്റെ ശിഷ്യർക്ക് വ്യത്യസ്ത സന്ദർഭങ്ങളിൽ പ്രത്യക്ഷപ്പെടുന്നതായും വിവരണങ്ങളിൽ നമുക്കു കാണാം. എന്നാൽ മത്തായിയും മർക്കോസും നല്കുന്ന വിശദീകരണത്തിൽ ഇപ്രകാരമൊരു കാലയളവ് സൂചിപ്പിക്കപ്പെടുന്നില്ല. കാലയളവിൽ അല്ല കാര്യം എന്ന് ഇത് വ്യക്തമാക്കുന്നു. നാല്പത് എന്ന സംഖ്യയ്ക്ക് വിശുദ്ധഗ്രന്ഥ പശ്ചാത്തലത്തിലുള്ള സവിശേഷമായ പ്രതീകാത്മക അർത്ഥം നമുക്ക് അറിവുള്ളതാണല്ലോ.

അപ്പസ്തോലന്മാരുടെ നടപടി പുസ്തകാരംഭത്തിൽ സ്വർഗ്ഗാരോഹണത്തെ സംബന്ധിച്ചു വിശദമായ വിവരണം നമുക്കു കാണാം. 1:1-11 വാക്യങ്ങൾ-മൂന്നു കാര്യങ്ങളാണ് ഇവിടെ അനാവരണം ചെയ്യപ്പെടുന്നത്.

1.ലൂക്കാ സുവിശേഷവുമായുള്ള ബന്ധം 1:1-2 വാക്യങ്ങൾ

2.പീഡാസഹനത്തിനുശേഷം സ്വർഗ്ഗാരോഹണം വരെയുള്ള സമയത്ത് യേശു ശിഷ്യന്മാർക്കു നല്കിയ നിർദ്ദേശങ്ങൾ 1: 3-8 വാക്യങ്ങൾ.

3.സ്വർഗ്ഗാരോഹണ വിവരണം 1:9-11 വാക്യങ്ങൾ

ഇവയിലൂടെ പുതിയ സമൂഹത്തിന്റെ അടിസ്ഥാനവും പ്രവർത്തന ലക്ഷ്യവും ശൈലിയും വ്യക്തമാക്കപ്പെടുന്നു. യേശുവിന്റെ തുടർച്ചയാണ് അപ്പസ്തോല പ്രവർത്തനം വിശദീകരിക്കുന്ന പുതിയ സമൂഹം. സർവ്വജനങ്ങളോടും സുവിശേഷം പ്രഘോഷിക്കേണ്ടത് ഈ സമൂഹമാണ്. ക്രിയാത്മകതയാണ് ഈ സമൂഹത്തിന്റെ ജീവിതശൈലി. സ്വർഗ്ഗാരോഹണത്തിനു മുമ്പു യേശു നൽകുന്ന പ്രേഷിത ദൗത്യത്തിൽ ഇത് പ്രസ്പഷ്ടമാണ്. "ജറൂസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കും." ഇതൊരു വലിയ വെല്ലുവിളിയാണ്. പ്രവർത്തന നിരതരാകാനുള്ള ആഹ്വാനമാണ് സ്വർഗ്ഗാരോഹണം നല്കുന്നത്. വെറുതെ നിഷ്ക്രിയരായിരുന്നാൽ പോരാ. 11-ാം വാക്യം ശ്രദ്ധിക്കുക. "അല്ലയോ ഗലീലിയരേ, നിങ്ങൾ ആകാശത്തിലേക്ക് നോക്കി നില്ക്കുന്നതെന്ത്?" ശിഷ്യരുടെ ദൗത്യനിർവ്വഹണം ഇവിടെ ആരംഭിക്കുന്നു.

നാലു പാഠങ്ങളെങ്കിലും സ്വർഗ്ഗാരോഹണം നമുക്കു പ്രദാനം ചെയ്യുന്നുണ്ട്.

ഒന്ന്: ഈ ലോകജീവിതത്തിന പ്പുറം സ്വർഗ്ഗീയവും മഹത്വപൂർണ്ണ വുമായ ഒരു ജീവിതമുണ്ടെന്ന കാഴ്ചപ്പാടിൽ നാം ആഴപ്പെടണം. ഈലോക നേട്ടങ്ങളൊന്നും ശാശ്വത സന്തോഷം നമുക്കു പ്രദാനം ചെയ്യുന്നില്ല. "അങ്ങിൽ വിലയം പ്രാപിക്കുന്നതുവരെ എന്റെ ആത്മാവ് അസ്വസ്ഥമാണ്" എന്ന വി. അഗസ്തീനോസിന്റെ വാക്കുകളിലും ഈ ആശയം തന്നെയാണ് പ്രതിധ്വനിക്കുന്നത്.

രണ്ട്: സ്വർഗ്ഗത്തിൽ എത്തിച്ചേരുക യാണ് ഓരോ ക്രിസ്തുശിഷ്യ ന്റെയും ജീവിതലക്ഷ്യം. ക്രിസ്തു വിന്റെ സ്വർഗ്ഗാരോഹണം നമ്മു ടെയും സ്വർഗ്ഗപ്രാപ്തിയുടെ മുന്നോടിയാണ്. യേശു പറയുന്നു, "ഒരുവൻ ലോകം മുഴുവൻ നേടി യാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം?" (മത്താ 16:26). അവിടുന്ന് വീണ്ടും പറ യുന്നു: "എന്റെ പിതാവിന്റെ ഭവന ത്തിൽ അനേകം വാസസ്ഥലങ്ങ ളുണ്ട്. ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കി കഴിയുമ്പോൾ വീണ്ടും വന്ന് നിങ്ങളേയും കൂട്ടി ക്കൊണ്ടു പോകും" (യോഹ 14:2-3).

യേശുവിന്റെ സ്വർഗ്ഗത്തിലേക്കുള്ള കടന്നുപോകലാണ് സ്വർഗ്ഗാരോഹ ണം. ഇതൊരു ഓർമ്മപ്പെടുത്തലാ ണ്. സ്വർഗ്ഗം പിതാവായ ദൈവ ത്തിന്റെ വാസസ്ഥലമായി യേശു അവതരിപ്പിക്കുന്നു. സ്വർഗ്ഗീയ പിതാവിന്റെ ഭവനമായ സ്വർഗ്ഗ ത്തിൽ എത്തിച്ചേരുകയാണ് നമ്മുടെ ഓരോരുത്തരുടേയും ജീവിതലക്ഷ്യം. ആ ലക്ഷ്യത്തെ ക്കുറിച്ച് കൂടുതൽ ബോധവാന്മാ രാകാനും ആ ബോധ്യത്തിൽ ആഴപ്പെടാനും സ്വർഗ്ഗാരോഹണ തിരുനാൾ നമ്മെ ക്ഷണിക്കുന്നു.

മൂന്ന്: നമ്മുടെ ജീവിതലക്ഷ്യമായ സ്വർഗ്ഗത്തിൽ എത്തിച്ചേരാനുള്ള മാർഗ്ഗത്തെക്കുറിച്ച് വ്യക്തമാക്കു ന്നു. യേശു പറയുന്നു, "ഞാനാണ് വഴിയും സത്യവും ജീവനും; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ പക്കലേക്കു വരു ന്നില്ല" (യോഹ 14:6).അവിടു ന്നാണ് സ്വർഗ്ഗത്തിലേക്കുള്ള വഴി.

സ്വർഗാരോഹണം ഒരു പൂർത്തീകരണ ത്തിന്റെ ധ്വനി പ്രദാനം ചെയ്യുന്നു. യേശു ഇഹലോക ജീവിതം ആരംഭിക്കുന്നത് മനു ഷ്യാവതാരത്തോടെ യാണ്. സ്വർഗ്ഗത്തിലേ ക്കുള്ള മടക്കയാത്ര ദൃശ്യാത്മകമായ അവ താരണമാണ്. ദൈവ പുത്രൻ സ്വയം ശൂന്യ നാക്കി, മനുഷ്യനായി പിറന്നു.

ആ ഭവനത്തിലേക്ക് ക്രിസ്തുശി ഷ്യരായ നമ്മെ ഓരോരുത്തരേയും കൂട്ടിക്കൊണ്ടു പോകാൻ താൻ വരുമെന്ന വാഗ്ദാനവും അവിടന്ന് നമുക്ക് നൽകിയിട്ടുണ്ട്. നമ്മുടെ മരണത്തിലൂടെയാണ് നാം സ്വർഗ്ഗ ത്തിലേക്കു കടക്കുന്നത്. പിതാ വിന്റെ ഇഷ്ടം നിറവേറ്റാനായിരി ക്കണം നമ്മുടെ സമസ്ത ശ്രദ്ധ.

പിതാവിന്റെ ഭവനമായ സ്വർഗ്ഗത്തി ലേക്കു നമ്മുടെ നാഥൻ ആരോഹി തനായ ദിവസം അഥവാ സ്വർഗ്ഗാ രോഹണ തിരുനാൾ നാം ആചരി ക്കുമ്പോൾ ഈലോകജീവിതത്തി നപ്പുറം ഉന്നതവും മഹത്വപൂർണ്ണ വുമായ ജീവിതമുണ്ടെന്നും ആ ലോകത്ത് എത്തിച്ചേരുകയാണ് നമ്മുടെ ലക്ഷ്യമെന്നും ആ ലക്ഷ്യ ത്തിലെത്തിച്ചേരാൻ യേശു കാണി ച്ചുതന്ന വഴിയിലൂടെ നടക്കണ മെന്നും നമുക്ക് മറക്കാതിരിക്കാം.

നാല്: നാം മറ്റുള്ളവർക്ക് ഒരനുഗ്ര ഹമായി മാറണം. സ്വർഗാരോഹണ വേളയിൽ യേശു ശിഷ്യരെ ബഥാ നിയാവരെ കൂട്ടിക്കൊണ്ടു പോയി- കൈകളുയർത്തി ശിഷ്യരെ അനു ഗ്രഹിച്ചു എന്ന് ലൂക്കാ സുവിശേഷ കൻ രേഖപ്പെടുത്തുന്നു. ക്രിസ്തു വിന്റെ അനുഗ്രഹം സ്വീകരിക്കുന്ന നാം മറ്റുള്ളവർക്ക് അനുഗ്രഹമായി മാറണം. ഓരോ ക്രൈസ്തവ ന്റെയും അടിസ്ഥാനപരമായ വിളി ഇതുതന്നെയാണ്. അതിനായി നാം ശക്തിപ്പെടണം. ആത്മാവാൽ നിറ യണം.

"വാക്കി"നെ നോക്കുക. "വാക്ക്" അർത്ഥപൂർണമായ ശബ്ദമാണ്. "വാക്കി' നു മുൻപും പിൻപും നിശബ്ദതയുണ്ട്. മറ്റു വാക്കിൽ പറഞ്ഞാൽ ശബ്ദവും നിശ്ശബ്ദത യുമാണ് 'വാക്കി' നു അർത്ഥം പക രുന്നത്. അസാന്നിദ്ധ്യം സാന്നി ദ്ധ്യത്തെ കൂടുതൽ മിഴിവുള്ള താക്കി തീർക്കുന്നതുപോലെ നിശ്ശ ബ്ദത ബലിയർപ്പിക്കപ്പെടുമ്പോൾ 'വാക്ക്' തുടങ്ങുന്നു. അത് പൂർണ്ണ മാകുന്നതോ വീണ്ടും നിശ്ശബ്ദത യിൽ ലയിക്കുമ്പോഴാണ്.

യേശു വചനമാകുന്നു. അപരിമേയനായ ദൈവം തന്നെതന്നെ ശൂന്യവൽക രിച്ച് മനുഷ്യനായി. മനു ഷ്യനായ വചനത്തിന്റെ അർത്ഥം പൂർത്തീകരിക്ക പ്പെടുന്നത് അപരിമേയത യിൽ വീണ്ടും ഉയിർക്കൊ ള്ളുമ്പോഴാണ്. മാനുഷിക തയുടെ നിരാസമല്ലത്; മറിച്ച് ദൈവികതയിലുള്ള മാനുഷികതയുടെ ഉൾച്ചേ രലാണ്. അതുകൊണ്ടുത ന്നെയാണ് ഉത്ഥിതൻ തന്റെ മുറിപ്പാടുകൾ ശിഷ്യർക്ക് കാണിച്ചുകൊ ടുക്കുന്നതും. മനുഷ്യാവ താരത്തിന്റെ അർത്ഥതലം സ്വർഗ്ഗാരോഹണത്തിൽ പൂർത്തിയാകുന്നു.

എല്ലാ അമ്മമാർക്കും സ്തുതിയായിരിക്കട്ടെ



ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

വീണ്ടും ഒരു 'മാതൃദിനം' - "Mothers day' കൂടി ആഗതമാകുന്നു. എല്ലാ വർഷവും മെയ്മാസം 2-ാമത്തെ ഞായറാഴ്ചയാണ് നമുക്ക് ജന്മം നൽകിയ അമ്മമാരെ ഓർക്കുവാനും, അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനുമായി ലോകം ഒന്നാകെ കരുതി വച്ചിരിക്കുന്ന പുണ്യദിനം.

അമ്മയെക്കുറിച്ച് സുന്ദരമായ കവിത സോഷ്യൽ മീഡിയയിൽ വായിച്ചതിപ്രകാരമാണ്:

"My mother is the best
she never never rest
To make my future very bright
she teaches new thing every day
..... I would like to thank her ...."

എത്ര അർത്ഥ സമ്പുഷ്ടമായ വരികളാണ് ഈ ലഘുകവിതയിൽ അടങ്ങിയിട്ടുള്ളത്. ഖലീൽ ജിബ്രാൻ ഇപ്രകാരം എഴുതുന്നു;

'അമ്മയും കു ഞ്ഞും തമ്മിലാണ് ഭൂമിയിൽ ആദ്യ ത്തെ പ്രണയമുണ്ടായതെന്ന്.'

അമ്മേ എന്നു വിളിച്ച് കൊതി തീർന്ന ആരും ഈ ഭൂമിയിലുണ്ടാവില്ല. എത്ര വളർന്നാലും ഒരുവന്റെ നാവിൻ തുമ്പിൽ വരുന്ന വാക്ക് അമ്മേ എന്നു തന്നെയായിരിക്കും. അവൻ പിറന്നു വീഴുമ്പോൾ മുറിച്ചു മാറ്റിയ പൊക്കിൾക്കൊടി ബന്ധം അമ്മയ്ക്കും മക്കൾക്കുമിടയിൽ അദൃശ്യമായി അവസാനത്തോളം നിലനിൽക്കും.

എല്ലാ മനുഷ്യരുടെ മനസിലുണ്ട് അമ്മയെ തേടുന്ന കുഞ്ഞ്. ഒരു കുഞ്ഞിന് പിതാവിനെക്കാൾ വൈകാരികമായ അടുപ്പം അമ്മയോടാണെന്നതാണ് സത്യം.

മാതൃദിന ചരിത്രം

പ്രാചീന ഗ്രീസിലും റോമിലും മാതൃദിനങ്ങൾ ഉണ്ടായിരുന്നു. ഇന്നു കാണുന്ന മാതൃദിനാഘോഷങ്ങൾക്ക് കേവലം 100 വർഷത്തെ ചരിത്ര പാരമ്പര്യമേയുള്ളൂ. പ്രാചീന ഗ്രീസിൽ വസന്തകാലത്ത് ഒരു ദിനം മാതൃദിനമായി ആഘോഷിച്ചിരുന്നു. ഗ്രീക്കുകാരുടെ മാസോത്സവമായിരുന്നു അത്. ക്രോണാസ് ദേവന്റെ ഭാര്യയായ കെയയുടെ ഓർമ്മയ്ക്കായിരുന്നു റോമാക്കാരുടെ ഈ ആഘോഷം. 19-ാം നൂറ്റാണ്ടോടുകൂടി ഈ ആഘോഷങ്ങൾ അപ്രത്യക്ഷമായി.

ആധുനിക മാതൃദിന ചരിത്രം ആരംഭിക്കുന്നത് 1872 ജൂലിയ വാർസ് ഹൊവേ എന്ന പ്രശസ്ത കവയത്രിയുടെ പേരുമായി ബന്ധപ്പെടുത്തിയാണ്. ഈ വനിതയാണ് 'മാതൃദിനം' എന്ന ആശയം മുന്നോട്ടു വച്ചത്. അമേരിക്കൻ ആഭ്യന്തര യുദ്ധകാലത്ത് ജൂലിയയുടെ മുദ്രാവാക്യ ഗീതങ്ങൾ പോരാളികൾക്ക് ഒരു ഉന്മേഷമായിരുന്നു. സമാധാനത്തെ ഓർമ്മിപ്പിക്കുന്ന ദിനമായിട്ടാണ് ജൂലിയ മാതൃദിനത്തെ വിഭാവനം ചെയ്തത്.

അന്നമേരി ഓർവിസ് എന്ന അദ്ധ്യാപികയാണ് മാതൃദിനത്തിന്റെ അമ്മ എന്നപേരിൽ അറിയപ്പെടുന്നത്. ലോകത്തുള്ള അമ്മമാരെ ആദരിക്കാൻ ഒരു ദിവസം ഉണ്ടാകണമെന്ന് ഇവൾ ആഗ്രഹിച്ചു. അമ്മയുടെ ഈ ആഗ്രഹം 1905 ൽ അവരുടെ മരണശേഷം മകൾ നിറവേറ്റി. അന്ന അമ്മയ്ക്ക് ഇഷ്ടപ്പെട്ട പൂക്കളുമായി സിമിത്തേരിയിൽ പോയി പ്രാർത്ഥിച്ചു. പിന്നീട് ഏതാനും പേരെക്കൂടി വിളിച്ചു ചേർത്ത് മാതൃദിനം എന്ന ആശയം പങ്കുവച്ചു. അങ്ങനെ കുറെപ്പേർ ചേർന്ന് മാതൃദിനമെന്ന ആശയം കൂടുതൽ ജനകീയമാക്കി.

അമ്മയാണ് പുണ്യം

അമ്മമാർ നമ്മുടെ ഒപ്പമുള്ള കാലം ഭൂമിയിലെ സുന്ദരമായ കാലമാണ്. ഒരു മോട്ടിവേഷൻ സ്പീച്ചിൽ ജോസഫ് അമ്മയെക്കുറിച്ച് നൽകുന്ന സുന്ദരമായ ഒരു പ്രഭാഷണം ഇപ്രകാരമാണ്:

'ഒരു ഡിക്ഷണറിയിലെ പദങ്ങൾ മുഴുവൻ എടുത്തിട്ട് വാരി വിതറിയിട്ടാൽ, അതിനകത്തുനിന്ന് ഒരു പദം മാത്രം നിങ്ങളോട് തിരഞ്ഞെടുക്കാൻ പറഞ്ഞാൽ നിങ്ങൾ ഏത് പദം തെരഞ്ഞെടുക്കും? എന്നോട് ഈ ചോദ്യം ചോദിക്കുകയാണെങ്കിൽ ഞാൻ തീർച്ചയായും തെരഞ്ഞെടുക്കാൻ പോകുന്നത് 'അമ്മ' എന്ന വാക്കായിരിക്കും. കാരണം ബാക്കിയെല്ലാ വാക്കുകളും ആ ഒരൊറ്റ വാക്കിലുണ്ട്. കാരണം ആ പദത്തിൽ സ്നേഹമുണ്ട്, കരുണയുണ്ട്, കരുതലുണ്ട്, സംരക്ഷണമുണ്ട്. എല്ലാം ചേർന്ന വളരെ മനോഹരമായ ഒരു വാക്കാണ് 'അമ്മ'

ഓരോ മാതൃദിനവും നമുക്ക് മധുരം നൽകുന്ന ഓർമ്മകളാണ് സമ്മാനിക്കുന്നത്. സ്നേഹത്തോടും ലാളനയോടുംകൂടിയാണ് അമ്മമാർ മക്കളെ ചേർത്തുവിളിക്കുന്നത്. സുന്ദരമായ ഒരു കഥ വായിച്ചതോർക്കുന്നു

‘12 മൈൽ ദൈർഘ്യമുള്ള സ്നേഹം’ (The love of twelve miles long) അറ്റ്ലാന്റിൽ നടക്കുന്ന കഥയാണ്. അടിമക്കച്ചവടം നിലനിന്നിരുന്ന ആ നാട്ടിൽ ഒരു ശീലമുണ്ടായിരുന്നു. ഒരു വയസാകുന്നതോടെ കുഞ്ഞുങ്ങളെ അമ്മയിൽനിന്ന് അകറ്റുന്നു. അമ്മയെ അകലെയുള്ള ഏതെങ്കിലും വയലിൽ പണിക്ക് നിയോഗിക്കുന്നു. ഗ്രാമത്തിലെ വയോധികരായ സ്ത്രീകളാണ് കുഞ്ഞിന്റെ ചുമതല. പിന്നീട് അമ്മയും കുഞ്ഞും തമ്മിൽ യാതൊരു ബന്ധവുമില്ല. എന്നാൽ ഫ്രഡറിക് എന്ന കുഞ്ഞിന് ഒരു ഭാഗ്യമുണ്ടാകുന്നു. അവന്റെ അമ്മയ്ക്ക് അവനെ കാണാതിരിക്കാനാകുമായിരുന്നില്ല. പകൽ വയലിലെ ജോലി കഴിഞ്ഞ് രാത്രിയിൽ 12 മൈൽ അകലെയുള്ള മകനെ കാണാൻ നടന്നുപോകും. എന്നിട്ട് ആ രാത്രി തന്നെ തിരികെ നടന്ന് അടുത്ത പകൽ അവൾ അധ്വാനിക്കും. മകനുവേണ്ടി ഓരോ രാത്രിയും അങ്ങനെ 24 മൈൽ അവൾ നടന്നു. ഉറക്കമില്ലാത്ത രാത്രികളായിരുന്നു ആ അമ്മയ്ക്ക്. ഒടുവിൽ അമ്മയുടെ സ്നേഹവും കരുതലും ഫ്രഡറികിനെ അടിമത്തത്തിനെതിരെ പോരാടുന്ന പോരാളിയും അറിയപ്പെടുന്ന പ്രഭാഷകനും എഴുത്തുകാരനുമാക്കി മാറ്റുന്നതാണ് കഥ.

നമ്മുടെ അനുദിന ജീവിതത്തിൽ നിറസാന്നിദ്ധ്യമാണ് നമ്മുടെ അമ്മമാർ. ആരാണ് യഥാർത്ഥത്തിൽ അമ്മ? കൂടെയായിരിക്കുമ്പോൾ അമ്മയുടെ സാന്നിധ്യം നമുക്ക് അമൂല്യമാണ്. അമ്മയുടെ അഭാവമോ.... പല ഭവനങ്ങളെയും നിശ്ചലമാക്കും. അമ്മമാരുടെ ത്യാഗമാണ് ശൈശവത്തിന്റെ ബലഹീനതകളെ മറികടക്കാൻ നമ്മെ സഹായിക്കുന്നത്. ത്യാഗത്തിന്റെ വഴികളിലൂടെയാണ് നമ്മുടെ അമ്മമാരുടെ സഞ്ചാരം. സ്വന്തം മക്കളെ വളർത്തി വലുതാക്കാൻ അമ്മമാർ അനുഭവിക്കുന്ന ത്യാഗവും സേവനവും എത്രയോ വലുതാണ്. ദിവസവും വെളുപ്പിന് മൂന്നുമണിക്കെഴുന്നേറ്റ് മുഴുവൻ ജോലികളും തീർത്ത് 7 മണിയാകുമ്പോഴേക്കും ജോലിക്കു



പോകുന്ന ഒരമ്മയെ എനിക്കറിയാം. ഉറക്കംപോലും വേണ്ടാന്നുവച്ച് വർഷങ്ങളായി, പരിഭവമില്ലാതെ ആ അമ്മ അദ്ധ്വാനിക്കുന്നു. ഭൂമിയിലെ ഭൂരിഭാഗം അമ്മമാരും ഇപ്രകാരംതന്നെയാണ്. ബൈബിളിലെ പുതിയ നിയമത്തിൽ നാം വായിക്കുന്ന നിലത്തുവീണഴിയുന്ന ഗോതമ്പു മണിയുടെ ഉപമ ഈ അമ്മമാർക്ക് ഏറ്റവുമധികം യോജിക്കുമെന്നത് തീർച്ചയാണ്.

വി. മദർ തെരേസ തന്റെ ദൈവവിളിയുടെ പശ്ചാത്തലത്തിൽ സ്വന്തം അമ്മയെക്കുറിച്ച് ഓർത്തെടുക്കുന്നത് ഇപ്രകാരമാണ്;

ആഗ്നസ് എന്ന മദർതെരേസയ്ക്ക് 9 വയസ്സുള്ളപ്പോൾ പിതാവ് മരിച്ചു. എന്റെ പിതാവിന്റെ മരണശേഷം കുടുംബം തകർച്ചയിലേക്ക് പതിച്ചു. അപ്പോൾ ഞങ്ങളുടെ കുടുംബത്തെ നയിച്ചത് ആത്മാവിന്റെ അമ്മ എന്ന് ഞങ്ങൾ വിളിച്ചിരുന്ന അമ്മ റോസയുടെ നിശ്ചയദാർഢ്യവും ദൈവവിശ്വാസവുമായിരുന്നു. ക്രിസ്തുവിന്റെ മണവാട്ടിയായി പ്രേഷിത ജീവിതത്തിലേക്ക് പോകാനുള്ള എന്റെ തീരുമാനം എന്റെ അമ്മയെ അറിയിച്ചപ്പോൾ ഒരക്ഷരം മറുപടി പറയാതെ കിടപ്പുമുറിയിൽ കയറി വാതിലടച്ചു. 24 മണിക്കൂർ കഴിഞ്ഞ് പുറത്തുവന്ന അമ്മ എന്നെ വാരിപ്പുണർന്നിട്ടു പറഞ്ഞു: “നിന്റെ കൈ അവന്റെ കൈകളിലർപ്പിച്ച് അവന്റെ പാതയിലൂടെ പോകുക” എനിക്ക് തരാനുള്ള അമ്മയുടെ ഏറ്റവും വലിയ സമ്മാനമായിരുന്നു ഈ വാക്കുകൾ എന്ന് മദർ തെരേസ പറയുന്നുണ്ട്.

മുഹമ്മദ് ബഷീറിന്റെ ‘അമ്മ’ എന്ന ഓർമ്മക്കുറിപ്പ് ഇങ്ങനെ: വർഷങ്ങളായി നാട്ടിൽ നിന്ന് പുറപ്പെട്ടതാണയാൾ. മാസങ്ങൾക്ക് ശേഷം മടങ്ങിവന്നു. അപ്പോഴും ബഷീറിന്റെ അമ്മ ഉമ്മറപ്പടിയിലുണ്ട്. രാത്രിയിൽ കയറിവന്ന മകനോട് ‘നീ വല്ലതും കഴിച്ചോ?’ എന്ന് ഉമ്മ. അവൻ സങ്കടത്തിലായി. ലോകം നിദ്രയിലാണ്ടപ്പോഴും അമ്മ അയാൾക്കായി കാത്തിരുന്നു. ചോറുപാത്രം നീട്ടിയ അമ്മയോട് ‘ഞാൻ വരുമെന്ന് ഉമ്മ എങ്ങനെ അറിഞ്ഞു? ചോറും കറിയുമായി എല്ലാ രാത്രിയിലും ഞാൻ കാത്തിരുന്നു എന്ന് ഉമ്മയുടെ മറുപടി.

നമ്മുടെ ലോകം അമ്മയെ ആഗ്ര ഹിക്കുകയും തേടുകയും ചെയ്യുന്ന കാലമാണിന്ന്. ഖലീൻ ജിബ്രാൻ എഴുതി; "മനുഷ്യന്റെ ചുണ്ടിലെ ഏറ്റവും സുന്ദരമായ പദം അമ്മയെന്നാണ്." ഞാൻ വായിച്ച ഏറ്റവും വലിയ ഗ്രന്ഥം എന്റെ അമ്മയെയാണ്. എബ്രഹാം ലിങ്കൺ പറയുന്നുണ്ട്;

അമ്മയെക്കുറിച്ച് ആശയങ്ങൾ ആവശ്യമില്ല. ജീവിത യാഥാർത്ഥ്യം തന്നെയാണ് അമ്മ. എല്ലാ അമ്മമാരും പ്രാർത്ഥനകളാണ്, നീണ്ടകാലത്തെ പ്രാർത്ഥനകൾ. ഓരോ അമ്മമാരുടെ ഇപ്രകാരമുള്ള നീണ്ടകാലത്തെ പ്രാർത്ഥനകളാണ് മക്കളുടെ ജീവിതവഴിയിലെ വലിയ ബലം. ഈ യാഥാർത്ഥ്യം മനസ്സിലാക്കാതെ എത്രയോ അമ്മമാർ മക്കളാൽ ഉപേക്ഷിക്കപ്പെട്ട് വൃദ്ധസദനങ്ങളിലേക്ക് എറിയപ്പെടുന്നു.

പഠിക്കുന്ന സമയത്ത് ആലുവ, ചുണങ്ങംവേലിയിൽ സിസ്റ്റേഴ്സ് നേതൃത്വം നൽകുന്ന വൃദ്ധസദനത്തിൽ പോയതോർക്കുന്നു. 70 വയസോളം പ്രായം വരുന്ന അമ്മച്ചി പറഞ്ഞ വാക്കുകൾ ഓർമ്മ വരുന്നു. ഒരേയൊരു മകനാണുള്ളത്. അവൻ ഇവിടെ എന്നെ തനിച്ചാക്കിയിട്ട് 8 വർഷം കഴിഞ്ഞു. ഓരോ ക്രിസ്മസിനും ഈസ്റ്ററിനും കേക്കുമായി വരും. ആ കേക്കിനൊന്നും മധുരമില്ലല്ലോ. എനിക്കൊരു പ്രാർത്ഥനയേ ഉള്ളൂ. എന്റെ പുന്നാര മകനെ അവന്റെ മക്കൾ ഉപേക്ഷിക്കാതെ ജീവിതാവസാനം വരെ സംരക്ഷിക്കണമേയെന്ന്. കർത്താവ് പ്രാർത്ഥന കേട്ടാൽ മതിയായിരുന്നു.

മദർ തെരേസയുടെ ജീവിതാനുഭവങ്ങളിൽനിന്ന് ഒരു സംഭവംകൂടി കുറിച്ചിട്ട് ഈ കുറിപ്പ് അവസാനിപ്പിക്കട്ടെ...

'ഞാൻ പാവപ്പെട്ട സ്ത്രീയെ ചപ്പുകൂനയിൽനിന്ന് വാരിയെടുക്കുമ്പോൾ അവൾക്ക് പൊള്ളുന്ന പനിയായിരുന്നു. അവളുടെ അവസാന നിമിഷങ്ങളാണെന്ന് മനസ്സിലായി. അവൾ കരയുകയായിരുന്നു. തുടർന്ന് അവൾ പറഞ്ഞു: 'ഞാൻ പാലൂട്ടി വളർത്തിയ എന്റെ മകൻ എന്നോടിതു ചെയ്തല്ലോ' ഞാൻ അവളോട് എല്ലാം ക്ഷമിക്കൻ അപേക്ഷിച്ചു. നീ മകനോട് ക്ഷമിക്കണം. അവന് നീ അമ്മയാണെന്ന് ഓർക്കണം. എല്ലാം പൊറുക്കണം. ഏറെ നേരത്തെ ശ്രമത്തിനുശേഷം അവൾ പറഞ്ഞു ഞാനവനോട് ക്ഷമിച്ചിരിക്കുന്നു എന്ന്.

അമ്മ ഒരു സത്യം. അച്ഛൻ ഒരു വിശ്വാസമാണ്. ആദ്യമായി കേട്ട താരാട്ട് പാട്ടും കവിളിൽ കിട്ടിയ ആദ്യത്തെ പൊൻമുത്തവും ആദ്യ രുചിയായി നാവിലൂടെ അലിഞ്ഞിറങ്ങിയ അമ്മിഞ്ഞപ്പാലുമെല്ലാം അമ്മയെന്ന മഹാസത്യത്തിന്റെ തൂവൽ സ്പർശങ്ങളാണ്. എല്ലാ വിദ്യാർത്ഥികളുടെയും ആദ്യത്തെ അദ്ധ്യാപിക അമ്മയാണ്. അമ്മയുടെ വിരൽത്തുമ്പ് പിടിച്ചാണ് നാം പിച്ചവെച്ച് നടക്കാൻ പഠിച്ചത്. എവിടെയെല്ലാം, എങ്ങനെയെല്ലാം പെരുമാറണമെന്ന് പഠിച്ചത് അമ്മിയിൽ നിന്നാണ്. അമ്മ അഭയമാണ്. നന്മയുടെ വികാരങ്ങളായ സ്നേഹവും കരുണയും കരുതലും നാം പഠിച്ചത് അമ്മയിൽ നിന്നാണ്. ഊണുമുറിയിൽ എല്ലാവർക്കും വിളമ്പിവച്ച്, എല്ലാവരും ഉണ്ട് തൃപ്തരായതിനുശേഷം ഉള്ളതുകൊണ്ട് വിശപ്പടക്കിയവളാണ് അമ്മ. വീട്ടിലെ എല്ലാവരുടെ ഇഷ്ടങ്ങൾ തൃപ്തിപ്പെടുത്തിയ അമ്മ... അമ്മയുടെ ഇഷ്ടങ്ങൾ, സ്വപ്നങ്ങൾ നാം എപ്പോഴെങ്കിലും ചോദിച്ചറിഞ്ഞിട്ടുണ്ടോ?

അതെ, സഹനത്തിന്റെയും ത്യാഗത്തിന്റെയും കരുതലിന്റെയും മൂർത്തീഭാവമാണ് അമ്മ. നമ്മുടെ നല്ല സുഹൃത്താണ് അമ്മ. അമ്മയോട് തുറന്നു പറയാൻ കഴിയാത്തതൊന്നും നമ്മുടെ ജീവിതത്തിലുണ്ടാകാതിരിക്കട്ടെ. അമ്മയെന്നും നിലവിളക്കാണ്. ആ പ്രകാശം എന്നും നമ്മുടെ ജീവിതത്തിൽ പ്രഭ ചൊരിയട്ടെ....

വരാപ്പുഴ അതിരൂപതയ്ക്ക് ബിജെപി അനുകൂല നിലപാട് എന്ന പ്രചരണം അവാസ്തവം

പൊതുസമൂഹത്തെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ വരാപ്പുഴ അതിരൂപതയ്ക്ക് ബിജെപി അനുകൂല നിലപാട് എന്ന പ്രചരണം ശരിയല്ല എന്ന് വരാപ്പുഴ അതിരൂപത പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് അറിയിക്കുന്നു. ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടിക്ക് വോട്ട് ചെയ്യണമെന്ന നിലപാട് അതിരൂപത നിലവിൽ ഈ തെരഞ്ഞെടുപ്പിൽ കൈക്കൊണ്ടിട്ടില്ല.

അതിരൂപതയുടെ മുഖപത്രമായ ജീവദീപ്തിയിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിന്റെ അടിസ്ഥാനത്തിലാണ് തെറ്റായ വ്യാഖ്യാനം നൽകിയിട്ടുള്ളത്. 'ഇന്ത്യയെ ആര് നയിക്കണമെന്ന' ചോദ്യത്തിന് ഉത്തരമായി ലേഖകൻ എഴുതിയ അഭിപ്രായങ്ങളെ വ്യാഖ്യാനിച്ചാണ് ലത്തീൻ സഭയുടെ നിലപാടെന്ന പേരിൽ പ്രചരിപ്പിക്കപ്പെടുന്നത്. ഇത് ബന്ധപ്പെട്ട ലേഖകന്റെ വ്യക്തിപരമായ അഭിപ്രായം മാത്രമാണെന്ന് അതിരൂപത ഔദ്യോഗികമായി അറിയിച്ചിട്ടുള്ളതാണ്.

പ്രശ്നങ്ങളുടെയും മൂല്യങ്ങളുടെയും അടിസ്ഥാനത്തിലുള്ള സമദൂരം ആണ് ലത്തീൻ സമൂഹത്തിന്റെയും വരാപ്പുഴ അതിരൂപതയുടെയും പൊതുനിലപാട്. സമുദായം ഉന്നയിച്ചിട്ടുള്ള വിഷയങ്ങളിൽ മുന്നണികളുടെയും രാഷ്ട്രീയ പാർട്ടികളുടെയും നിലപാട് മനസ്സിലാക്കി ഉചിതമായ രീതിയിൽ സമ്മതിദാനാവകാശം വിനിയോഗിക്കുവാനുള്ള കഴിവ് ജനങ്ങൾക്കുണ്ടാകണം.

ഫാ. യേശുദാസ് പഴമ്പിള്ളി
വരാപ്പുഴ അതിരൂപത വക്താവ്

അഡ്വ. ഷെറി ജെ തോമസ്
പിആർഒ

ദൈവത്തിനുവേണ്ടി വിശക്കുന്നവർക്ക് ജീവന്റെ അപ്പം



ഡോ. മാർട്ടിൻ ശങ്കൂരിക്കൽ

1988-ൽ വി. ജോൺ പോൾ പാപ്പ ലാറ്റിനമേരിക്കൻ രാജ്യമായ പെറു സന്ദർശിക്കുമ്പോൾ സ്വാഗതം പറഞ്ഞത് വിക്റ്റർ-ഐറിൻ ദമ്പതികളാണ്. പട്ടിണിയും ദാരിദ്ര്യവും പട്ടാളഭരണവും കൊണ്ട് തകർന്നടിഞ്ഞ തങ്ങളുടെ രാജ്യത്തിന്റെ ശോചനീയാവസ്ഥ സൂചിപ്പിച്ചുകൊണ്ട് അവർ പറഞ്ഞു: "പരിശുദ്ധ പിതാവേ, ഞങ്ങൾക്ക് വിശക്കുന്നു." മറുപടി പ്രസംഗത്തിൽ മാർപാപ്പ പറഞ്ഞു: "നിങ്ങളുടെ ശാരീരികമായ വിശപ്പ് ശമിപ്പിക്കപ്പെടണമെന്നു ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ, ദൈവത്തിനുവേണ്ടിയുള്ള നിങ്ങളുടെ വിശപ്പ്, അതൊരിക്കലും തീർന്നുപോകാതിരിക്കട്ടെ!"

ദൈവത്തിനുവേണ്ടിയുള്ള വിശപ്പ് തീർന്നുപോകുന്നൊരു കാലത്തിലാണ് അപ്പമായൊരു ദൈവത്തെ സ്വീകരിക്കാൻ നമ്മുടെ കുഞ്ഞുങ്ങൾ തയ്യാറെടുക്കുന്നത്. വിശക്കുന്നവന്റെ മുന്നിൽ ദൈവം അപ്പമായാണ് പ്രത്യക്ഷപ്പെടേണ്ടത് എന്നു പറഞ്ഞത് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മഗാന്ധിയാണ്. എന്നാൽ ശരീരത്തിന്റെ വിശപ്പുമാത്രമല്ല ആത്മാവിന്റെ വിശപ്പുംകൂടി മാറ്റാനാണ് അവൻ അപ്പമായത്.

അവൻ പിറന്നത് "അപ്പത്തിന്റെ ഭവനം" എന്നർത്ഥമുള്ള ബെത്‌ലഹേമിലാണ്. പിറന്നപ്പോൾ അവനെ കിടത്തിയത് പശുക്കളുടെ അപ്പപാത്രമായ പുൽത്തൊട്ടിയിലാണ്. അവസാനമവൻ സെഹിയോനിൽ ജീവന്റെ അപ്പമായി. വിശ്വാസത്തിന്റെ ഈ മഹാരഹസ്യം "ദിവ്യകാരുണ്യവിസ്മയം" എന്ന കവിതയിൽ കവി ഇപ്രകാരം കുറിച്ചിട്ടു:

"ഒരു ചെറുകാറ്റിൽ പറക്കുമീ
ഗോതമ്പപ്പത്തിൽ
വൻ കൊടുങ്കാറ്റുകളൊടുക്കിയോനുണ്ടെന്ന
നേരിൽ നീ നനയുക'

ജീവന്റെ അപ്പം ജീവിതോർജ്ജത്തിന്റെ അപ്പമാണ്.

ജെസബെൽ എന്ന ക്രൂരയായ രാജ്ഞിയുടെ വാളിൽനിന്ന് രക്ഷപ്പെടാൻ പലായനം ചെയ്യുന്ന ഏലിയാ പ്രവാചകനെ രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിൽ നമ്മൾ കണ്ടുമുട്ടുന്നുണ്ട് (1 രാജാ. 19). ഓടിയോടി തളർന്ന ഏലിയ ഒരു വാടാമുൾച്ചെടിയുടെ തണലിൽ കിടന്നുറങ്ങുമ്പോൾ ദൈവത്തിന്റെ മാലാഖ അവനെ തട്ടിയുണർത്തിയിട്ട് പറഞ്ഞു: "ഇതാ, ചുടുകല്ലിൽ ചുട്ടെടുത്ത അപ്പവും വെള്ളവും; എടുത്തു ഭക്ഷിക്കുക." അപ്പം ഭക്ഷിച്ചിട്ട് കിടന്നുറങ്ങിയ ഏലിയായെ വീണ്ടും തട്ടിയുണർത്തിയിട്ട് ദൂതൻ പറഞ്ഞു: "യാത്ര ദുഷ്കരമാണ്, എടുത്തു ഭക്ഷിക്കുക. ദൈവമാലാഖ കൊടുത്ത അപ്പം ഭക്ഷിച്ച ഏലിയ 40 ദിനരാത്രങ്ങൾ സഞ്ചരിച്ച് ലക്ഷ്യസ്ഥാനമായ കർത്താവിന്റെ മലയായ ഹോറെബിലെത്തി എന്ന് വി. ഗ്രന്ഥത്തിൽ നമ്മൾ വായിക്കുന്നു. സമയരഥത്തിലെ സഞ്ചാരിയായ മനുഷ്യൻ ജീവിത യാത്രയ്ക്കിടയിൽ തളർന്നു വീഴുമ്പോൾ അവന് ജീവിതോർജ്ജം നൽകി മുന്നോട്ടുപോകാൻ ശക്തിപ്പെടുത്തുന്നതുകൊണ്ടാണ് ഈ അപ്പത്തെ നാം ജീവന്റെ അപ്പമെന്ന് പറയുന്നത്. അക്കരെക്ക് (സ്വർഗീയ ജറൂസലേം) യാത്രചെയ്യുന്നവർക്കുള്ള ഊർജ്ജസ്രോതസ്സിന്റെ പൊതിച്ചോറായതുകൊണ്ടാണ് നമ്മൾ ഈ അപ്പത്തെ തിരുപ്പാഥേയം എന്നു വിളിക്കുന്നത്.

വിശ്വാസപരമായ സംശയങ്ങളുണ്ടായപ്പോൾ സക്രാരി തുറന്ന് അതിലേക്ക് തലയിട്ട് പ്രാർത്ഥിച്ചുകൊണ്ടിരുന്ന വി. തോമസ് അക്വീനാസും ആത്മാവിന്റെ ഇരുണ്ട രാത്രികളിൽ അരുളിക്ക കഴുത്തിൽ തൂക്കി ദിവ്യകാരുണ്യ പ്രദക്ഷിണം നടത്തിയ ഫ്രഞ്ച് ചിന്തകനായ തെയ്യാർദ് ഷർദാനും സക്രാരിയെന്ന പേടകത്തിൽ ഹൃദയം സൂക്ഷിക്കാനേൽപ്പിച്ച് കൽക്കട്ടയിലെ തെരുവുകളിലേക്ക് പോയ മദർ തെരേസയുമൊക്കെ ഈ ജീവന്റെ അപ്പത്തിൽനിന്ന് ഊർജ്ജം സ്വീകരിച്ച് ജീവിതവഴി നടന്നു തീർത്തവരാണ്. വിയറ്റ്നാമിലെ കമ്മ്യൂണിസ്റ്റു ഭരണകൂടത്തിന്റെ തടവറയിൽ നീണ്ട വർഷങ്ങളിലെ ഏകാന്തവാസത്തെ അതിജീവിക്കാൻ തനിക്ക് ശക്തി നൽകിയത് വിശുദ്ധ ബലിയാണെന്ന് ഫ്രാൻസിസ് സേവ്യർ വാൻ തുവാൻ എന്ന കർദ്ദിനാൾ എഴുതുമ്പോൾ നമ്മൾ തിരിച്ചറിയുന്ന സത്യമിതാണ്: "ഒരു ചെറുകാറ്റിൽ പറക്കുമീ ഗോതമ്പപ്പത്തിൽ വൻ കൊടുങ്കാറ്റുകളൊടുക്കിയ ദൈവം സന്നിഹിതനാണെന്ന സത്യം!

ആദ്യകുർബാന ബലിജീവിതത്തിന്റെ തുടക്കമാണ്!

2007 ൽ തിരുപ്പട്ടം സ്വീകരിക്കുന്ന ദിവസം അന്നത്തെ എറണാകുളം അതിരൂപതാ ആർച്ച് ബിഷപ്പായിരുന്ന കർദ്ദിനാൾ വർക്കി വിതയത്തിൽ പിതാവ് എനിക്ക് തന്ന സമ്മാനം ബൈബിൾ പുതിയ നിയമത്തിന്റെ ഒരു കോപ്പി ആണ്. അതിൽ ആശംസയായി വർക്കിപ്പിതാവ് എഴുതിയത് ഒരേയൊരു വാക്യം മാത്രമാണ്. Imitate, what you Handle. "നീ കൈകളിൽ എടുക്കുന്നതിനെ അനുകരിക്കുക." ലാറ്റിൻ പട്ടക്രമത്തിൽ സെന്റ് അഗസ്റ്റിനിൽനിന്ന് ചേർത്തിരിക്കുന്ന ഒരു പ്രാർത്ഥനയാണിത്. പുരോഹിതൻ

കൈകളിൽ എടുക്കുന്നത് തിരുവോസ്തിയാണ്. കൈകളിൽ എടുക്കുന്നതിനെ അനുകരിക്കുക എന്നു പറയുമ്പോൾ ജീവിതം മുറിക്കപ്പെടാൻ അനുവദിക്കുക, സ്വയം മുറിഞ്ഞ് അപ്പമാവുക എന്നൊക്കെ അർത്ഥം. ഓരോ പ്രാവശ്യവും നാവിൽ സ്വീകരിക്കുന്ന തിരുവോസ്തി നമ്മോടാവശ്യപ്പെടുന്നതും നീയും ദിവ്യകാരുണ്യമാകണമെന്നാണ്.

ഒറ്റിക്കൊടുക്കലിന്റെ സങ്കടരാത്രിയിലാണ് കാരുണ്യം ദിവ്യകാരുണ്യമായത്. ഒറ്റിക്കൊടുക്കുന്ന യൂദാസിനെ സ്നേഹിതാ എന്നു വിളിക്കുവാനും തള്ളിപ്പറഞ്ഞ പത്രോസിന് തിബേരിയാസിന്റെ തീരത്ത് പ്രാതലൊരുക്കുവാനുമുള്ള മഹാസ്നേഹത്തിലേക്കുള്ള ക്ഷണമാണ് ദിവ്യകാരുണ്യം. ആദ്യത്തെ ദിവ്യകാരുണ്യ പ്രദക്ഷിണം സേവനത്തിന്റെ തിടുക്കത്തിലുള്ള യാത്രയായിരുന്നു. മംഗളവാർത്തയ്ക്ക് യെസ് പറഞ്ഞ മറിയം യേശുവിനെ ഉദരത്തിൽ സ്വീകരിച്ചിട്ട് നടത്തിയ ആദ്യ യാത്ര എലിസബത്തിനെ ശുശ്രൂഷിക്കാനായിരുന്നു. ക്രിസ്തുവിനെ സ്വന്തമാക്കിയ വി. ഡാമിയൻ പോയത് മൊളോക്കോയിലെ കുഷ്ഠരോഗികളുടെ ചതുപ്പുകളിലേക്കാണ്. മദർ തെരേസ പോയത് കൽക്കട്ടയിലെ ചേരികളിലേക്കാണ്. നമ്മുടെ യാത്രകൾ ലുലുമാളിലേക്കും വണ്ടർലായിലേക്കും മാത്രമാണെങ്കിൽ മുറിയാനുള്ള അപ്പത്തിന്റെ ആത്മാവിനെ നമ്മൾ സ്വന്തമാക്കിയില്ലെന്നു ചുരുക്കം.

ശുദ്ധീകരിക്കുന്ന തീക്കട്ട

സീറോ മലങ്കര കുർബാന ക്രമത്തിൽ വിശ്വാസികൾക്ക് വി. കുർബാന നൽകുന്നതിനു മുമ്പുള്ള പ്രാർത്ഥനകളിലൊന്നിൽ തിരുവോസ്തിയെ വിശേഷിപ്പിക്കുന്നത് ഇങ്ങനെയാണ്: "നമ്മുടെ കർത്താവിന്റെ തിരുശരീരമാകുന്ന തീക്കട്ട" താൻ അശുദ്ധനും അയോഗ്യനുമാണെന്ന് നിലവിളിച്ച ഏശയ്യായെ ദൈവത്തിന്റെ മാലാഖ വിശുദ്ധീകരിക്കുന്നത് അവന്റെ നാവിൽ ഒരു തീക്കനൽ സ്പർശിച്ചുകൊണ്ടാണ്. കുഷ്ഠരോഗിയെ കൈനീട്ട് സ്പർശിച്ച് അവന് സൗഖ്യംകൊടുത്ത കർത്താവ് തന്നെയാണ് ദിവ്യകാരുണ്യമെന്ന തീക്കട്ടയായി നമ്മുടെ ആത്മാവിനെയും ശരീരത്തെയും വിശുദ്ധീകരിക്കുന്നത്. ഭക്ത്യാദരങ്ങളോടെ നമുക്കും പാടാം. "ഒരു ചെറുകാറ്റിൽ പറക്കുമീ ഗോതമ്പപ്പത്തിൽ വൻ കൊടുങ്കാറ്റുകളൊടുക്കിയോനുണ്ടെന്ന നേരിൽ നീ നനയുക."

ചെറുപ്പക്കാരിലെ ഹൃദയാഘാതം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ



ഡോ. സി. റോമിയ റോഡ്രിഗ്സ്
MBBS MD FGID
കൺസൾട്ടന്റ് ഫിസിഷ്യൻ,
ലൂർദ് ആശുപത്രി

കേരളത്തിൽ ഹൃദയാഘാതത്തിനു പ്രായം കുറഞ്ഞു വരുകയാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു കേരളത്തിൽ ഹൃദ്രോഗ സാധ്യത കൂടി വരുന്നതായി പഠനങ്ങളും രേഖപെടുത്തുന്നു. 2000 നു ശേഷം ഹൃദയാഘാത നിരക്ക് വർഷം ശരാശരി രണ്ടു ശതമാനം വച്ചു കൂടുന്നു എന്നാണ് നിഗമനം. പണ്ട് കാലങ്ങളിൽ ഇത് അറുപതു വയസ്സു പിന്നിട്ടവരിലെ അസുഖമായിരുന്നു. എന്നാൽ ഇന്ന് ഇത് ചെറുപ്പക്കാരിൽ കൂടുതലായി കാണുന്നു വെന്നുള്ളത് വളരെ ആശങ്കാജനകമായ കാര്യമാണ്. ഈ അടുത്ത കാലത്തുള്ള വാർത്തകളും മറ്റും ഹാർട്ട് അറ്റാക്ക് ചെറുപ്പക്കാരിൽ സംഭവിക്കില്ല എന്നത് തെറ്റായ ഒരു ധാരണയാണ് എന്ന് ബോധ്യപെടുത്തുന്നു. വേഗതയേറിയ ജീവിതങ്ങൾക്കിടയിൽ താളം തെറ്റിയ ജീവിത ശൈലികളായിരിക്കാം ഈ രോഗത്തിന് കാരണമാകുന്നത് .ചെറുപ്പത്തിൽ തന്നെ അറ്റാക്ക് വരുന്നതിന്റെ പ്രധാന കാര്യങ്ങൾ എന്ന് വിദഗ്ദ്ധ പഠനങ്ങളുടെ വെളിച്ചത്തിൽ ചൂണ്ടികാണിക്കുന്ന കാര്യങ്ങൾ താഴെ പറയുന്നതാണ്. ക്രമരഹിതമായ ഭക്ഷണ ശീലങ്ങൾ, ഉദാസീനമായ ജീവിതശൈലി (കുറഞ്ഞ ശാരീരിക പ്രവർത്തനങ്ങൾ), നീണ്ട ജോലി സമയം, മാനസിക പിരിമുറുക്കം, ഉറക്കകുറവ്, പുകവലി, അമിതമായ മദ്യപാനം, അമിത വണ്ണം, പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം എന്നിവയാണ് അവ. **എന്താണ് ഹാർട്ട് അറ്റാക്ക്** ഹൃദയപേശികൾക്ക് രക്തം എത്തിച്ചു കൊടുക്കുന്ന കൊറോണറി ധമനികളിൽ രക്തയോട്ടം തടസപ്പെടുമ്പോഴാണ് ഹൃദയാഘാതം അഥവാ ഹാർട്ട് അറ്റാക്ക് ഉണ്ടാകുന്നത്. കൊഴുപ്പടിഞ്ഞു രക്തക്കുഴലുകളുടെ വ്യാസം വളരെ ചുരുങ്ങി പോകുകയും ഏതു നിമിഷവും പൂർണമായി അടഞ്ഞും രക്തയോട്ടം കുറയാം. തുടർന്ന് രക്തം കട്ടപിടിക്കും. അങ്ങനെ ഹൃദയേ പേശികൾക്ക് രക്തം കിട്ടാതെ വരുമ്പോഴാണ് ഹൃദയാഘാതം ഉണ്ടാകുന്നത്. ഹൃദയാഘാതത്തിന്റെ ഫലമായി ചിലരിൽ ഹൃദയത്തിന്റെ പ്രവർത്തനം പൂർണ്ണമായും നിലച്ചു പോകുന്നതാണ് ഹൃദയസ്തംഭനം. ശരിയായ സമയത്തു വൈദ്യസഹായം നേടിയാൽ രക്ഷപ്പെടാൻ സാധിക്കും.**ഹൃദയാഘാതത്തിന്റെ സൂചനകൾ** നൽകുന്ന ചില പ്രാരംഭ ലക്ഷണങ്ങളെക്കുറിച്ച് അറിയാം നമുക്കാദ്യം. **ഹൃദയാഘാതത്തിന്റെ ലക്ഷണങ്ങൾ** സാധാരണയായി എല്ലാ പ്രായക്കാരിലും ഒരേപോലെയാണ് കാണപ്പെടുന്നത്. എന്നാൽ, ചെറുപ്പക്കാർ ഈ ലക്ഷണങ്ങളെ അവഗണിക്കുന്നു എന്നതാണ് പ്രശ്നം. ഹൃദയം അപകടത്തിലാണ് എന്നുള്ളതിന്റെ ഏറ്റവും പ്രധാന സൂചനയാണ് നെഞ്ചു വേദന അല്ലെങ്കിൽ നെഞ്ചിന്റെ

മധ്യഭാഗത്ത് ഉണ്ടാകുന്ന അസ്വസ്ഥത. ഹൃദയധമനികളിൽ ഏതെങ്കിലും രീതിയിലുള്ള തടസ്സം നേരിടുകയാണെങ്കിൽ നെഞ്ചിൽ വേദനയും മുറുക്കവും എരിച്ചിലും സമ്മർദ്ദവും ഒക്കെ അനുഭവപ്പെടാം. ഈ ലക്ഷണം ഒരിക്കലും അവഗണിക്കരുത്. ഉടൻ തന്നെ വൈദ്യസഹായം തേടേണ്ടത് അത്യാവശ്യമാണ്. കൈകൾ, പുറം, കഴുത്ത്, താടിയെല്ല്, ആമാശയം തുടങ്ങിയ ശരീരത്തിന്റെ മുകൾ ഭാഗങ്ങളിൽ വേദന, അസ്വസ്ഥത അല്ലെങ്കിൽ മരവിപ്പ്. ശ്വാസതടസ്സം ഒപ്പം നെഞ്ചിൽ അസ്വസ്ഥത. വിയർക്കുക, ഒപ്പം തണുപ്പ് അനുഭവപ്പെടുക. ഓക്കാനം, വിശപ്പില്ലായ്മ അല്ലെങ്കിൽ ഛർദ്ദി - തലകറക്കം, ക്ഷീണം, ശരീരം തളർന്ന് പോകുന്ന അവസ്ഥ - ക്രമരഹിതമായ ഹൃദയമിടിപ്പ് ഹൃദയാഘാതത്തിലേക്ക് നയിക്കുന്ന ദിവസങ്ങളിൽ കഠിനവും വിശദീകരിക്കാനാകാത്തതുമായ ബലഹീനത അല്ലെങ്കിൽ ക്ഷീണം. **ഹൃദ്രോഗത്തിന് കാരണമാകുന്ന അപായ ഘടകങ്ങൾ അഥവാ റിസ്ക് ഫാക്ടേഴ്സ്** എന്തൊക്കെയാണ് എന്ന് മനസിലാക്കി അത് ക്രമീകരിക്കുന്നത് ഒരു പരിധിവരെ ഹാർട്ട് അറ്റാക്ക് വരാതിരിക്കുന്നതിന് ഉപകരിക്കും. റിസ്ക് ഫാക്ടേഴ്സ് നിയന്ത്രിക്കുവാണെങ്കിൽ എൺപതു ശതമാനം വരെ അശാല മരണങ്ങൾ ഒഴിവാക്കാൻ സാധിക്കും എന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട് . പ്രധാനപ്പെട്ട മൂന്ന് അപായ ഘടകങ്ങൾ നമുക്ക് മനസിലാക്കാം.-

ആരോഗ്യകരമല്ലാത്ത ഭക്ഷണ രീതി. ഒഴിവാക്കേണ്ട ഭക്ഷണങ്ങൾ പാലും, പാലിന്റെ ഉല്പന്നങ്ങളും മുട്ടയുടെ മഞ്ഞ, തോടുള്ള മത്സ്യങ്ങൾ, റെഡ് മീറ്റ് - ധാരാളം കൊഴുപ്പ് അടങ്ങിയതാണ് റെഡ് മീറ്റ് (മട്ടൺ, ബീഫ്, പോർക്ക്,) ചിക്കന്റെ സ്കിന്നിലാണ് കൂടുതൽ ഫാറ്റ് ഉള്ളത്, അതിനാൽ അത് ഒഴിവാക്കുക. എണ്ണ - ഏറ്റവും ബെസ്റ്റ് ഒലിവ് ഓയിൽ ആണ്, സൺഫ്ളവർ ഓയിൽ ഉപയോഗിക്കാം, എന്നാൽ വെളിച്ചെണ്ണ നല്ലതല്ല. ദിവസത്തിൽ പത്തു മില്ലി മാത്രമേ ഉപയോഗിക്കാൻ പാടുള്ളു. ഭക്ഷണത്തിൽ ധാരാളം പച്ചക്കറികളും പഴ വർഗ്ഗങ്ങളും ഉപയോഗിക്കുക. നാരുകൾ അടങ്ങിയ ഭക്ഷണം ഉപയോഗിക്കുക. വ്യായാമം ഇല്ലാത്തതു മറ്റൊരു അപായ ഘടകമാണ് നടത്തം മാത്രം പോരാ, ബ്രിസ്ക് വാക്കിങ് ആണ് വേണ്ടത്. ഒരു മണിക്കൂറിൽ 4.8 മുതൽ 7.4 km/hr വരെ വേഗതയിൽ ആണ് നടക്കേണ്ടത്. ഇതാണ് ബ്രിസ്ക് വാക്കിങ് വേഗത. 4.8 km/hr കുറവ് വേഗതയിൽ ആണെങ്കിൽ മൈൽഡ് വാക്കിങ് എന്നാണ് പറയുന്നത്. 6.4 km/hr കൂടുതൽ വേഗതയിൽ ആണെങ്കിൽ വിഗോറസ് വോക്കിങ് എന്നു പറയും. ഇത് രണ്ടും ഹൃദയാരോഗ്യത്തിന് നല്ലതല്ല. ഇതിനു മധ്യേ വേഗതയിൽ ഉള്ളതാണ് മോഡറേറ്റ് വോക്കിങ്. അതാണ് ഹൃദയാരോഗ്യത്തിന് ഉചിതമെന്നു വേൾഡ് ഹാർട്ട് ഫൗണ്ടേഷന്റെ നിർദ്ദേശം. ഇനി നമ്മുടെ സംശയം, എപ്പോഴാണ് നടക്കേണ്ടത് എന്നായിരിക്കും - എപ്പോ വേണമെങ്കിലും നടക്കാം, എന്നാൽ ഏറ്റവും ഫലപ്രദം രാവിലെയും വൈകുന്നേരവും ആണ്. നടത്തത്തിന് പുറമേ ഡാൻസിങ്, സ്വിമ്മിംഗ്, സൈക്കിളിങ് എന്നിവയും നല്ല വ്യായാമം തന്നെ ആണ്. പുതിയതായി വ്യായാമം തുടങ്ങുന്നവർ, തുടക്കത്തിൽ വളരെ കുറച്ചു സമയം മാത്രമേ വ്യായാമം ചെയ്യാവൂ. വേൾഡ് ഹാർട്ട് ഫൗണ്ടേഷന്റെ നിർദ്ദേശ പ്രകാരം, വളരെ ക്രമാതീതമായി തുടങ്ങി വ്യായാമസമയം കൂട്ടികൊണ്ട് വരണം. അമിത വ്യായാമം ഗുണത്തേക്കാൾ ഏറെ ദോഷം ചെയ്യുന്നു. ശരീരത്തിന്റെ പരിധിക്കു പറ്റാവുന്നതിനുമപ്പുറം വലിച്ചിഴച്ചാൽ ഹൃദയം താങ്ങില്ല. മിതമായ വ്യായാമം ആഴ്ചയിൽ 150 മിനിറ്റ് മതി. തീവ്ര വ്യായാമം- പലരും 300 മുതൽ 450 മിനിറ്റ് വരെ ആഴ്ചയിൽ ചെയ്യുന്നു അപ്പോൾ ഓവർ ട്രെയിനിങ് സിൻഡ്രോം (ഒ.ടി.എസ്.) എന്ന അവസ്ഥ വരും. അമിത വ്യായാമം ചെയ്യുന്ന ഭൂരിഭാഗം ആളുകളിലും ഇത് കണ്ടുവരുന്നു. പേശികളെ അമിതമായി അലട്ടിയാൽ റബ്ഡോമയോലൈസിസ് ഉണ്ടാകും. പേശികളിൽ ചെറുമുറിവുകൾ ഉണ്ടാവും, അത്പോലെ തന്നെ ഹൃദയപേശികളിലും. അപ്പോൾ മയോഗ്ലോബിൻ ചോർന്നു കിഡ്നിക്ക് ദോഷമുണ്ടാകും. കഠിന വ്യായാമം അമിതമായാൽ ധമനികളിൽ കാൽസ്യം അടിഞ്ഞു പ്ലാക്കുകൾ രൂപപ്പെട്ടു ബ്ലോക്കുകൾ ഉണ്ടാവുകയും ചെയ്യും. ചൂടായ ശരീരം തണുക്കുകയും വേണം. കഠിന വ്യായാമത്തിനു ശേഷം ശരീരത്തിന് കൃത്യമായ വിശ്രമം വേണം. മിക്കവരും ഇത് ശ്രദ്ധിക്കാറില്ല, അതിനാൽ സ്ട്രസ്സ് ഹോർമോൺ കൂടി നിൽക്കും. പുകവലിയും മദ്യപാനവും ഹൃദയാഘാതം ഉണ്ടാകുന്നതിനുള്ള സാധ്യത ഇരട്ടിയാക്കുന്നു. ഈ ശീലങ്ങൾ രക്തക്കുഴലുകളുടെ പ്രവർത്തനം അനാരോഗ്യമാക്കുകയും രക്തപ്രവാഹം തടസപ്പെടുത്തുകയും ചെയ്യും. ധമനികളിൽ കൊഴുപ്പടിഞ്ഞു ബ്ലോക്ക് ഉണ്ടാകുന്നതിനും ഇത് കാരണമാകുന്നു. ലഹരിവസ്തുക്കളുടെ ഉപയോഗവും ഹൃദയാഘാതം ഉണ്ടാകാനുള്ള സാധ്യത വളരെയധികം വർധിപ്പിക്കുന്നു. ആവശ്യത്തിന് ഉറങ്ങുക. ഉറക്കകുറവ് ഉയർന്ന രക്തസമ്മർദ്ദത്തിനും ഹൃദയാഘാതത്തിനും കാരണമാകും. ഈ അപകടസാധ്യത കുറക്കുന്നതിന് ഒരു ദിവസം ഏഴു മുതൽ എട്ടു മണി ക്കൂർ വരെ ഉറങ്ങണം. പ്രമേഹം, ബ്ലഡ് പ്രഷർ എന്നീ രോഗങ്ങൾ ഉള്ളവർ ഇവ നല്ലത് പോലെ നിയന്ത്രിക്കുക. വർഷത്തിൽ ഒരിക്കൽ ഹൃദയ പരിശോധനങ്ങൾ നടത്തുക. എന്തൊക്കെയാണ് നാം സൂക്ഷിക്കേണ്ടത് . ചെറുപ്പക്കാരിൽ ഹൃദയാഘാതം കുറക്കാൻ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ പറഞ്ഞു കഴിഞ്ഞു. ജീവിത ശൈലിയിൽ വ്യക്തമായ മാറ്റങ്ങൾ കൊണ്ടുവരുക എന്നതാണ് പ്രാധാന്യം അർഹിക്കുന്നത്. ഹൃദയാഘാതം ഉണ്ടാകുന്ന അൻപത് ശതമാനം ആളുകളിലും ലക്ഷണങ്ങൾ ഒന്നും ഉണ്ടാകുന്നില്ല. അതിനാൽ മുപ്പതു വയസ്സ് ആകുമുൻപ് തന്നെ നിർബന്ധമായും ആരോഗ്യ പരിശോധനകൾ നടത്തി ഹൃദയാരോഗ്യം ഉറപ്പാക്കണം. പ്രത്യേകിച്ചും പുരുഷന്മാർ ധമനികളുടെ ജരിതാവസ്ഥ ചെറുപ്രായത്തിൽ തന്നെ ആരംഭിക്കുന്നുണ്ട്. അതുപോലെ തന്നെ വീട്ടിൽ അടുത്ത ബന്ധുക്കൾക്ക് ഹൃദയസംബന്ധമായ രോഗങ്ങൾ ഉണ്ടെങ്കിൽ ആ വീട്ടിലെ ചെറുപ്പക്കാർ കൃത്യമായ സമയത്തു പരിശോധനകൾ നടത്തുകയും വേണം. കഠിനവ്യായാമം ചെയ്യാൻ ഉദ്ദേശിക്കുന്നവർ ഡോക്ടറെ കണ്ട് ഉപദേശം തേടുകയും വേണം. പരിശോധനകൾ ചെയ്യാനും മറക്കാതിരിക്കുക.

ഉയരം കൂടുമ്പോൾ ഉയരുന്ന ആത്മീയത



ജോസഫ് മാനിഷാദ്
മട്ടയ്ക്കൽ
കൊങ്ങോർപ്പിള്ളി

കാട്ടുമൃഗങ്ങൾ വിരാജിക്കുന്ന കാടുകളിലൂടെ വരാപ്പുഴനിന്നും ഒരു കർമ്മലീത്താ വൈദികൻ മൂന്നാറിലെത്തുകയും മഞ്ഞിൽ കുളിച്ചുനിൽക്കുന്ന മൂന്നാർ മലനിരകളിൽ പണിയെടുക്കുന്ന മനുഷ്യർക്ക് ഒന്നേകാൽ നൂറ്റാണ്ടുമുമ്പ് പ്രാർത്ഥിക്കാനൊരിടം കണ്ടെത്തുകയും കാലത്തിന്റെ തികവിൽ ആ പ്രാർത്ഥനാലയം ഒരു ബസലിക്കയായി ഉയർത്തപ്പെടുകയും ചെയ്യുമ്പോൾ അതിനെക്കുറിച്ചുള്ള വെളിച്ചം വീശലാകട്ടെ, ഇത്തവണത്തെ ചരിത്രവിളക്ക്.

കേരളം ലോകസഞ്ചാരികളുടെ ഇഷ്ടതാവളമാണ്. അതിന് ഒരു പ്രധാന കാരണം കേരളത്തിലെ ഭൂപ്രകൃതിതന്നെ. കടലും കായലും തോടും പുഴയും മാത്രമല്ല, മഞ്ഞിൽ പുതച്ച മലനിരകളാൽ സമ്പന്നമായൊരു നാടുകൂടി ആയതിനാലാണ് വിദേശികളടക്കം നല്ലൊരു പറ്റം സഞ്ചാരികൾ കേരളത്തെ തങ്ങളുടെ യാത്രാപഥത്തിലേക്ക് ചേർത്തുവയ്ക്കുന്നത്. തെക്കിന്റെ കാശ്മീർ എന്ന് വിളിപ്പേരുള്ള മൂന്നാർ മലനിരകൾ സന്ദർശിക്കാനായി ഇന്ന് വിദൂരനാടുകളിൽനിന്നുപോലും സന്ദർശകരുടെ തിരക്കാണ്. കേരളത്തിന്റെ പശ്ചിമഘട്ട മലനിരകളിൽ സ്ഥിതിചെയ്യുന്ന മൂന്നാർ മലകളിലേക്ക് തങ്ങളുടെ യാത്രയെ തെരഞ്ഞെടുക്കുന്നതിന് പ്രധാന കാരണം വർഷം മുഴുവനിലുമുള്ള തണുപ്പിനെ പ്രണയിക്കുന്നതാണ്. മുതിരപ്പുഴ, നല്ലതണ്ണി, കുണ്ടള എന്നീ മൂന്ന് ആറുകൾ ഒരുമിക്കുന്ന ഭൂപ്രദേശമായതിനാലാണ് ഇവിടം മൂന്നാർ എന്നറിയപ്പെടാൻ തുടങ്ങിയത്.

നാട്ടുരാജാക്കന്മാരുടെ കാലത്ത് കാടുപിടിച്ചു കിടന്നിരുന്ന മലമ്പ്രദേശത്തേക്ക് ടിപ്പുസുൽത്താന്റെ വരവിനെ പ്രതിരോധിക്കാനായി എത്തിയ ബ്രിട്ടീഷ് സൈന്യം, ഈ പ്രദേശത്തിന്റെ കൃഷിക്ക് അനുയോജ്യമായ സാധ്യത മനസ്സിലാക്കുകയും അതിനായി രണ്ട് നൂറ്റാണ്ട് മുമ്പു സർവ്വേ നടത്തുകയും ചെയ്തു. ഒന്നര നൂറ്റാണ്ടിനടുത്തായി ഉയരം കൂടിയ ഇടങ്ങളിൽ തേയില കൃഷിയും മറ്റിടങ്ങളിൽ റബർ കൃഷിയും ആരംഭിച്ചിട്ട്. തമിഴ്നാട്ടിലെ കർഷകരെയാണ് കൃഷിയിടങ്ങളിലേക്ക് നിയോഗിച്ചത്. മണ്ണിനോടും കാട്ടുമൃഗങ്ങളോടും മല്ലടിച്ച് കൃഷിയിടങ്ങൾ തെളിച്ച ഈ മനുഷ്യരുടെ ആത്മീയാവശ്യങ്ങൾ നിറവേറ്റേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞ വരാപ്പുഴ അതിരൂപത അതിനുള്ള നടപടികളാരംഭിച്ചു.

1898 കാലത്ത് വരാപ്പുഴനിന്നും കർമ്മലീത്ത തീക്ഷ്ണമതിയായ ഫാ. അൽഫോൻസ് മരിയ ഒ.സി.ഡി, തോടും പുഴയും കടന്ന്, വന്യമൃഗങ്ങളെയും വിഷജന്തുക്കളെയും അതിജീവിച്ച് പഴയ ആലുവ-മൂന്നാർ രാജപാതയിലൂടെ ദിവസങ്ങൾ യാത്ര ചെയ്ത് മൂന്നാറിലെത്തി. അന്ന് ഈ റോഡിന്റെ പണി ആരംഭിച്ചിട്ടേയുള്ളൂ. ഇക്കാലത്ത് ചെങ്കുത്തായ കയറ്റങ്ങളും കുത്തനെയുള്ള ഇറക്കങ്ങളും കാട്ടരുവികളും വഴുക്കലുള്ള പാറകളും തലയ്ക്കു മുകളിൽ വളർന്നു നില്ക്കുന്ന ഈറ്റകളും വലിയ പ്രതിബന്ധം തന്നെയായിരുന്നു. കാലം പുരോഗമിക്കുകയും മേല്ത്തരം ടാറിങ്ങ് റോഡുകൾ ഉണ്ടാകുകയും വിവിധതരം മോട്ടോർ വാഹനങ്ങൾ നിരത്തിലിറങ്ങുകയും ചെയ്തു. എന്നിട്ടും കാട്ടാനകൾ ഇന്നും വാഹനയാത്രികരെ നേരിടുന്നത് കാണുമ്പോൾ നമ്മുടെ മനസ്സിലുണ്ടാകുന്ന ഭയം എത്ര വലുതാണ്. എങ്കിൽ, ഈറ്റക്കാടുകൾക്ക് ഉള്ളിലൂടെ അന്ന് കാൽനടയാത്രികനായ അൽഫോൻസച്ചന്റെ മനോധൈര്യവും ദൈവാശ്രയവും എത്ര വലുതെന്ന് ഊഹിക്കാവുന്നതിലും അപ്പുറമാണ്.

മൂന്നാറിലെത്തിയ ഫാ. അൽഫോൻസ്, അവിടെ കണ്ടത് അനേകം തേയിലത്തോട്ടങ്ങളും തോട്ടം തൊഴിലാളികളുടെ പാടികളുമാണ്. അവരുടെ ആത്മീയ കാര്യങ്ങൾ നോക്കാനായി ആരുമില്ലായിരുന്നു. തോട്ടങ്ങളുടെ മാനേജർമാരോട് അഭ്യർത്ഥിച്ചതിൻപ്രകാരം അവർ അനുവദിച്ച ഭൂമിയിൽ, മരംകൊണ്ടും വൈക്കോൽകൊണ്ടും താൽകാലികമായി ഉണ്ടാക്കിയ ഷെഡ്ഡിൽ 1898-ൽ തന്നെ ദിവ്യബലിയർപ്പണം ആരംഭിച്ചു. കേരളത്തിലെ ഹൈറേഞ്ചിൽ അങ്ങനെ ആദ്യത്തെ ബലിയർപ്പണവും ക്രൈസ്തവ മിഷൻ പ്രവർത്തനവും തുടങ്ങി. തൊഴിലാളികളുടെ താമസസ്ഥലങ്ങളിലെല്ലാം ചെന്ന് അവരെ കണ്ട്, സുഖവിവരങ്ങൾ തിരക്കുന്നതോടൊപ്പം കൗദാശിക ജീവിതത്തിൽ വളരാനുള്ള പ്രോത്സാഹനവും നല്കിക്കൊണ്ടിരുന്നു.



ഫാ. അൽഫോൻസ് 1854 മാർച്ച് 1-ന് സ്പെയിനിലെ മാർക്യൂന എന്ന സ്ഥലത്ത് ജനിച്ചു. 1873 ആഗസ്റ്റ് 3-ന് കർമലീത്താ പുരോഹിതനായി. ഭാരതത്തിലേക്ക് മിഷൻപ്രവർത്തനങ്ങൾക്ക് പോകാനുള്ള ആഗ്രഹം അധികാരികളെ അറിയിക്കുകയും വരാപ്പുഴയിൽ 1883 ജൂൺ 21-ന് എത്തുകയും ചെയ്തു. നീണ്ട പതിനഞ്ച് വർഷം വരാപ്പുഴ മിഷനിൽ വിവിധങ്ങളായ ശുശ്രൂഷ ചെയ്തുവരവെയാണ് ഹൈറേഞ്ചിലെ മിഷൻപ്രവർത്തനത്തിനായി നിയുക്തനായത്. മിഷൻ പ്രവർത്തനങ്ങളിൽ അതീവ തല്പരനായിരുന്ന അഭിവന്ദ്യ ബർണാർഡ് അർഗുയിൻ സോണിസ് പിതാവ്, വരാപ്പുഴ അതിരൂപതയുടെ ചുമതല യേറ്റ പിറ്റേവർഷംതന്നെ പുതിയൊരു മിഷൻകേന്ദ്രമായി മൂന്നാറിൽ തുടക്കം കുറിക്കുകയായിരുന്നു.

1909-ൽ അൽഫോൻസ് അച്ചൻ തന്നെ താൽകാലിക ഷെഡ് പൊളിച്ച് ചെറിയൊരു പള്ളിയായി നിർമ്മിച്ചു. വിശ്വാസികളുടെ ബാഹുല്യവും യാത്രാബുദ്ധിമുട്ടും മനസ്സിലാക്കി, അവരുടെ താമസസ്ഥലങ്ങൾക്ക് അടുത്തായി കപ്പേളകൾ അദ്ദേഹം സ്ഥാപിക്കാനാരംഭിച്ചു. താമസിയാതെ, 1916 മെയ് 23 ന് ഫാ. അൽഫോൻസ് ലോകത്തോട് വിടപറഞ്ഞു. 1918-ൽ വരാപ്പുഴ അതിരൂപതയുടെ മെത്രാപ്പോലീത്തയായ അഭിവന്ദ്യ ഏയ്ഞ്ചൽ മേരി പിതാവ് 1919-ൽ മൂന്നാർ ദൈവാലയത്തെ, വരാപ്പുഴ കത്തീഡ്രൽ ദൈവാലയത്തിന്റെ അധികാര പരിധിയിൽനിന്ന് മാറ്റുകയും സ്വതന്ത്ര ഇടവകയായി മാറിയ ആലുവയുടെ കീഴിലാക്കുകയും ചെയ്തു. ഫാ. അൽഫോൻസിനെ തുടർന്ന് നിയമിതനായ ഫാ. ബ്ളേസിയൂസ് ഒസിഡി 1922-ൽ അവിടെ ഒരു വൈദികമന്ദിരം നിർമ്മിച്ചു. 1923-ൽ നിയമിതനായ ഫാ. സലുസ്ത്യാനൂസ് ഒസിഡി, അവിടെ നിലവിലുണ്ടായിരുന്ന ചെറിയ പള്ളിയുടെ വലിപ്പം കൂട്ടുകയുണ്ടായി.

1924-ൽ മൂന്നാറിനെ കവർന്ന വെള്ളപ്പൊക്കത്തിൽ പള്ളിക്കുമുന്നിലുണ്ടായിരുന്ന പാദുവയിലെ വിശുദ്ധ അന്തോനീസിന്റെ കപ്പേള നടവരെ ഉയരത്തിൽ വെള്ളമെത്തുകയും മൂന്നാറിനെ അതിന്റെ പ്രൗഢിയിൽനിന്ന് നശിപ്പിക്കുകയും ചെയ്തു. തേയിലയുടെയും മലഞ്ചരക്കിന്റെയും കയറ്റിറക്കിനായി ടോപ്പ്സ്റ്റേഷനിലേക്ക് ബ്രിട്ടീഷുകാർ സ്ഥാപിച്ചിരുന്ന റെയിൽപാതകളെല്ലാം നശിപ്പിച്ചുകൊണ്ടായിരുന്നു വെള്ളപ്പൊക്കം സംഹാരതാണ്ഡവമാടിയത്. മൂന്നാറിന്റെ സൗന്ദര്യത്തെ മാത്രമല്ല, സാമ്പത്തികമായും ഭൂമിശാസ്ത്രപരമായും മൂന്നാറിനെ താറുമാറാക്കിയ ആ വെള്ളപ്പൊക്കത്തിൽനിന്ന് പരമാവധി ജനങ്ങൾക്കെല്ലാം രക്ഷപെടാനായി. നന്ദിസൂചകമായി പാദുവയിലെ വിശുദ്ധ അന്തോനീസിന്റെ കപ്പേള അവിടെതന്നെ 1925-ൽ പുനർനിർമ്മിക്കുകയുണ്ടായി.

1930-ൽ കോട്ടയം കേന്ദ്രീകരിച്ച് വിജയപുരം രൂപത സ്ഥാപിതമായപ്പോൾ, സ്പാനിഷ് മിഷണറിയായ അഭിവന്ദ്യ ബൊനവെഞ്ചർ അരാന ഒസിഡി പിതാവ് മെത്രാനായി ചുമതലയേറ്റു. മൂന്നാർ ദൈവാലയം വരാപ്പുഴയിൽനിന്നും വേർപെടുത്തി വിജയപുരം രൂപതയിലേക്ക് ചേർത്തു. സബ്സ്റ്റേഷനുകളായി ഉയർത്തപ്പെട്ടിരുന്ന ചെണ്ടുവരൈ, സൂര്യനെല്ലി, മാട്ടുപ്പെട്ടി, എല്ലപ്പെട്ടി, ചട്ടമൂന്നാർ എന്നിവിടങ്ങളിലെ കുരിശുപള്ളികളും കൂടാതെ, ലോക്ക്ഹാർട്ട് (ലാക്കാട്) പാമ്പാടുംപാറ, ലക്ഷ്മി, അരുവിക്കാട്, രാജമല, പൂപ്പാറ, തലയാർ, പന്നിയാർ, ചിറ്റുവരൈ എന്നിവിടങ്ങ

ളിലെ കപ്പേളകളും 1930 ൽ വിജയ പുരം രൂപതയിലേക്ക് ചേർക്കപ്പെ ട്ടു. 1934 ജനുവരി 21-ന് വിജയ പുരം മെത്രാൻ മൂന്നാറിൽ പുതിയ പള്ളിക്ക് തറക്കല്ലിട്ടു. 1938 ഏപ്രിൽ 17 ന് പിതാവ്തന്നെ ഇന്നു കാണുന്ന പുതിയ ദൈവാലയം ആശീർവദിച്ചു. 1943 ഫെബ്രുവരി 3-ന് മൂന്നാർ ദൈവാലയം ഒരു ഇട വക പള്ളിയായി ഉയർത്തപ്പെട്ടു. ഫാ. ബ്ളേസിയൂസ് ഒസിഡി ആദ്യത്തെ വികാരിയുമായി.ഇതി നിടയിൽ ഇടവക ആകുംമുമ്പു തന്നെ മറയൂർ, ചൊക്കനാട്, കൊളുക്കുമല, ബൈസൺവാലി, ചതുരംഗപ്പാറ, ഗുണ്ടുമല, ഗൂഡാർലൈ, പെരിയകനാൽ, കല്ലാർ എന്നിവിടങ്ങളിലും കപ്പേള കൾ പള്ളികളായി.

1950-ൽ സ്പാനിഷ് മിഷണറിത ന്നെയായ മോൺ. അംബ്രോസ് അബ്സോളോ ഒസിഡി വിജയപുരം മെത്രാനായി. 1957-ൽ അന്നത്തെ വികാരി ഫാ. മരിയൻ ഒസിഡി ഹൈറേഞ്ചിൽ ചെറുപുഷ്പത്തിന്റെ നാമത്തിൽ ഒരു അപ്പർ പ്രൈമറി സ്കൂൾ സ്ഥാപിച്ചു. അതേവർഷം തന്നെ ഹോളിക്രോസ് കോൺവെന്റും മൂന്നാറിൽ സ്ഥാപിച്ചു. ബ്രിട്ടീഷു കാരുടെ സ്കൂൾ, സർക്കാർ സംവി ധാനത്തിലായപ്പോൾ ഈ പള്ളി സ്കൂളാണ് മൂന്നാറിന്റെ വിദ്യാഭ്യാ സമേഖലയിൽ സമഗ്രമായ ഉണർവിന് വഴിതെളിച്ചത്. ഈയടു ത്തകാലത്ത് മൂന്നാറിലെത്തി തങ്ങ ളാണ് മൂന്നാറിലെ വിദ്യാഭ്യാസ മുന്നേറ്റത്തിന് വഴിവച്ചവർ എന്ന് ചിലർ വീമ്പിളക്കുന്നത് കാണു മ്പോൾ, 65 വർഷം മുമ്പുള്ള മൂന്നാറിന്റെ അവസ്ഥയിൽ മൂന്നാ റിനെ ഉയർത്തിയ മിഷണറിമാരെ തമസ്കരിക്കുന്ന പ്രവണതയായി ഇത് മാറുന്നു. 1966-ൽ തദ്ദേശീയ നായ പുരോഹിതൻ ഫാ. അഗ സ്റ്റിൻ പിൻഹീറോ മൂന്നാർ ഇടവക യുടെ ചുമതലയേറ്റു. പള്ളിക്കു മുന്നിലുള്ള വിശുദ്ധ അന്തോനീ സിന്റെ കപ്പേള പുനരുദ്ധരിക്കു കയും അദ്ദേഹത്തിന്റെ പരിശ്രമ ത്താൽ ആ വർഷംതന്നെ അപ്പർ പ്രൈമറി സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു.

ദൈവദാസൻ ജോസഫ് അട്ടിപ്പേറ്റി പിതാവിന്റെ മരണത്തെ തുടർന്ന് വരാപ്പുഴ അതിരൂപതയുടെ വികാർ ക്യാപ്പിറ്റുലർ പദവിയിലുണ്ടായി രുന്ന വികാരി ജനറാൾ മോൺ. കൊർണേലിയൂസ് ഇലഞ്ഞിക്കൽ, 1971-ൽ അബ്സോളോ പിതാവ് സ്ഥാനം ഒഴിഞ്ഞപ്പോൾ, വിജയ പുരം രൂപതയുടെ പ്രഥമ തദ്ദേശീയ മെത്രാനായി നിയുക്തനായി. 1987-ൽ അദ്ദേഹം വരാപ്പുഴ മെത്രാപ്പോ ലീത്തയായതിനെ തുടർന്ന് വിജയ പുരം രൂപതാംഗമായ മോൺ. പീറ്റർ തുരുത്തിക്കോണം മെത്രാ നായി. അദ്ദേഹത്തിന്റെ കാലത്ത് മൂന്നാർ ഇടവക 1998-ൽ ഗംഭീര മായി തന്നെ ശതാബ്ദി ആഘോ ഷിച്ചു. 2000-മാണ്ടിൽ ക്രിസ്തുജയ ന്തിയുടെ മഹാജൂബിലി വർഷ ത്തിൽ മൂന്നാർ മൗണ്ട് കാർമൽ ദൈവാലയം, രൂപതയിലെ ഒരു മരി യൻ തീർത്ഥാടനകേന്ദ്രമായി ഉയർത്തപ്പെട്ടു. 2006-ൽ ഇപ്പോ ഴത്തെ മെത്രാൻ മോൺ. സെബാ സ്റ്റ്യൻ തെക്കത്തേച്ചേരിൽ വിജയ പുരം മെത്രാനായി. പിറ്റേവർഷം ജനുവരി 17-ന് വിശുദ്ധ അന്തോനീ സിന്റെ തിരുശേഷിപ്പ് ദൈവാലയ ത്തിൽ സ്ഥാപിച്ചു. 2008-ൽ ദൈവാ ലയത്തോടനുബന്ധിച്ച് ആനിമേ ഷൻ സെന്ററും കർമലാരാമം കോൺവെന്റും പ്രവർത്തനമാരംഭി ച്ചു. 2009-ൽ വിശുദ്ധ അൽഫോൻസായുടെ തിരുശേ ഷിപ്പും ദൈവാലയത്തിൽ വണക ത്തിനായി സ്ഥാപിതമായി.

2024 ജനുവരി 13-ന് വിജയപുരം രൂപതയ്ക്ക് ഒരു സഹായമെത്രാനെ ലഭ്യമായി. മോൺ. ജസ്റ്റിൻ അല ക്സാണ്ടർ മഠത്തിൽപറമ്പിൽ രൂപ തയുടെ ആദ്യ സഹായമെത്രാ നായി നിയമിതനായി. ഇക്കഴിഞ്ഞ മാർച്ച് 27 ന് വിജയപുരം രൂപ തയ്ക്ക് മറ്റൊരു സന്തോഷവാർത്ത കൂടി സംലഭ്യമായി. 125 വർഷം തികഞ്ഞ മൂന്നാർ മൗണ്ട് കാർമൽ ദൈവാലയം ഭാരതത്തിലെ 32-ാമ ത്തെയും കേരളത്തിലെ 12-ാമ ത്തെയും ബസിലിക്കയായി ഫ്രാൻസിസ് പാപ്പാ ഉയർത്തി.

1898-ൽ വരാപ്പുഴ നിന്നും കാൽനട യായി വന്ന് മൂന്നാറിലെ തോട്ടം തൊഴിലാളികളുടെ ആത്മീയാവശ്യ ങ്ങൾക്കായി അൽഫോൻസച്ചൻ പണിത ഷെഡ്, 125 വർഷങ്ങൾക്കി പ്പുറം കത്തോലിക്കാസഭയുടെ ബസലിക്കകളുടെ ഗണത്തിലേക്ക് മെയ്മാസം ഔദ്യോഗികമായി ഉയർത്തപ്പെടുമ്പോൾ വരാപ്പുഴ അതിരൂപതയ്ക്കും അഭിമാന ത്തിന്റെ നിമിഷങ്ങളാണ്. ഈ ഷെഡ് ആദ്യകാലത്ത് പ്രധാന തിരുനാളുകളിൽ മാത്രമാണ് പ്രാർത്ഥനാവശ്യങ്ങൾക്കായി ഉപ യോഗിച്ചിരുന്നതെങ്കിലും തൊഴിലാ ളികളുടെ ഒത്തുചേരലിനും അത്യാ വശ്യ മരുന്നുകളുടെ വിതരണത്തി നായും അൽഫോൻസച്ചൻ ഉപ യോഗപ്പെടുത്തിയിരുന്നു. വിവിധ തരം ഗുരുതര രോഗങ്ങൾ പടർന്നു പിടിച്ചിരുന്ന അക്കാലത്ത്, അദ്ദേഹം വരാപ്പുഴയിലേക്ക് വരി കയും വരാപ്പുഴയിൽനിന്നും മരു ന്നുകളുമായി തിരിച്ച് മല കയറു കയും തന്റെ അജഗണങ്ങളെ ശുശ്രൂഷിക്കുകയും ചെയ്തിരുന്നു. വിശ്വാസികളുടെ എണ്ണം ഏറിയ പ്പോൾ ഒരിക്കൽ അദ്ദേഹം, തീക്ഷ്ണമതികളായ പത്ത് മിഷണ റിമാരെയും കൂട്ടിയാണ് മൂന്നാറിലെ ത്തിയത്. വിശ്വാസികളുടെ സൗക ര്യത്തിനും സ്ഥലലഭ്യതയുമനുസ രിച്ചു അദ്ദേഹം അനേകം കുരിശുപ ള്ളികൾക്ക് തുടക്കമിട്ടു. അക്കാ ലത്ത് വേഗം പടർന്ന് പിടിക്കുമായി രുന്ന ബ്ലാക്ക് മലേറിയ (മലമ്പനി) പിടിപെട്ട് അദ്ദേഹം താതന്റെ പക്ക ലേക്ക് വിളിക്കപ്പെട്ടു. മൂന്നാർ ദൈവാലയത്തിലാണ് അദ്ദേഹത്തെ അടക്കം ചെയ്തിരിക്കുന്നത്.

ഏകദേശം 40 വർഷത്തോളം മൂന്നാറുമായി പൊക്കിൾക്കൊടി ബന്ധത്തിലായിരുന്ന വരാപ്പുഴ അതിരൂപതയ്ക്ക് പറഞ്ഞുവരു മ്പോൾ മൂന്നാർ നാലാമത്തെ ബസ ലിക്കയാണ്. വല്ലാർപാടം, വരാപ്പുഴ എന്നിവ നേരിട്ടും കോട്ടപ്പുറം രൂപ തയിലെ പള്ളിപ്പുറവും. ഭാരത ത്തിലെ 32 ബസിലിക്കകളിൽ 27 എണ്ണം റോമൻ (ലാറ്റിൻ) സഭയു ടേതും 4 എണ്ണം സീറോ മലബാർ സഭയുടേതും (എറണാകുളം, അങ്ക മാലി, തൃശൂർ, ചമ്പക്കുളം) തിരുവ നന്തപുരത്തുള്ള ഒരെണ്ണം സീറോ മലങ്കര സഭയുടേതുമാണ്. അങ്ങനെ വരാപ്പുഴയിൽനിന്നും ഹൈറേഞ്ചിൽ സ്ഥാപിതമായ ആദ്യകപ്പേള, ഹൈറേഞ്ചിലെ തന്നെ ആദ്യത്തെ ബസിലിക്കയായി ഉയർത്തപ്പെടുമ്പോൾ, വരാപ്പുഴ അതിരൂപതയ്ക്കും വിജയപുര ത്തോടൊപ്പം അഭിമാനിക്കാം, ആഹ്ലാദിക്കാം.

വിശ്വാസ വഴിയിലൂടെ ജീവിച്ചൊരാൾ





ഷൈജു കേളന്തറ

ഇനിയും സാക്ഷാത്കരിക്കാനാവാത്ത സിനിമ എന്ന ആഗ്രഹം ഒരു നൊമ്പരമായി ഉള്ളിലൊളിപ്പിച്ച് ഒരു ചെറുപ്പക്കാരൻ വണ്ടി കയറി. വേളാങ്കണ്ണിയിലേക്ക്. അവിടെ മാതാവിന്റെ സവിധത്തിൽ നിറകണ്ണുകളോടെ ഒന്നുകൂടി യാചിക്കണം. തന്റെ ജീവിത സ്വപ്നമായ സിനിമ സംവിധാനം ചെയ്യുക എന്ന ലക്ഷ്യത്തിലെത്താൻ. യാത്രയ്ക്കിടയിൽ ഒരു ഫോൺ. തീർത്തും അപ്രതീക്ഷിതമായി. ആഴത്തിലുള്ള അടുപ്പമൊന്നുമില്ലാത്ത ഒരു വ്യക്തിയുടെ. ജോജു ജോസഫ് എന്ന ഇന്നത്തെ സ്റ്റാർ നടന്റെ കോളായിരുന്നു അത്. എറണാകുളം ബൈപ്പാസിൽ ഞാനൊരു ഹോട്ടൽ തുടങ്ങുന്നു. ഉദ്ഘാടനത്തിന് നീ വരണം. ഞാൻ വേളാങ്കണ്ണിയിലേക്കുള്ള യാത്രയിലാണ്. നിനക്കുവേണ്ടി പ്രാർത്ഥിക്കാം. ചെറുപ്പക്കാരൻ പറഞ്ഞു. നീ നേരത്തെ നാട്ടിലെത്തിയാൽ വരണം. ജോജു ഫോൺ വെച്ചു.

ചെറുപ്പക്കാരൻ വേളാങ്കണ്ണിയിലെത്തി മനമുരുകി പ്രാർത്ഥിച്ചു. അഭ്രപാളിയിലെ വെള്ളിവെളിച്ചത്തിൽ സംവിധായകൻ എന്ന ലേബലിൽ തന്റെ പേരും തെളിയാൻ കനിവുണ്ടാകണമേ എന്ന്. തിരികെ നാട്ടിലേക്ക് വണ്ടി കയറി. പാതിവഴിയെത്തിയപ്പോൾ ജോജുവിന്റെ മെസ്സേജ്. നീ നേരത്തെ എത്തിയാൽ തീർച്ചയായും വരണേ എന്ന്. ആ ഒറ്റ കാരണത്താൽ ജോജുവിന്റെ ഹോട്ടൽ ഉദ്ഘാടനത്തിനു ചെന്നു. പ്രശസ്തരായ വ്യക്തികളുടെ ഇടയിൽ ഒതുങ്ങി ഒരു മൂലയിൽ നിന്നു. ഉദ്ഘാടന ചടങ്ങ് നടക്കുന്നതിനിടെ നിർമ്മാതാവ് ആന്റോ ജോസഫ് തന്നെ നോക്കി ആംഗ്യം കാണിക്കുന്നു. ഉദ്ഘാടന തിരക്കിനിടയിൽ ആന്റോയുടെ അടുത്തേക്ക് അയാൾ ചെന്നു. നീ ആസിഫലിയെ കാണാൻ പോയില്ലേ. ഏത് ആസിഫലി? എടാ.... നടൻ ആസിഫലി. നിന്റെ സിനിമയെക്കുറിച്ച് ആസിഫോനോട് പറഞ്ഞിട്ടുണ്ട്. നീ ഇന്നുതന്നെ ആസിഫിനെ കാണണം.

തന്റെ കയ്യിലുള്ള നല്ലൊരു കഥയുമായി മലയാളത്തിലെ എല്ലാ നടന്മാരെയും കണ്ടിട്ടും ആരും കൈതരാത്തതിന്റെ കയ്പ് ഉള്ളിൽ കിടന്നതുകൊണ്ടാവാം അയാൾ ഒന്നു മടിച്ചു. എടാ... നീ ധൈര്യമായി ചെല്ല്. ആന്റോ പറഞ്ഞു. തന്നോട് താല്പ

ര്യമുള്ള ആളാണ് ആന്റോ ജോസഫ്. കഥയുമായുള്ള നിന്റെ അലച്ചിലിനെക്കുറിച്ച് ആന്റോയ്ക്ക് നന്നായറിയാം. അങ്ങനെ അന്നു തന്നെ ആസിഫലിയെ കണ്ട് കഥ പറഞ്ഞു. രണ്ടു മണിക്കൂർ കൊണ്ട് കഥ പറഞ്ഞു കഴിഞ്ഞപ്പോൾ ആസിഫലി കൈതന്നു കെട്ടിപ്പിടിച്ചു.

മാസങ്ങളോളം കഥയുമായി മലയാളത്തിലെ നടന്മാരുടെ വീടുകയറി നടന്നിട്ടും ആരും കഥ സ്വീകരിക്കാത്തതിന്റെ നൊമ്പരം ഇറക്കിവയ്ക്കാൻ വേളാങ്കണ്ണിയിൽ മാതാവിന്റെ ചാരത്തേക്ക് പോയ ആ ചെറുപ്പക്കാരന് മാതാവ് നൽകിയ സമ്മാനം. അല്ലെങ്കിൽ വലിയ അടുപ്പമൊന്നുമില്ലാത്ത ജോജു ജോസഫ് ഹോട്ടൽ ഉദ്ഘാടനത്തിന് ക്ഷണിക്കാനും, പിറ്റേദിവസം പിന്നെ ഒന്നുകൂടി മെസ്സേജ് അയക്കാനും ഉദ്ഘാടനത്തിന് ഒരു മൂലയിൽ ഒതുങ്ങിനിന്ന തന്നെ ആന്റോ ജോസഫ് കാണുവാനും, ആസിഫലിയെ കാണാൻ പറഞ്ഞതും, കണ്ടതും ഒക്കെ ദൈവാനുഗ്രഹമാണ്. മാതാവിന്റെ കൈകളാണ് ഇവിടെ തണലായതെന്ന് പറയുന്ന ആ ചെറുപ്പക്കാരന്റെ പേര് ജിസ് ജോയ്.

മലയാള സിനിമയിലെ ശ്രദ്ധേയമായ 6 ചിത്രങ്ങൾ സംവിധാനം ചെയ്ത പ്രതിഭ. ആദ്യ സിനിമയുടെ നിർമ്മാതാവിനെ ലഭിച്ചതും ദൈവകരങ്ങളാലെന്ന് ജിസ്. കഥയ്ക്കും നടനുമായി പണം മുടക്കാൻ ആളില്ല. അതിനിടയിൽ പരസ്യ ചിത്രങ്ങൾ വേണ്ടുവോളമുണ്ട്. ഇതിൽ ധാത്രിയുടെ ഒരു പരസ്യത്തിന്റെ കളർവാൾ കാണാൻ ധാത്രിയുടെ ഉടമ ഡോ. സജികുമാർ മദ്രാസിൽ എത്തി. അദ്ദേഹവുമായി സ്റ്റുഡിയോയിൽ നടക്കേ പെട്ടെന്ന് നടൻ ആസിഫ് അലിയുടെ ഫോൺ. കല്യാണം ക്ഷണിക്കാനാണ്. സംസാരം ശ്രദ്ധിച്ച ഡോ. സജികുമാർ ഫോൺ കട്ട് ചെയ്തപ്പോൾ അദ്ദേഹം പറഞ്ഞു. നടൻ ആസിഫ് അലിയാണല്ലേ. എങ്ങനെ അടുപ്പം. ജിസ് കാര്യം പറഞ്ഞു. സിനിമയും കഥയും നായകനും എല്ലാം നിർമ്മാതാവ് ..... എന്നാൽ കഥ പറയ്. കൊള്ളാമോ എന്ന് നോക്കട്ടെ ഡോ. സജികുമാർ. അങ്ങനെ ജിസ് കഥ പറയുന്നു. കഥ കേട്ടു കഴിഞ്ഞതും ഡോ. സജി കൈകൊടുക്കുന്നു. ആദ്യ സിനിമയുടെ നിർമ്മാതാവ് റെഡി. അങ്ങനെ ഇറക്കിയ ആദ്യ ചിത്രമാണ് ബൈസിക്കിൾ തീഫ്സ്. അതിനുശേഷം 5 ചിത്രങ്ങൾ. സൺഡേ ഹോളിഡേ, വിജയ് സൂപ്പറും പൗർണ്ണമിയും, മോഹൻകുമാർ ഫാൻസ്, ഇന്നലെ വരെ, അവസാന ചിത്രം അടുത്ത മാസം അഭ്രപാളികളിൽ വിരുന്നിനെത്തും.

കാക്കനാട് സെന്റ് മൈക്കിൾസ് ഇടവകയിലെ ജോയി-പുഷ്പ ദമ്പതികളുടെ രണ്ട് മക്കളിൽ ഇളയവൻ ജിസ്. മൂത്തയാൾ സഹോദരി. മേരിമാതാ, സെന്റ് അഗസ്റ്റിൻ എന്നീ സ്കൂളുകളിൽ പഠനത്തിനു ശേഷം പ്രീഡിഗ്രി പഠിക്കാൻ അന്നത്തെ യുവ തലമുറയുടെ ഹരമായ പാരലൽ കോളേജുകളിൽ ഒന്നായ സെന്റ് തോമസിൽ ചേർന്നു. അന്ന് പാരലൽ കോളേജിലെ കുട്ടികൾ തമ്മിൽ യുവജനോൽസവം പോലെയുള്ള മത്സര മാമാങ്കങ്ങൾ ഉണ്ടാകുമായിരുന്നു. അതിലൊന്നിൽ വച്ച് ജയസൂര്യ എന്ന വിദ്യാർത്ഥിയെ പരിചയപ്പെട്ടു. ജിസ് നന്നായി മിമിക്രി ചെയ്യുമായിരുന്നു. ജയസൂര്യയും അങ്ങനെ തന്നെ. അങ്ങനെ ജിസ്-ജയസൂര്യ ജോഡി ഒരുമിച്ചു എറണാകുളത്ത് ചിരിയരങ്ങൊരുക്കി നിരവധി വേദികളിൽ. ഒരു മണിക്കൂർ നീളുന്ന ഹാസ്യപരിപാടികൾ ഇവരുടേതായി അരങ്ങേറി.

ഇതിനിടയിൽ അന്ന് കേരളത്തിൽ തന്നെ ആദ്യമായി ഒരു ടി.വി. ചാനലിൽ ലൈവ് പ്രോഗ്രാം ചെയ്യാനുള്ള ഇടം ലഭിച്ചു. ACV യിൽ. രാവിലെ ജിസ്, ഉച്ചയ്ക്ക് ശേഷം ജയസൂര്യ. ഷൂട്ടിങ്ങിനായി പാലാരിവട്ടത്തെ ACV സ്റ്റുഡിയോയിൽ വരുമ്പോൾ തൊട്ടുമുമ്പിലുള്ള മാതാവിന്റെ ചെറിയ കപ്പേളയ്ക്ക് മുന്നിൽ പ്രാർത്ഥിച്ചതിന് ശേഷം മാത്രമേ സ്റ്റുഡിയോയിലേക്ക് കയറൂ. ജയസൂര്യയാണ് ഇത് ആദ്യം തുടങ്ങിയത്. വിശ്വാസ വഴിയിലൂടെ ജീവിത വിജയത്തിലെത്തിയ ഒരു ചെറുപ്പക്കാരൻ. അത് തുറന്നു പറയുമ്പോൾ തുറക്കേണ്ടത് നമ്മുടെ കണ്ണുകളാണ്.

അങ്ങനെ ACV യിൽ കത്തിനിൽക്കെ, ജീവൻ ടി. വി. യിൽ പ്രോഗ്രാം ഡയറക്ടർ ആയി ജോലി തരപ്പെട്ടു. നാല് വർഷത്തെ ജീവൻ ടിവിയിലെ ജീവിതം ജിസ് ജോയ് എന്ന ചെറുപ്പക്കാരന്റെ പ്രതിഭയെ ഒന്നുകൂടി ചെത്തി മിനുക്കി. ക്യാമറ, എഡിറ്റിംഗ്, സംവിധാന രീതികൾ എല്ലാം.... ജീവൻ ടിവിയിലെ 4 വർഷത്തിനിടയിൽ മനസ്സിൽ പതിപ്പിച്ചു.

ജീവൻ ടിവിയിൽ ജോലിക്ക് വരുന്നതിന് മുമ്പേ മറ്റൊരു വഴിയിലൂടെ കൂടി ജിസ് സഞ്ചരിച്ചു തുടങ്ങി. ഡബ്ബിംഗ് മേഖല. ജയസൂര്യയുടെ ശുപാർശയിൽ ഒരു സീരിയലിന്റെ ഡബ്ബിംഗ് ജോലിയിൽ പങ്കെടുത്തു. അവിടെ നിന്ന് പിന്നെ നിന്നുതിരിയാൻ ഇടയില്ലാത്ത രീതിയിൽ ഡബ്ബിംഗ് പണി വന്നു. ആയിരത്തിലധികം സീരിയലുകൾക്ക് ജിസിന്റെ മധുര ശബ്ദം ഉണർവ്വേകി. അന്ന് സീരിയലുകളുടെ ചാകരയായിരുന്നു മലയാളത്തിൽ. കായംകുളം കൊച്ചുണ്ണി, പഴശ്ശിരാജ, തച്ചോളി ഒതേനൻ, മാനസപുത്രി, മിന്നുകെട്ട് ഇതിലൊക്കെ മിക്കതിലും നായക ശബ്ദം ജനഹൃദയത്തിൽ ചിരപ്രതിഷ്ഠ നേടിയത് ജിസിന്റെ ശബ്ദത്തിലൂടെയാണ്.

സീരിയൽ ഡബ്ബിംഗ് വലിയൊരു പാഠം ജിസിന് നൽകി. രാവിലെ പണി തീരാതെ വെറുതെ ഷൂട്ട് ചെയ്ത് തരുന്ന ഒരു പ്രൊഡക്റ്റ് വൈകുന്നേരമാകുമ്പോൾ ഡബ്ബ് ചെയ്ത് എഡിറ്റ് ചെയ്ത് പുതിയൊരു സംഭവമായി തിരികെ നൽകണം. പിന്നീടുള്ള യാത്രയിൽ ഇത് വലിയൊരു വെളിച്ചമായിരുന്നു എന്ന് ജിസ്.

സീരിയലിലെ മികവാർന്ന ശബ്ദത്തിനുടമ താമസിയാതെ സിനിമയിലേക്ക്. ആത്മമിത്രം ജയസൂര്യയുടെ ആദ്യസിനിമ ഊമപ്പെണ്ണിന് ഉരിയാടാപയ്യൻ, പിന്നീടങ്ങോട്ട് അവിടെയും തിളക്കമാർന്ന ഏടുകൾ. ഇപ്പോൾ ഡബ്ബ് ചെയ്ത സിനിമകൾ 800 കഴിഞ്ഞു. ഇതിൽ ഏറ്റവും ശ്രദ്ധേയം അല്ലു അർജ്ജുൻ സിനിമകളാണ്. മലയാളത്തിൽ അല്ലു അർജ്ജുന്റെ ശബ്ദം എല്ലാ സിനിമകളിലും ഡബ്ബ് ചെയ്തത് ജിസ് ആണ്. പുഷ്പ എന്ന സിനിമയിൽ പുഷ്പ എന്നാൽ ഫ്ളവർ അല്ല ഫയർ

ആണെന്ന് അല്ലു അർജ്ജുൻ പറയുമ്പോൾ കയ്യടിച്ചവർ ഓർക്കുക അത് ജിസ് ജോയ് എന്ന ബഹുമുഖ പ്രതിഭയുടെ ശബ്ദം ആണെന്ന്. മലയാളത്തിൽ എന്റെ ശബ്ദം നൽകുന്നയാൾക്കാണ് എന്റെ സിനിമ മലയാളത്തിൽ വിജയിച്ചതിന്റെ പകുതി ക്രെഡിറ്റ് എന്ന് അല്ലു അർജ്ജുൻ പറയുമ്പോൾ ജിസിനൊപ്പം നമ്മളും അഭിമാനം കൊള്ളുന്നു.

സിനിമ സംവിധായകനായി, ഡബ്ബിംഗ് ആർട്ടിസ്റ്റായി.... ജിസിന്റെ കഥ പറച്ചിൽ ഇവിടെ തീർന്നെന്നു കരുതരുത്. അദ്ദേഹം കൈവച്ച് തിളങ്ങിയ മറ്റൊരു മേഖല വിശാലമായ ഒരു ക്യാൻവസിൽ.... ഇനിയുമുണ്ട് പറയാൻ.

പരസ്യ ചിത്രങ്ങളോട് വലിയ കമ്പമായിരുന്നു ജിസിന്. ഒരു ആഡ് ഫിലിമെങ്കിലും തന്റേതായി ചെയ്യണമെന്ന ആഗ്രഹം മനസ്സിലൊളിപ്പിച്ചിരുന്നു ജിസ്. കാരണം രാജീവ് മേനോൻ എന്ന പരസ്യ ചിത്രകാരൻ-ഇന്ത്യയിലെ ഏറ്റവും പ്രശസ്തനായ ഈ പരസ്യചിത്ര സംവിധായകന്റെ പരസ്യങ്ങളാണ് ജിസ് ജോയിയെ പരസ്യചിത്രം എന്ന ആഗ്രഹത്തിലേക്കെത്തിച്ചത്. അങ്ങനെ പരസ്യ ചിത്രങ്ങൾ ഒരുക്കാൻ ലൈറ്റ്സ് ഓൺ എന്ന ഒരു പരസ്യ കമ്പനി തുടങ്ങി. ആദ്യ പരസ്യം ഫെഡറൽ ബാങ്കിന്റെ. തുടക്കം നന്നായാൽ യാത്ര നന്നാവും എന്ന പഴമൊഴി ഇവിടെ അന്വർത്ഥമായി. ഇതെഴുതുന്ന ഇന്നലെവരെ 750 പരസ്യചിത്രങ്ങൾ ജിസ് സംവിധാനം ചെയ്തു കഴിഞ്ഞു. പരസ്യങ്ങളുടെ സ്ക്രിപ്റ്റ് എഴുതുന്നതും ജിസ് തന്നെ. മൈജി, ധാത്രി, അസറ്റ് ഹോംസ്, സ്കൂബി ഡേ ബാഗ്, നിറപറ, ജോൺസ് കുട, മഹാലക്ഷ്മി സിൽക്സ് അങ്ങനെ നീളുന്നു ജിസിന്റെ പരസ്യ മികവു കൊണ്ട് കത്തിക്കയറിയ സംരംഭങ്ങൾ. ധാത്രിക്കുവേണ്ടി മാത്രം 120 പരസ്യങ്ങളൊരുക്കി.

മോഹൻലാലിനെ വച്ച് ഏറ്റവും കൂടുതൽ പരസ്യങ്ങൾ ഒരുക്കിയത് ജിസ് ആണ്. 52 എണ്ണം. മോഹൻലാൽ എന്ന മനുഷ്യൻ ഒരു പാഠപുസ്തകമാണെന്ന് ജിസ് പറയുന്നു. ഒരു താരം എങ്ങനെ മനുഷ്യനാകുന്നു എന്നുള്ളതിന്റെ തെളിവാണ് ലാൽ. അർപ്പണ ബോധത്തിന്റെ ആൾരൂപം. അദ്ദേഹത്തോടൊപ്പം 52 പരസ്യങ്ങൾ ചെയ്യാൻ കഴിഞ്ഞത് മഹാ സൗഭാഗ്യമാണ്.

പരസ്യ മേഖലയിൽ മേഴ്സിഡസ് ബെൻസിന്റെ പരസ്യം, ഭാരത് ബെൻസ്, മിസ്തുബിഷി എന്നിവയുടെ പരസ്യങ്ങളും ഇന്ത്യ മുഴുവൻ നിറഞ്ഞ പരസ്യങ്ങളായിരുന്നു.

സിനിമയുമായി നോക്കുമ്പോൾ പരസ്യ ചിത്രമാണ് ചെലവേറിയതെന്ന് ജിസ്. കുറഞ്ഞ ദിവസംകൊണ്ട് കോടികളുടെ ബജറ്റാണ് ഓരോ പരസ്യത്തിനും. ഏതായാലും പരസ്യ ചിത്രങ്ങൾ ചെയ്ത ധൈര്യമാണ് ജിസിനെ ആദ്യ സിനിമയിലേക്കെത്തിച്ചത്. ആസിഫ് അലിയാണ് ജിസിന്റെ പ്രിയ നടൻ. എല്ലാ സിനിമയിലും ആസിഫ് ഉണ്ട്. ഫ്ളക്സിബിൾ ആയ നടനാണ് ആസിഫ് അലി എന്ന് ജിസ് പറയുന്നു.

ആദ്യസിനിമയായ ബൈസിക്കിൾ തീഫ്സ് മുതൽ സ്വന്തം സിനിമയുടെ തിരക്കഥ, സംഭാഷണം, സംവിധാനം, ഗാനരചന എന്നിവ ജിസ് തന്നെയാണ് നിർവ്വഹിക്കുന്നത്. ബൈസിക്കിൾ തീഫ്സിനു വേണ്ടി ഒരു പാട്ടിന്റെ ഡമ്മി എഴുതിയപ്പോൾ അത് സംഗീത സംവിധായകൻ ദീപക്ദേവിന് നന്നേ പിടിച്ചു. അങ്ങനെ ജിസ് ജോയ് പാട്ടെഴുത്തുകാരനുമായി. മഴപാടും കുളിരായി എന്ന സൺഡേ ഹോളിഡേ എന്ന ചിത്രത്തിലെ ഗാനത്തിന് മഴവിൽ മനോരമയുടെ ജനപ്രിയ ഗാനത്തിനുള്ള പുരസ്കാരം ലഭിച്ചു. മുപ്പതിലധികം ഗാനങ്ങൾ സിനിമയ്ക്കെഴുതി. തന്റെ സിനിമയിലേക്കും, ചങ്ങാതിമാരായ മറ്റു സംവിധായകരുടെ സിനിമയ്ക്കും വേണ്ടി എഴുതി.

യാത്ര വിശ്വാസ വഴിയിലൂടെ ആയതിനാൽ ഭക്തിഗാന മേഖലയിലും ജിസിന്റെ വരികളെത്തി. പ്രശസ്ത സംഗീത സംവിധായകൻ അൽഫോൺസിനു വേണ്ടി എഴുതിയ മൃദുലമാം മധുരമേ എന്ന ക്രിസ്തീയ ഭക്തിഗാനം യൂട്യൂബിൽ ട്രെൻഡാണ്.

ജിസിന്റെ ആറാമത്തെ സിനിമ തലവൻ ഏപ്രിൽ മാസത്തിൽ റിലീസാകും. ബിജു മേനോനാണ് നായകൻ. തന്റെ സൺഡേ ഹോളിഡേ എന്ന ചിത്രം ഏഷ്യാനെറ്റ് എല്ലാ ആഴ്ചയിലും ഏതെങ്കിലും ദിവസം സംപ്രേഷണം ചെയ്യുമെന്ന് ജിസ് പറയുമ്പോൾ ആ കണ്ണുകളിൽ ഒരു തിളക്കം കാണാം. നടന്ന വഴികളിലെല്ലാം കാൽമുദ്ര പതിപ്പിച്ച, അധ്വാനിയായ ഒരു ചെറുപ്പക്കാരന്റെ കണ്ണിലെ തിളക്കം.

തന്റെ ജീവിതത്തിന്റെ വെളിച്ചം ഒരു വൈദികനാണ്. ഫാ. ബോബി ജോസ് കട്ടിക്കാട് എന്നു പറയുന്ന ജിസ് ഒരു കാര്യം ഉറച്ചു പറയുന്നു. എന്റെ സിനിമയിൽ കത്തോലിക്കാ വിശ്വാസത്തിനെതിരായ ഒന്നുമുണ്ടാവില്ല. ആളുകളെ ചീത്തയാക്കാനുള്ളതല്ല സിനിമ എന്നാണ് ഞാൻ വിശ്വസിക്കുന്നത്.

എല്ലാ ദിവസവും മുടങ്ങാതെ ബൈബിൾ ഒരു പേജെങ്കിലും ഒരു ക്രൈസ്തവൻ വായിച്ചിരിക്കണം എന്ന് പറയുന്ന ജിസ് തന്റെ ജീവിതമാണ് അതിന് നേർസാക്ഷ്യമായി പറയുന്നത്.

ബൈബിൾ വായിച്ച്, ജ്ഞാനത്തിനുവേണ്ടിയുള്ള പ്രാർത്ഥന ചൊല്ലി സങ്കീർത്തനം 91 കൂടി ഉരുവിട്ടു കൊണ്ടാണ് തന്റെ ഒരു ദിവസം തുടങ്ങുന്നതെന്ന് ജിസ് പറയുമ്പോൾ ഇരുളിൽ ഒരു വെളിച്ചം പടരുന്നതുപോലെ.

ഒരേ സമയം ഡബ്ബിംഗ് ആർട്ടിസ്റ്റും, പരസ്യ ചിത്ര സംവിധായകനും, സിനിമാ സംവിധായകനും പാട്ടെഴുത്തുകാരനുമായ ജിസ് ജോയ് തന്റെ ജീവിതംകൊണ്ട് മറ്റുള്ളവർക്ക് മാതൃകയാവുകയാണ്. കൈവച്ച വഴികളിലെല്ലാം വിജയം കൊയ്ത ആ ചെറുപ്പക്കാരൻ ഇനിയും മുന്നോട്ട് നടക്കും. ഏറെ ദൂരം.

എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി അശരണരുടെ അഭയകേന്ദ്രം

1962-ൽ സ്ഥാപിതമായ എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി അവിഭക്ത വരാപ്പുഴ അതിരൂപതയുടെ പ്രഥമ ഏദദ്ദേശീയ മെത്രാപ്പോലീത്ത ദൈവ ദാസൻ ജോസഫ് അട്ടിപ്പേറ്റി പിതാവിന്റെ അശരണരോടും പാവപ്പെട്ടവരോടുമുള്ള നിറസ്നേഹത്തിന്റെയും സാമൂഹ്യ പ്രതിബദ്ധതയുടെയും നേർസാക്ഷ്യമാണ്.ആറു പതിറ്റാണ്ടുകളുടെ ചരിത്രം പേറുന്ന ഈ മഹാ സ്ഥാപനം അതിരൂപതയിലെ അഭിവന്ദ്യ മെത്രാപ്പൊലീത്തമാരുടെയും സമർപ്പണം മുഖമുദ്രയാക്കിയ വന്ദ്യരായ വൈദിക ശ്രേഷ്ഠരുടെയും നിസ്തുലമായ സേവനത്തിന്റെ അനന്തര ഫലമായാണ് ഇന്നത്തെ ഈ പുരോഗതി സ്വയത്തമാക്കിയിട്ടുള്ളത്. ഈ മഹാപ്രയാണത്തിന്റെ കഴിഞ്ഞ അവസാന ആറു വർഷക്കാലം അതിൽ പങ്കാളിയാകാൻ ഈ എളിയവനായ എന്നെയും അനുവദിച്ച നല്ല തമ്പുരാന് ഒരായിരം നന്ദി.സാമൂഹ്യ പ്രതിബദ്ധതയുള്ള ഒട്ടേറെ കർമ്മപദ്ധതികൾ കൊണ്ട് സമ്പന്നവും അനുഗൃഹീതവുമാണ് ഈ പ്രസ്ഥാനം.

* ഭവന രഹിതർക്കായുള്ള അഭിവന്ദ്യ മെത്രാപ്പോലീത്തയുടെ സ്നേഹഭവനം പദ്ധതി.
* കാൻസർ രോഗികൾക്കായുള്ള ആശാകിരണം ആരോഗ്യ സുരക്ഷാ പദ്ധതി.
* വൃക്ക രോഗികൾക്കായുള്ള ഹൈബി ഈഡൻ എം.പി.യുമായുള്ള ഡയാലിസിസ് ചലഞ്ച് പദ്ധതി.
* വിധവകൾക്കായുള്ള സേവ് എ ഫാമിലി പ്ലാൻ പ്രൊജക്റ്റ്.
* ഭിന്നശേഷിക്കാർക്കായുള്ള ഹോപ്പ് & ഹെല്പ് പദ്ധതി.
* രാസലഹരിക്കെതിരെയുള്ള സജീവം ക്യാമ്പയിൻ.
* നൈപുണ്യ വികസനത്തിനായുള്ള ഇ.എസ്.എസ്.എസ് സെന്റർ ഫോർ ലേർണിങ്.
* കുടുംബ പ്രശ്നപരിഹാരത്തിനുള്ള കമ്മ്യൂണിറ്റി മീഡിയേഷൻ സെന്റർ.
* വിവിധ ഇൻഷുറൻസ് സ്കീമുകൾ - ആർദ്രം ഹെൽത്ത് /ക്രിട്ടിക്കൽ ഇൽനെസ്സ് പോളിസി /ഗ്രൂപ്പ് ഇൻഷുറൻസ് ഡെത്ത് പോളിസി/ കുട്ടികളുടെ യൂണി സ്റ്റഡി ഇൻഷുറൻസ്/ ഗൃഹ സുരക്ഷ / മൈക്രോ ബജത് / ജീവൻ മധുർ/ സ്വാവലമ്പൻ/പി.എം സുരക്ഷ ഭീമ യോജ്ന /ജീവൻ ജ്യോതി ഭീമ യോജ്ന/ സുകന്യ സമൃതി യോജ്ന.
* അസംഘടിത തൊഴിലാളികൾക്ക് ക്ഷേമനിധികളിൽ അംഗത്വം.
* മുതിർന്ന പൗരന്മാർക്കും (സായംപ്രഭ), പരുഷന്മാർക്കും, വനിതകൾക്കും, കുട്ടികൾക്കും (കുട്ടിക്കൂട്ടം) വേണ്ടിയുള്ള സ്വയംസഹായ സംഘങ്ങൾ.
* സൗജന്യ മെഡിക്കൽ ക്യാമ്പുകൾ.
* പരിസ്ഥിതി സംരക്ഷണ കർമ്മ പദ്ധതി.
* ഗാർഹിക തൊഴിലാളി സംഘാടനം.
* സ്ത്രീകളുടെ സമ്പാദ്യശീലം വളർത്താനുള്ള മൈത്രി നിധി.

നാളിതുവരെ ഈ സ്ഥാപനത്തെ കൈപിടിച്ച് നടത്തിയ നല്ല ദൈവത്തിനും അഭിവന്ദ്യ പിതാക്കന്മാർക്കും ബഹുമാനപ്പെട്ട ഡയറക്ടർ അച്ചന്മാർക്കും വൈദിക - സന്ന്യസ്ത സഹോദരങ്ങൾക്കും ഗവർണിങ് കൗൺസിൽ / ജനറൽ ബോഡി അംഗങ്ങൾക്കും അഭ്യുദയകാംക്ഷികൾക്കും ഓഫീസ് /ഫീൽഡ് സ്റ്റാഫ് അംഗങ്ങൾക്കും ആനിമേറ്റേഴ്സിനും എല്ലാ അൽമായ സുഹൃത്തുക്കൾക്കും ഹൃദയപൂർവ്വം നന്ദിയർപ്പിക്കുന്നു.
അഗതികൾക്കും അശരണർക്കും അത്താണിയായി എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഈ സമൂഹത്തിൽ എന്നും പ്രശോഭിക്കട്ടെ എന്ന് ആശംസിക്കുന്നു.എല്ലാവർക്കും ഒരായിരം നന്ദിയും സ്നേഹനിർഭരമായ പ്രാർത്ഥനകളും നേരുന്നു.

ഫാ. മാർട്ടിൻ അഴിക്കകത്ത്
പ്രസിഡന്റ് & ഡയറക്ടർ
എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി

വിശുദ്ധവാരത്തിന്റെ പുണ്യവുമായി പീഡാനുഭവ യാത്ര

വിശുദ്ധവാരത്തിന് ആരംഭം കുറിച്ച് കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത സമിതിയുടെ നേതൃത്വത്തിൽ എറണാകുളം നഗരത്തിൽ നടത്തിയ പീഡാസഹനയാത്ര വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ പിതാവ് വിശുദ്ധ കുരിശ് കെ.സി.വൈ.എം വരാപ്പുഴ അതിരൂപത സെക്രട്ടറി ഡീലി ട്രീസയ്ക്ക് കൈമാറി ആരംഭം കുറിച്ചു. സെൻറ്. ഫ്രാൻസീസ് അസീസി കത്തീഡ്രൽ ദൈവാലയത്തിൽ നിന്നുമാരംഭിച്ച് നഗരംചുറ്റി കത്തീഡ്രലിൽ തന്നെ പീഡാ സഹന യാത്ര സമാപിച്ചു. കെ.സി.വൈ.എം വരാപ്പുഴ അതിരൂപത പ്രസിഡൻറ് ആഷ്ലിൻ പോൾ, ഡയറക്ടർ ഫാ. റാഫേൽ ഷിനോജ് ആറാഞ്ചേരി, യുവജന കമ്മീഷൻ ഡയറക്ടർ ഫാ. ജിജു ക്ലീറ്റസ് തിയ്യാടി, കെ.സി.വൈ.എം വരാപ്പുഴ അതിരൂപത ജനറൽ സെക്രട്ടറി രാജീവ് പാട്രിക്, എക്സിക്യൂട്ടീവ് അംഗങ്ങളായ വിനോജ് വർഗീസ്, ടിൽവിൻ തോമസ്, അക്ഷയ് അലക്സ്, ഡാലി ഫിലോമിന, അരുൺ വിജയ്, അലൻ സേവിയർ തോമസ്, ലെറ്റി എസ്.വി., ദിൽമ മാത്യു, കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത മുൻ പ്രസിഡൻറ് ദീപു ജോസഫ് എന്നിവർ നേതൃത്വം നൽകി. വരാപ്പുഴ അതിരൂപത ആശിർഭവൻ ഡയറക്ടർ ഫാ. വിൻസെന്റ് വാരിയത്ത് സമാപന സന്ദേശം നൽകി. 500 ഓളം വിശ്വാസികൾ പങ്കെടുത്തു.

വരാപ്പുഴ അതിരൂപതയുടെ സാമൂഹിക സേവന വിഭാഗമായ എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി ആശാകിരണം കാൻസർ

കൃാമ്പയിന്റെ ഭാഗമായി 2023-2024 സാമ്പത്തിക വർഷത്തിൽ 190 കാൻസർ രോഗികൾക്ക് 9,30,000 രൂപ ധനസഹായം നൽകി.



27 കുടുംബങ്ങൾക്ക് ആശ്വാസവുമായി ആർച്ച് ബിഷപ് സ്നേഹഭവനപദ്ധതി.

വരാപ്പുഴ അതിരൂപത അതിർത്തി യിൽ താമസിക്കുന്ന നാനാ മതസ്ഥരായ മുപ്പത് കുടും ബങ്ങൾക്ക് ഭവനനിർമ്മാണ പൂർത്തീകരണ ത്തിനായുള്ള സഹായധനം വരാപ്പുഴ അതിരൂപത വികാർ ജനറൽ മോൺ. മാത്യു കല്ലിങ്കൽ നൽകി. അതിമെത്രാസന മന്ദിരത്തിൽ വച്ച് നടന്ന ചടങ്ങിൽ മോൺ. മാത്യു കല്ലിങ്കൽ അധ്യക്ഷത വഹിച്ചു. എല്ലാവർക്കും സ്വന്തമായൊരു ഭവനം എന്നത് അഭിവന്ദ്യ മെത്രാപ്പോലീത്തയുടെ ഏറ്റവും വലിയ സ്വപ്നവും പ്രാർത്ഥനയുമാണെന്ന് എല്ലാവരെയും മോൺ. ഓർമിപ്പിച്ചു. പ്രസ്തുത ചടങ്ങ് സംഘടിപ്പിച്ചതും സ്നേഹഭവനം പദ്ധതി നടപ്പിലാക്കുന്നതും അതിരൂപത സാമൂഹ്യ സേവന വിഭാഗമായ എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിലുമാണ്. ഡയറക്ടർ ഫാദർ മാർട്ടിൻ അഴിക്കകത്ത്, പ്രോഗ്രാം കോ ഓർഡിനേറ്റർ ഷൈല അട്ടിപേറ്റി എന്നിവർ ചടങ്ങിൽ സംസാരിച്ചു.

സൗജന്യ ദന്ത പരിശോധനാ കൃാമ്പ്



വരാപ്പുഴ അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും അമൃത ആശുപത്രിയും സംയുക്തമായി സൗജന്യ ദന്ത പരിശോധനാ കൃാമ്പ് സംഘടിപ്പിച്ചു. ചിറ്റൂർ ഹോളി ഫാമിലി ചർച്ച് ഹാളിൽ വച്ച് നടത്തിയ കൃാമ്പിൽ 78 പേരുടെ ദന്ത പരിശോധന നടത്തി. ഇടവക വികാരി റവ. ഫാ. മേജോ ജോർജ്ജ് അധ്യക്ഷത വഹിക്കുകയും ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. അമൃത ഹോസ്പിറ്റൽ ദന്തവിഭാഗം ഡോ. പാർവ്വതി കൃാമ്പ് നയിച്ചു. കൃാമ്പിൽ ഇടവക വിൻസെന്റ് ഡി പോൾ സൊസൈറ്റി ഭാരവാഹികൾ, ഇ.എസ്.എസ്.എസ്. സ്റ്റാഫ്, വില്ലേജ് ഓർഗനൈസർ, ഇന്റേൺഷിപ് വിദ്യാർത്ഥികൾ എന്നിവർ നേതൃത്വം വഹിച്ചു. 47 പേരുടെ തുടർ ചികിത്സയ്ക്കായി അമൃത ആശുപത്രിയിൽ എത്തുന്നതിനായി സൗജന്യ യാത്രാസൗകര്യവും ഒരുക്കി.



വരാപ്പുഴ അതിരൂപത BCC കൂനമ്മാവ് ഏഴാം ഫൊറോനയുടെ അഗാപ്പേ സംഗമം തുണ്ടത്തുംകടവ് ഉണ്ണി മിശിഹാ പള്ളി അങ്കണത്തിൽ വച്ച് നടത്തി കൂനമ്മാവ് ഫൊറോനാ ഡയറക്ടർ റവ ഫാ സെബാസ്റ്റ്യൻ ഒളിപ്പറമ്പിൽ അധ്യക്ഷത വഹിച്ചു, വരാപ്പുഴ അതിരൂപത ചാൻസിലർ റവ, ഫാ എബിജിൻ അറക്കൽ ഉദ്ഘാടനം ചെയ്തു, വരാപ്പുഴ അതിരൂപത BCC ഡയറക്ടർ റവ ഫാ യേശുദാസ് പഴമ്പിള്ളി ക്ലാസ് എടുത്തു, വരുന്ന പാർലമെന്റ് തിരഞ്ഞെടുപ്പിൽ, എല്ലാവരും വോട്ട് രേഖപ്പെടുത്തണമെന്നും, സമൂഹത്തിന് നന്മ ചെയ്യുന്നവർ ആയിരിക്കണം തിരഞ്ഞെടുക്കപ്പെടേണ്ടതെന്നും സമദൂരമാണ് സഭയുടെ നിലപാടെന്നും ക്ലാസ്സെടുത്ത BCC ഡയറക്ടർ അറിയിച്ചു വരാപ്പുഴ അതിരൂപത യൂത്ത് കമ്മീഷൻ ഡയറക്ടർ റവ ഫാ ജിജു ക്ലീറ്റസ് തീയാടി അതിരൂപത കോഓർഡിനേറ്റർ മാരായ ജോബി തോമസ, മാത്യു ലിങ്കൻ റോയ്, ബൈജു ആന്റണി, മോബിൻ മാനുവൽ, എന്നിവർ പ്രസംഗിച്ചു, ഫൊറോനാ ലീഡർ, ഹെൻട്രി ജോസഫ് സ്വാഗതവും തുണ്ടത്തുംകടവ് ഉണ്ണിമിശിഹാ പള്ളി കേന്ദ്ര സമിതി ലീഡർ ജോസഫ് പിജി നന്ദി പറഞ്ഞു റാങ്ക് ജേതാക്കളെ ആദരിച്ചു , സ്വാഗതസംഘം ഭാരവാഹികളായ ജോസഫ് പി ജി, രാജു മുക്കത്ത്, സിസ്റ്റർ നീതി, സെബാസ്റ്റ്യൻ പി എസ്, സിജു ആന്റണി, യേശുദാസ്, ബിജു മുല്ലൂർ, ഫൊറോനാ ഭാരവാഹികളായ ഹെൻട്രി ജോസഫ്, ജുബിൻ ജൂട്സൺ, സെബാസ്റ്റ്യൻ പി എസ്, ബിജു മുല്ലൂർ, ജിജി ബെന്നി, സനോജ് തോമസ്, നീതു അനീഷ്, ആൻസൺ ആലപ്പാട്ട്, തുണ്ടത്തും കടവ് ഉണ്ണി മിശിഹാ പള്ളി കേന്ദ്ര സമിതി ഭാരവാഹികൾ, കുടുംബയൂണിറ്റ് ഭാരവാഹികൾ ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് എന്നിവർ സംഗമത്തിന് നേതൃത്വം നൽകി

ആഗ്നസ് ബി സോസയും ആനി ബേർളിയും മോൺ.ഇമ്മാനുവേൽലോപ്പസ് ബൈബിൾ കിസ് ജേതാക്കൾ

വരാപ്പുഴ അതിരൂപത വികാരി ജനറലും മുൻ മതബോധന ഡയറക്ടറുമായിരുന്ന ദൈവദാസൻ മോൺ. ഇമ്മാനുവൽ ലോപ്പസിന്റെ സ്മരണാർത്ഥം വരാപ്പുഴ അതിരൂപത മതബോധന കമ്മീഷൻ സംഘടിപ്പിച്ച ബൈബിൾ കിസിന്റെ രണ്ടാം പതി പ്പിന്റെ മെഗാഫൈനൽ മത്സരത്തിൽ കുട്ടികളുടെ വിഭാഗത്തിൽ മാനാട്ട്പറമ്പ് തിരുഹൃദയ ഇടവകാംഗം ആഗ്നസ് ബി സോസ രണ്ടാം തവണയും ജേതാവായി. ഇടപ്പള്ളി നോർത്ത് തിരുഹൃദയ ഇടവകാംഗം ആൻ മരിയ അബ്രാഹം രണ്ടാം സ്ഥാനം കരസ്ഥമാക്കി. തുടർച്ചയായി രണ്ടാം തവണയും ഒന്നാം സമ്മാനം നേടിയ ആഗ്നസ് ബി സോസ തനിക്ക് ലഭിച്ച വിശുദ്ധനാട് തീർത്ഥാടനത്തിനുള്ള ടിക്കറ്റ് രണ്ടാം സ്ഥാനത്തെത്തിയ ആൻമരിയക്ക് സോസക്ക് നൽകി ക്രിസ്തീയ വിശ്വാസ ജീവിതത്തിന്റെ യഥാർത്ഥ സാക്ഷ്യവും മാതൃകയുമായി. മതാധ്യാപകരുടെ വിഭാഗത്തിൽ തേവക്കൽ ലൂർദ് മാതാ ഇടവകാംഗം ആനി ബേർളി ഒന്നാം സ്ഥാനം കരസ്ഥമാക്കി. വിശുദ്ധനാട് തീർത്ഥാടനത്തിനുള്ള വിമാനടിക്കറ്റാണ് ഒന്നാം സ്ഥാനക്കാർക്ക് സമ്മാനമായി ലഭിക്കുന്നത് . ഓച്ചംതുരുത്ത് നിത്യസഹായമാതാ ഇടവകാംഗം മേരി ലയ കുട്ടികളുടെ വിഭാഗത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി.ടാബ്ലെറ്റ് ഫോൺ ആണ് മൂന്നാം സ്ഥാനക്കാർക്ക് സമ്മാനമായി ലഭിക്കുന്നത്. മതാധ്യാപക വിഭാഗം മത്സരത്തിൽ തുണ്ടത്തുംകടവ് തിരുഹൃദയ ഇടവകാംഗമായ മേരി ജെയിംസ് രണ്ടാം സ്ഥാനവും തേലത്തുരുത്ത് ഉണ്ണിമിശിഹാ ഇടവകാംഗം ജിബി സിജൻ മൂന്നാം സ്ഥാനവും നേടി. പ്രശസ്തതീർത്ഥാടന കേന്ദ്രങ്ങളായ ഗോവയിലേക്കും വേളാങ്കണ്ണിയിലേക്കുമുള്ള ടിക്കറ്റുകളാണ് ഈ വിഭാഗത്തിലെ രണ്ടും മൂന്നും സ്ഥാനക്കാർക്ക് സമ്മാനമായി ലഭിക്കുന്നത്. ജൂനിയർ വിഭാഗം കുട്ടികൾക്കായി നടത്തിയ മത്സരത്തിൽ വിജയികളായ 25 പേർക്ക് കാക്കനാട് വണ്ടർലാ അമ്യൂസ്മെന്റ് പാർക്കിലേക്കുള്ള ടിക്കറ്റുകൾ സമ്മാനമായി ലഭിച്ചു.

എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽ വച്ച് നടന്ന മെഗാ ഫൈനൽ മത്സരത്തിൽ വിവിധ ഇടവകകളിൽ നിന്നായി മുന്നൂറിലധികം മത്സരാർത്ഥികൾ പങ്കെടുത്തു. രാവിലെ നടന്ന പ്രാഥമിക റൗണ്ട് എഴുത്തു പരീക്ഷയിൽ ഒരോ വിഭാഗത്തിലും ഉയർന്ന മാർക്ക് നേടിയ 8 പേരാണ് ഫൈനലിൽ പ്രവേശനം നേടിയത്. നവദർശൻ ഡയറക്ടർ ഫാ. ജോൺസൻ ഡിക്കുഞ്ഞ ആയിരുന്നു മുഖ്യ കിസ് മാസ്റ്റർ. വിജയികൾക്കുള്ള സമ്മാനങ്ങൾ മെയ് 26 ഡിഡാക്കെ ദിനത്തിൽ നൽകും. അതിരൂപത മതബോധന കമ്മീഷൻ ഡയറക്ടർ ഫാ. വിൻസന്റ് നടുവിലപ്പറമ്പിൽ,കമ്മീഷൻ സെക്രട്ടറി എൻ.വി. ജോസ്, കൺവീനർ ബെൻസി മാർട്ടിൻ എന്നിവർ പ്രസംഗിച്ചു.

..

DIRECTORATE OF FAMILY UNITS

വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളിലേയും കേന്ദ്ര സമിതി ലീഡർ, സെക്രട്ടറി, സിസ്റ്റർ ആനിമേറ്റർ എന്നിവർക്കായി നടത്തുന്ന എക്സോഡസ്സ് മീറ്റിംഗ് 2024 മെയ് 26 ഞായറാഴ്ച 3 മണിക്ക് എറണാകുളം ആശിർഭവനിൽ.

ആർച്ച്ബിഷപ്പ്സ് ' സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ

1.സെന്റ് ജോസഫ് ചർച്ച് തേവര–1,00,000 രൂപ

2.വിൻസെന്റ് ഡി പോൾ സൊസൈറ്റി, സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ, എറണാകുളം–25,000 രൂപ

3.സി.ടി.സി., സെന്റ് ജോസഫ് പ്രൊവിൻഷ്യലേറ്റ്, കാക്കനാട്–25,000 രൂപ

*ആകെ–**1,50,000 രൂപ***

FAMILY COMMISSION
ARCHDIOCESE OF VERAPOLY

ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർഭവനിൽ വച്ച് നടത്തുന്ന മെയ് മാസത്തെ പരിപാടികൾ:

വിവാഹ ഒരുക്ക കോഴ്സ് :മെയ് 3, 4, 5, മെയ് 17, 18, 19
രാവിലെ 8 മണി മുതൽ വൈകീട്ട് 5 മണി വരെ.
മാതൃദിനാഘോഷം: മെയ് 11 രാവിലെ 9.30 ന്
ഏകസ്ഥരുടെ കൂട്ടായ്മ : മെയ് 16 രാവിലെ 10.30 ന്
വിധവ കൂട്ടായ്മ (അൽമാന): മെയ് 18 ഉച്ചക ഴിഞ്ഞ് 3 ന്
വലിയ കുടുംബങ്ങളുടെ സംഗമം : മെയ് 26 ഞായറാഴ്ച ഉച്ചയ്ക്ക് 1.30 ന് കച്ചേരിപ്പടി ആശീർഭവനിൽവച്ച്



ഫാ. വിൻസെന്റ് വാര്യത്ത്

മെയ്മാസ വണക്കം

കത്തോലിക്കാസഭയിൽ മാതാവിനോടുള്ള വണക്കമാസാചരണം പതിനാറാം നൂറ്റാണ്ടിലാണ് ആരംഭിച്ചത്. മാതാവിലൂടെ യേശുവിലേക്ക് തീർത്ഥയാത്ര ചെയ്യുന്ന വിശ്വാസികൾ മെയ്മാസം പ്രത്യേകമായ മാതൃഭക്തിയുടെ മാസമായി ആചരിക്കാൻ തുടങ്ങി. ഈ മാസത്തിലെ പ്രത്യേകത വസന്തകാലത്തിന്റെ എല്ലാ സൗന്ദര്യവും നിറഞ്ഞുനിൽക്കുന്ന മാസമാണ് മെയ്മാസം എന്നതാണ്. മെയ്മാസത്തിൽ ഭൂമി മൊത്തത്തിൽ ഒരു പുതിയ തുടക്കത്തിന് സാക്ഷ്യം വഹിക്കുന്നു.



മാതാവ് മക്കൾക്കെല്ലാം പുതിയൊരു തുടക്കമിടാൻ രക്ഷയുടെ പാത കാണിച്ചുകൊടുക്കുന്ന ആളാണ്. അതുകൊണ്ടാണ് മെയ്മാസം തന്നെ മാതാവിനോടുള്ള പ്രത്യേക ഭക്തിയുടെ മാസമായിട്ട് തിരഞ്ഞെടുത്തത്. റോമിൽ മെയ്മാസ ആചരണം ആരംഭിച്ചപ്പോൾ രണ്ട് ലക്ഷ്യങ്ങളാണ് ഉണ്ടായിരുന്നത്.

1. കുടുംബപ്രാർത്ഥനയുടെ ചൈതന്യം വീണ്ടെടുക്കുക

2.സഭയിൽ മാതാവിനുള്ള സ്ഥാനം എല്ലാവരെയും കൃത്യമായി ബോധ്യപ്പെടുത്തുക.

മെയ്മാസാചരണത്തിന്റെ അവസാനദിവസം എല്ലാവരും അധാർമ്മികതയും, അവിശ്വസ്തതയും വെടിഞ്ഞ് ദൈവസ്നേഹത്തിന്റെ വഴിയിലേക്ക് വരുമെന്ന് മാതാവിനു മുന്നിൽ പ്രതിജ്ഞ ചെയ്യുന്ന രീതി ഉണ്ടായിരുന്നു. മൊത്തത്തിൽ മാതാവിന്റെ വണക്കമാസ ആചരണം രൂപാന്തരീകരണത്തിന്റെയും പുതിയ തുടക്കത്തിന്റെയും പ്രതീകമായിരുന്നു. നമ്മുടെ നാട്ടിലും ഏറ്റവും ഭക്തിയോടുകൂടി, താൽപര്യത്തോടുകൂടി വണക്കമാസാചരണം നടത്തിയിരുന്നു. പഴമക്കാർ ഒണക്കമാസം എന്നൊക്കെ തെറ്റായി ഉച്ചരിച്ചിരുന്നുവെങ്കിലും അവരുടെ ഹൃദയത്തിൽ വിശ്വാസത്തിന്റെ നല്ല പച്ചപ്പ് ഉണ്ടായിരുന്നു. മാതാവിനോടുള്ള വണക്കത്തിന് നല്ല ആഴവും ഉണ്ടായിരുന്നു. വണക്കമാസ കടശിയിൽ അയൽപക്കമെല്ലാം ചേർന്ന് കൊന്ത ചൊല്ലുകയും പാട്ടുപാടുകയും ചെയ്യുന്ന നല്ല കാലങ്ങൾ ഓർത്തെടുക്കുക. ഇപ്പോൾ മാസവണക്ക ആചാരങ്ങൾക്ക് അവ അർഹിക്കുന്ന പ്രാധാന്യം നമ്മൾ കൊടുക്കുന്നുണ്ടോ!
മെയ്മാസത്തിൽ ചെയ്യാവുന്ന ഏതാനും ഭക്താഭ്യാസങ്ങൾ ഓർമ്മയിലേക്കു കൊണ്ടുവരുന്നതു നല്ലതാണ്:

ഒന്ന്: ശനിയാഴ്ച മാതാവിനോടുള്ള പ്രത്യേക ഭക്തിയുടെ ദിനമായിട്ട് ആചരിക്കുക. പള്ളിയിൽ മാത്രമല്ല വീടുകളിലും ഈ ഓർമ്മ വേണം. ഫാത്തിമയിൽ മാതാവ് നൽകിയ സന്ദേശങ്ങളിൽ ഒന്ന് ശനിയാഴ്ചകൾ അമ്മയ്ക്ക് സമർപ്പിക്കപ്പെടണമെന്നായിരുന്നു.

രണ്ട്: കുടുംബപ്രാർത്ഥനയുടെ പ്രാധാന്യം വീണ്ടെടുക്കണം. പന്ത്രണ്ടാം പീയൂസ് പാപ്പ പറയുന്നതുപോലെ കുടുംബാംഗങ്ങൾ ഒരുമിച്ച് കൊന്ത ചൊല്ലുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന കാഴ്ച ദൈവത്തിന് ഏറ്റവും പ്രിയപ്പെട്ട കാഴ്ചയാണ്. ഇപ്പോൾ വല്ലാത്ത തിരക്കിൽപ്പെട്ട് നമ്മൾ തിരക്കുമൂലം മാറ്റിവയ്ക്കുന്ന ഒന്നായി കുടുംബപ്രാർത്ഥന മാറിയിട്ടുണ്ട്. നിങ്ങളുടെ വീട്ടിൽ കൃത്യമായി കുടുംബാംഗങ്ങൾ എല്ലാവരും ചേർന്ന് കുടുംബപ്രാർത്ഥന നടത്താറുണ്ടോ?

മൂന്ന്: യാമപ്രാർത്ഥനകൾക്കായി പള്ളിമണി മുഴങ്ങുമ്പോൾ കൃത്യമായി യാമപ്രാർത്ഥന ചൊല്ലിയിരുന്ന പാരമ്പര്യമാണ് നമ്മുടേത്. ഇപ്പോൾ പള്ളിമണി മുഴങ്ങിയിട്ടും നമ്മൾ ഒന്നും കേൾക്കുന്നില്ല. യാമപ്രാർത്ഥനകൾ ചൊല്ലാറില്ല. യാമപ്രാർത്ഥനകളൊക്കെ ചൊല്ലുവാൻ മറന്നു പോകുന്നവരാണോ നമ്മളെന്ന് സ്വയം ചോദിക്കുക.

നാല്: പണ്ടൊക്കെ മെയ്മാസം മുഴുവൻ മാതാവിന്റെ തിരുസ്വരൂപം അലങ്കരിക്കുന്ന രീതി ഉണ്ടായിരുന്നു. അതിൽ നിഷ്കളങ്കത ഉണ്ടായിരുന്നു. Mary's Altar എന്നപേരിൽ യൂറോപ്യൻ രാജ്യങ്ങളിൽ മാതാവിനായി വീടുകളിൽ പ്രത്യേകം ഒരു വണക്കത്തിനുള്ള ഇടം ഉണ്ടാക്കിയെടുക്കുമായിരുന്നു. അവിടെ പൂക്കൾകൊണ്ട് നിറയ്ക്കുകയാണ് കുഞ്ഞുങ്ങൾ ചെയ്യുക. മെയ്മാസത്തിൽ നാടൻ പൂക്കൾകൊണ്ട് മാതാവിനെ അലങ്കരിക്കുന്ന രീതി നമുക്കും ഉണ്ടായിരുന്നു. മെയ്മാസത്തിലെങ്കിലും മാതാവിനോടുള്ള കുടുംബത്തിന്റെ സ്നേഹവും ഭക്തിയും താല്പര്യവും പ്രകടിപ്പിക്കുക. കുടുംബയൂണിറ്റ് അംഗങ്ങൾ ഒരുമിച്ചുള്ള മെയ്മാസ ഭക്ത്യാദര രീതികൾ നടത്തുന്നതും നന്നായിരുന്നു.

അഞ്ച്: മാതാവ് തിടുക്കപ്പെട്ട് മറ്റുള്ളവരെ സഹായിക്കാൻ ഓടിയെത്തി, നിരാശയുള്ളവരെ പ്രത്യാശ നൽകി ശക്തരാക്കി, വീടില്ലാത്തവർക്ക് വീടായി മാറി, കുറവുള്ളവർക്ക് നിറവ് നൽകി. അങ്ങനെയാണെങ്കിൽ ഈ മാസത്തിലെങ്കിലും അമ്മയെപ്പോലെ എന്തെങ്കിലും നന്മനിറഞ്ഞ കാര്യങ്ങൾ ചെയ്യാൻ സമയം കണ്ടെത്തുക.

ആറ്: യൂറോപ്യൻ രാജ്യങ്ങളിലും മറ്റും മെയ്മാസം തീർത്ഥാടനത്തിന്റെ മാസംകൂടിയാണ്. പ്രത്യേകിച്ചും മാതാവിന് പ്രതിഷ്ഠിക്കപ്പെട്ട പള്ളികളിലേക്ക് തീർത്ഥാടനം നടത്തും. ഇതിനെക്കുറിച്ച് ചിന്തിക്കാവുന്നതേയുള്ളൂ.

ഏഴ്: മാതാവ് തിരുക്കുടുംബം ഒരുക്കി അവിടെ യേശുവിനെ വളർത്തി. മാതാവിന്റെ മാസത്തിൽ നമ്മുടെ കുടുംബങ്ങളൊക്കെ തിരുക്കുടുംബങ്ങൾ പോലെയാണോ എന്നാലോചിക്കുക. ഐക്യവും സ്നേഹവും ഒരുമിച്ചുള്ള പ്രാർത്ഥനയും ഒരുമിച്ചുള്ള ഭക്ഷണവും, കരുതൽ, കരുണ എന്നിവയും നമ്മുടെ വീടുകളിൽ ഉണ്ടോയെന്ന് ആത്മാർത്ഥമായി വിലയിരുത്തേണ്ട സമയം കൂടിയാണ് ഈ മെയ്മാസം.

ചോദ്യങ്ങൾ

.....

1.പണ്ടത്തെ പ്രാധാന്യം മെയ്മാസാചരണത്തിന് നാം നൽകുന്നുണ്ടോ?

2.മെയ്മാസാചരണം കൂടുതൽ നന്നാക്കാൻ എന്തൊക്കെ ചെയ്യാനാവും?

ജീവദീപ്തിയിലെ പരസ്യങ്ങൾക്കും വരിസംഖ്യകൾക്കും വേണ്ടിയുള്ള പണം ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782 IFSC FDRL0001004